JEEVA MOZHIKAL RNI/KERBIL/-2003/21404
November 2013 www.jeevamozhikal.org
Annual Contribution Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-10-2013

## സ്വർണ്ണവും വെള്ളിയും ചെമ്പും നിക്കലും

**യെ**ഹൂദാ റബി റെബ് മോട്ടേൽ തന്നെ കാണാൻ വന്ന ദൈവഭക്തനായ ചെറുപ്പക്കാരനോട് അവന്റെ ദിനചര്യകൾ തിരക്കി. അവൻ പറഞ്ഞു: "പച്ചക്കറി സാധനങ്ങൾ വാങ്ങി വിറ്റുജീവിക്കുന്നവനാണു ഞാൻ. അതുകൊണ്ട് ഉണരുമ്പോൾ നേരെ ചന്തയിൽ പോയി അവ വാങ്ങും. പിന്നെ വന്ന് പ്രാർത്ഥിച്ചിട്ട് അവ വിൽക്കാൻ പോകും".

"ആദ്യം തന്നെ പ്രാർത്ഥിക്കാൻ സമയം എടുത്തിട്ടു സാധനം വാങ്ങാൻ പോയാൽ പോരേ?"

റബി ചോദിച്ചു.

"അപ്പോൾ നല്ല പച്ചക്കറികൾ തീർന്നുപോകും. പിന്നെ മോശമായതേ ലഭിക്കുകയുള്ളൂ"-മറുപടി.

ഉടനെ റബി ഒരു കഥ പറഞ്ഞു. ഒരാൾ തന്റെ സമ്പാദ്യങ്ങളെല്ലാം പല സഞ്ചികളിലായി കെട്ടിവച്ചു.ആദ്യസഞ്ചിയിൽ സ്വർണനാണയങ്ങൾ. രണ്ടാമത്തേതിൽ വെള്ളി. മൂന്നാമത്തെ സഞ്ചിയിൽ നിക്കൽ. ഒടുവിലത്തെ സഞ്ചിയിൽ ചെമ്പു നാണയങ്ങൾ. അയാൾ പണവുമായി നാട്ടിലേക്കു പോകുന്ന വഴിക്ക് ഒരു സത്രത്തിൽ എത്തി. ഉറങ്ങുന്നതിനു മുമ്പ് അയാൾ തന്റെ നാലു സഞ്ചികളും സത്രം ഉടമയെ സൂക്ഷിക്കാനേൽപ്പിച്ചു.

അടുത്ത ദിവസം പോകുന്നതിനു മുൻപ് സത്രം ഉടമ സഞ്ചികൾ വഴിയാത്രക്കാരനെ തിരിച്ചേൽപ്പിച്ചു. അയാൾ അപ്പോൾ ആദ്യസഞ്ചി തുറന്നു സ്വർണ്ണനാണയങ്ങൾ എല്ലാം എണ്ണിനോക്കി. അതു കൃത്യം. തുടർന്ന് വെള്ളി, നിക്കൽ, ചെമ്പ് നാണയങ്ങളുടെ സഞ്ചികളും തുറന്ന് എണ്ണി. അവയും കൃത്യം.അയാൾക്കു തൃപ്തിയായി.

ഇതെല്ലാം കണ്ടു നിന്ന സത്രം ഉടമ ചോദിച്ചു "സുഹൃത്തേ, താങ്കൾ സ്വർണനാണയം എണ്ണിനോക്കിയപ്പോൾ കൃത്യമാണെന്നു കണ്ടിട്ടും വെള്ളി, നിക്കൽ, ചെമ്പ് നാണയങ്ങളുടെ സഞ്ചികൾ എണ്ണിയതെന്തിന്? എന്നെ വിശ്വസിക്കാഞ്ഞതെന്ത്?"


കഥ ഇവിടെ തീർന്നു. ഇതു പറഞ്ഞിട്ട് റബി ചെറുപ്പക്കാരനോടു പറഞ്ഞു: "നോക്കൂ, ഒരോ ദിവസവും രാവിലെ നിങ്ങൾ ഉണരുമ്പോൾ നിങ്ങൾ എന്താണു കാണുന്നത്?- നിങ്ങൾ ആത്മാവിലും ശരീരത്തിലും സുഖമായി ആരോഗ്യത്തോടെ ഇരിക്കുന്നു എന്നതാണ്. ഇതു സ്വർണ്ണവും വെള്ളിയും പോലെയാണ്. അതു ദൈവം കൃത്യമായി തന്നെങ്കിൽ ജീവസന്ധാരണത്തിനുള്ള കാര്യങ്ങൾ-അതു നിക്കലും ചെമ്പും പോലെയാണ്-ദൈവം തരുമെന്നു വിശ്വസിക്കരുതോ? അങ്ങനെയെങ്കിൽ ആദ്യം പ്രാർത്ഥിച്ചിട്ട് സാധനങ്ങൾ വാങ്ങാൻ പോയാൽ പോരേ?" (മത്തായി 7:9-11)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 11 – ലക്കം 11 നവംബർ 2013



പ്രവൃത്തിയിലുള്ള ശുഷ്ക്കാന്തി – ഏലിയാസ് ആസ്‌ലാക്സൻ

സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ

JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ 6: 68)*
വാല്യം 11 നവംബർ 2013 ലക്കം 11

**വാർഷിക സ്വമേധ സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :
**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ 0481 - 2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

## ഒറ്റനോട്ടത്തിൽ

### തോട്ടത്തെ സൂക്ഷിക്കുക

*നാം തോട്ടത്തെ പരിപോഷിപ്പിക്കുകയും നല്ല ബന്ധത്തെ സൂക്ഷിക്കുകയും ചെയ്യുന്നത് എപ്പോൾ അവഗണിക്കുന്നുവോ അപ്പോൾ ആ തോട്ടം മരുഭൂമിയായി മാറും.*

## മൊഴിമുത്തുകൾ

### പരസ്യം രഹസ്യം




ക്രിസ്ത്യാനിയാണെങ്കിൽ ഒരു വശത്തു നിങ്ങൾ പരസ്യമായി രംഗത്തു വരേണ്ടതുണ്ട്. മറുവശത്ത് ചില ക്രിസ്തീയഗുണങ്ങൾ നിങ്ങൾ പൊതുജനദൃഷ്ടിയിൽ നിന്നു മറച്ചുസൂക്ഷിക്കേണ്ടിയിരിക്കുന്നു. തന്റെ നന്മകളെല്ലാം പരസ്യമായി പ്രദർശിപ്പിക്കുന്ന ക്രിസ്ത്യാനിക്ക് ആഴംകുറവാണ്. പരീക്ഷയുടേയും ശോധനയുടേയും നാളുകളിൽ 'വേരില്ലാത്തതിനാൽ' അവനു നിലനിൽക്കുവാൻ കഴിയാതെ പോകും.

**വാച്ച്മാൻ നീ**

## ലൈഫ് ബോട്ട്

A **Joyful 'toon** by Mike Waters




'ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ....' *(യോഹ 3:17)*

# LEARN TO DISCERN BETWEEN SPIRITUALITY AND RELIGIOSITY

One of the greatest dangers that faces the Christian in his pursuit of a holy life is that of ending up being religious and not spiritual. Religiosity is often mistaken by the undiscerning believer for spirituality. But there is a world of difference between the two. The former is human, the latter is divine. The law could make people religious, but not spiritual. Religiosity is being taken up with the external, visible things. Spirituality is primarily a matter of the heart. God's word warns us that there will be many in the last days who have a form of godliness without its power - in other words, they will be religious, but not spiritual (2 Tim. 3:5). They will go religiously to meetings, pray and read the Bible daily and even attend all-night fasting and prayer meetings, tithe their income, etc. But they will still seek honour from men, live for themselves, love money and be interested in gossiping, etc. Such people are religious, not spiritual. They have a form of godliness without the power. Here are some examples.

- If you are more interested in going to meetings than in crucifying the flesh (Gal. 5:24), you are religious, not spiritual.
- If you are more interested in reading your Bible every morning than in controlling your tongue the whole day, you are religious, not spiritual.
- If you are more interested in fasting and praying than in being free from the love of money, you are religious, not spiritual.
- If you are more interested in evangelism than in personal sanctification, you are religious, not spiritual.
- Religious people are interested in the written word alone (`the letter') and end up having the righteousness of the law. Spiritual people, however, are interested in the Word being manifested in flesh and blood and, thus, end up having the righteousness of God, the divine nature.
- Religious people justify their actions by quoting the words or actions of some man of God. Spiritual people, however, never seek to justify themselves before men.
- Religious people are more interested in men's opinions than in God's opinion. Spiritual people care only about God's opinion.
- Religious people can meditate for years on the words of praise that some elder brother spoke concerning them. Spiritual people, on the other hand, like Jesus, refuse to receive testimony from men (Jn. 5:34). They know that other men do not know the corruption that they see within themselves, and so they realise that the praise of men is worth less than nothing.
- The attitude of mind that thinks "What can I get out of the Lord?" leads to religiosity. On the other hand, the attitude that thinks "What can the Lord get out of the one earthly life that I have?" will lead to true spirituality.
- All the activities of religious people mentioned in the above examples are good. But it is a question of priorities. It is right priorities that make a man spiritual.

**എഡിറ്റോറിയൽ**

# ആന്തരിക പ്രവൃത്തിയിലുള്ള ശുഷ്ക്കാന്തി



'പ്രവർത്തനത്തിലുള്ള ശുഷ്ക്കാന്തി' എന്നു പറയുമ്പോൾ ഇന്നത്തെ ക്രിസ്തീയലോകം മിക്കപ്പോഴും ബാഹ്യമായ പ്രവർത്തനത്തിലുള്ള ശുഷ്ക്കാന്തിയെക്കുറിച്ചു മാത്രമാണു ചിന്തിക്കുന്നത്. ആന്തരികമായ, തങ്ങളിൽ തന്നെയുള്ള, ദൈവത്തിന്റെ ഒരു പ്രവൃത്തിയോടു സഹകരിക്കുന്നതിലുള്ള ശുഷ്ക്കാന്തിയെക്കുറിച്ച് അവർ ചിന്തിക്കുന്നില്ല.

'പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തുനിൽക്കുന്ന' ഒരു പ്രവർത്തനത്തെ അവർ ഗണ്യമാക്കുന്നില്ല. പ്രവർത്തനമെന്നാൽ അതവർക്ക് 'തങ്ങളിലുള്ള' പ്രവർത്തനമല്ല' മറിച്ച് 'തങ്ങളിലൂടെയുള്ള' പ്രവർത്തനമാണ്. 'ദൈവത്തിന്റെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശാപയോഗ്യനാണ്' എന്ന മട്ടിലുള്ള ഒരു വചനം കാണുമ്പോൾ അവർ തങ്ങളിലുള്ള 'ദൈവത്തിന്റ പ്രവൃത്തി'യെക്കുറിച്ചല്ല 'ദൈവത്തിനുവേണ്ടി തങ്ങൾ ചെയ്യുന്ന പ്രവൃത്തികളെ'ക്കുറിച്ചാണ് ചിന്തിക്കുന്നത്.

എന്നാൽ ദൈവം (ത്രിത്വം മുഴുവൻ) പ്രാഥമികമായും നമ്മിൽ ഒരു പ്രവൃത്തി ചെയ്യാനാണ് ആശയോടെ കാത്തിരിക്കുന്നത്. ജഡത്തിന്റെ പ്രവൃത്തികൾ, ലോകസ്നേഹം, സ്വയജീവന്റെ പ്രത്യേകതകൾ എന്നിവയിൽ നിന്ന് നമ്മെ വിടുവിക്കാനാണ് നമ്മിൽ വസിക്കുന്ന 'പരിശുദ്ധാത്മാവ് അസൂയയോടെ കാംക്ഷിക്കുന്നത്'(യാക്കോ. 4:5). സ്വയജീവനെ നിരന്തരം മരണത്തിന് ഏൽപ്പിച്ചുകൊണ്ട് 'പ്രാണത്യാഗത്തോളം' പാപത്തോട് എതിർത്തു നിന്ന' തന്റെ മാതൃക പിൻപറ്റുവാനാണ് പുത്രൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത് (എബ്രാ. 12:4). താൻ സൽഗുണപൂർണ്ണനും, വിശുദ്ധനും ആയിരിക്കയാൽ നമ്മളും അതുപോലെയാകാനാണ് സ്വർഗ്ഗീയപിതാവ് ആഗ്രഹിക്കുന്നത് (മത്തായി 5:48, 1 പത്രോ. 1:16). എന്നാൽ ദൈവത്തിന്റെ ഈ പ്രവർത്തനത്തോട് സഹകരിക്കുന്നതിന് നാം ഒരു വില കൊടുക്കേണ്ടതുണ്ട്. അതിനു മനസ്സില്ലാതെ (ഒരു പക്ഷേ ഇത് ബോധപൂർവ്വമായിരിക്കണമെന്നില്ല) ഒരു എളുപ്പവഴി തേടുന്നതിനാലാണോ പലരും തങ്ങൾക്കു പുറത്തുള്ള ഒരു പ്രവർത്തനത്തിൽ കൂടുതൽ ശുഷ്ക്കാന്തി കാട്ടുന്നതെന്ന് സംശയിക്കണം. അങ്ങനെയുള്ളവരോട് ദൈവത്തിന് പറയാനുള്ളത് ഒന്നാമത് 'എനിക്കു തൃപ്തി വരട്ടെ' (Satisfy me) എന്നായിരിക്കും (ലൂക്കോ. 17:8). 'വെയിൽ ആറിയപ്പോൾ' ആദമിനോടൊപ്പം നടക്കാൻ വന്ന ദൈവം (ഉൽപത്തി 3:8) ഇന്നും നമ്മോടൊരു കൂട്ടായ്മയ്ക്കുവേണ്ടി നമ്മുടെ തിരക്കിട്ട ക്രിസ്തീയപ്രവർത്തനങ്ങളുടെ വെയിൽ ഒന്ന് ആറാൻ കാത്തുനിൽക്കുകയാണോ?

ദൈവത്തിന്,സുവിശേഷപ്രവർത്തകർക്ക് ക്ഷാമമില്ല. എന്നാൽ അനുസരിക്കുന്നവർക്കാണ് ഇന്ന് ദൈവത്തിന് ദൗർലഭ്യമുള്ളത്. പ്രവർത്തനത്തിന്റെ 'ത്യാഗത്തേക്കാൾ നല്ലത് അനുസരണമാണ്' എന്ന ദൈവവചനം (1 ശമുവേൽ 15:22) ഇന്നു സത്യത്തിൽ ശ്രദ്ധിക്കപ്പെടാതെ പോവുകയാണ്. ഗൃഹവിചാരകന്മാരിൽ ദൈവം അന്വേഷിക്കുന്നത് അവർ വിശ്വസ്തരായിരിക്കണം (ഓടി നടന്ന് ഒട്ടേറെ കാര്യങ്ങൾ ചെയ്യാതെ യജമാനൻ പറയുന്നത് മാത്രം ചെയ്യുന്നവരായിരിക്കണം) എന്നാണല്ലോ. (1 കൊരി. 4:2). ജഡത്തിന്റെയും സ്വയത്തിന്റെയും ജീർണതകളെക്കുറിച്ച് വെളിച്ചംകിട്ടി കൂടുതൽ പ്രകാശത്തിലേക്ക് വരുന്ന പ്രവൃത്തിയെ ദൈവത്തിൽ ചെയ്യുന്ന പ്രവൃത്തി (യോഹ 3:21) എന്ന് വിശേഷിപ്പിച്ചിരിക്കുന്നതും ശ്രദ്ധിക്കുക.

ആന്തരികമായ ഈ പ്രവൃത്തി, പാപം, സ്വയജീവൻ തുടങ്ങിയവയുടെ മേൽ ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയജീവിതത്തെയാണ് ഉന്നം വയ്ക്കുന്നത്. ഈ ആന്തരികമായ പണിയെക്കുറിച്ചു പറയുമ്പോൾ ഇത് നമ്മുടെ ഒരു പ്രവൃത്തിയാണെന്ന് തെറ്റിദ്ധരിക്കരുത്. പക്ഷേ അവിടുന്ന് നമ്മിൽ ചെയ്യുന്ന ആന്തരികമായ പ്രവൃത്തിയോട് അവിടുത്തെ സഹപ്രവൃത്തിക്കാർ എന്ന നിലയിൽ നാം സഹകരിക്കേണ്ടതുണ്ട്.

ദൈവമാണ് നമ്മിൽ ഒരു പ്രവൃത്തി ചെയ്യുന്നത്, അതേ സമയം നാം ഇതിനോട് സഹകരിക്കേണ്ടതുണ്ട് എന്നെല്ലാം പറയുമ്പോൾ ഇത് പൂർണ്ണമായും ദൈവം ചെയ്യുന്ന ഒരു പ്രവൃത്തിയാകുന്നതെങ്ങനെ എന്ന് സംശയിക്കുന്നവരുണ്ടാകാം. അത് ഇങ്ങനെ വിശദീകരിക്കാം: കാൽവറി ക്രൂശിലെ യേശുവിന്റെ പ്രഖ്യാപനം നിവൃത്തിയായി (it is finished) എന്നതായിരുന്നല്ലോ. അർത്ഥം, രക്ഷണ്യപ്രവർത്തി സംബന്ധിച്ച് എല്ലാ കാര്യങ്ങളും പൂർത്തിയായിരിക്കുന്നു. അതിനോട് നമുക്ക് ഒന്നും കൂട്ടിച്ചേർക്കാൻ സാധ്യമല്ല. പാപത്തിൽനിന്നുള്ള പൂർണ്ണരക്ഷ സംബന്ധിച്ചും വിജയകരമായ ഒരു ജീവിതം സംബന്ധിച്ചും വേണ്ടതെല്ലാം അവിടുന്നു നിവർത്തിച്ചു കഴിഞ്ഞിരിക്കുന്നു. ഇതാണ് സത്യം. എന്നാൽ ഇതൊരു വസ്തുനിഷ്ഠമായ സത്യമാണ് (objective truth). ഇതിനെ ആത്മനിഷ്ഠമായ ഒരു യാഥാർത്ഥ്യമായി (subjective reality) നാം മാറ്റേണ്ടതുണ്ട്.

വസ്തുനിഷ്ഠമായ സത്യം ഇങ്ങനെയായിരിക്കുമ്പോൾതന്നെ ഇത് നമ്മെ സംബന്ധിച്ച് യാഥാർത്ഥ്യമായി തീരാൻ നാം ദൈവപ്രവൃത്തിയോട് സഹകരിക്കേണ്ടിയിരിക്കുന്നു. മനുഷ്യനും ദൈവവും തമ്മിലുള്ള എല്ലാ കാര്യങ്ങളും ഇങ്ങനെയാണല്ലോ. ഉദാഹരണത്തിന് ഒരുവൻ രക്ഷിക്കപ്പെടുന്ന കാര്യം തന്നെ എടുക്കുക. ലോകത്തിലുള്ള എല്ലാ മനുഷ്യരുടേയും രക്ഷയ്ക്കുവേണ്ടിയാണ് യേശു കാൽവറിയിൽ മരിച്ചത്. എന്നാൽ ലോകത്തിലെ സകല മനുഷ്യരും രക്ഷിക്കപ്പെടുന്നില്ലല്ലോ. മറിച്ച് യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത ബലിയിൽ വിശ്വസിച്ച് അനുതാപത്തോടെ അത് ഏറ്റെടുക്കുന്നവരാണ് രക്ഷ കരഗതമാക്കുക. ഇതുപോലെ വിജയകരമായ ജീവിതവും എല്ലാ വിശ്വാസികൾക്കുമുള്ള വാഗ്ദാനമാണ്. എന്നാൽ അത്തരം ഒരു ജീവിതത്തെക്കുറിച്ച് കേൾക്കുകയും വിശ്വസിക്കുകയും അതിനായി സമർപ്പിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചു മാത്രമേ അത് യാഥാർത്ഥ്യമായി തീരുന്നുള്ളൂ.

രണ്ടു വാക്യങ്ങൾ നോക്കാം. കൊലോസ്യർ 3:3 ഉം 3:5 ഉം. 3:3 ൽ 'നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു' എന്ന് കാണുന്നു. ഇതേ സമയം 3:5 ൽ 'ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം, ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ' എന്ന് വായിക്കുന്നു. ഒരിടത്തു മരിച്ചു എന്നും മറ്റൊരിടത്ത് നാം മരിപ്പിക്കണം എന്നുമാണ് കാണുന്നത്. ഇവ തമ്മിൽ എങ്ങനെ ചേർന്നുപോകും? ഇവ പരസ്പര വിരുദ്ധമല്ലേ? അല്ല.

നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എന്നതും അടക്കപ്പെട്ട്

*(ശേഷം പേജ് 13 ൽ)*



സന്ദേശം

# പ്രവൃത്തിയിലുള്ള ശുഷ്ക്കാന്തി

**ഏലിയാസ് ആസ്‌ലാക്സൻ**

"യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ" (യിരെമ്യാവ് 48:10).

മറ്റുള്ളവർക്ക് ഒരു നല്ല ധാരണ നൽകുന്ന കാര്യത്തിലോ,പണസമ്പാദന കാര്യത്തിലോ, ബഹുമാനം ലഭിക്കുന്നതിലോ ആളുകൾ ശുഷ്ക്കാന്തിയുള്ളവരാണ്.എന്നാൽ ദൈവത്തെ പ്രസാദിപ്പിക്കുവാനും, സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാക്കുവാനും, സഹോദരനു പ്രയോജനമുള്ളവനായിരിക്കാനും ശുഷ്ക്കാന്തികാണിക്കുന്നവർ തുലോം വിരളമാണ്. നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ ആത്മാവിനു നേരെ വിരുദ്ധമാണ് ശുഷ്ക്കാന്തിയുള്ളവരായിക്ക എന്നത്. വിശ്വാസികൾപോലും ഈ ലോകത്തിന്റെ ആത്മാവിനാൽ സ്വാധീനിക്കപ്പെട്ടവരായി അവരുടെ പണിസ്ഥലങ്ങളിലും ഓഫീസുകളിലും എത്രയും കുറച്ചു മാത്രം ജോലി ചെയ്യുന്നവരായിത്തീർന്നിരിക്കുന്നു.



*അലസതയുടെ ആത്മാവിനാലാണ് സാത്താൻ ലോകത്തിലെ ജനലക്ഷങ്ങളെ അടക്കി ഭരിക്കുന്നത്*

**പൂർണ്ണഹൃദയത്തോടെ നന്മ മാത്രം ചെയ്യാൻ ആഗ്രഹിക്കുന്ന വിശ്വാസികളെ 'തന്നെത്തന്നേ രക്ഷിക്കാൻ പരിശ്രമിക്കുന്നവർ' എന്നു വിളിച്ച് പരിഹസിക്കുന്ന കാലമാണിന്ന്.എങ്കിലും അപ്പോസ്തലന്മാരും പ്രവാചകന്മാരും നമ്മെ പ്രബോധിപ്പിക്കുന്നതെന്താണ്? 'സകല ഉത്സാഹവും കഴിക്കുക....ശുഷ്ക്കാന്തിയുള്ളവരായിരിക്ക...നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുക...ഓടുക...യുദ്ധം ചെയ്യുക........പിടിച്ചുകൊള്ളുക.....മുന്നോട്ട് ആയുക.....പിൻതുടരുക.....അലസരാകാതിരിക്കുക....' തുടങ്ങിയ കാര്യങ്ങളാണവ**

അലസതയുടെ ആത്മാവ് അനേകം സഭകളെ തകർത്തിരിക്കുന്നു. ക്രിസ്തീയലോകത്തിൽ ഇന്ന് പ്രസംഗങ്ങളിലും പാട്ടുകളിലും എല്ലാംകൂടി മുഴങ്ങികേൾക്കുന്ന കാര്യങ്ങളുടെ രത്നചുരുക്കം 'നാം യാതൊന്നും പ്രവർത്തിക്കയില്ല' എന്നതായിരിക്കുന്നു.

നമ്മെ നശിപ്പിക്കുക എന്ന ഏക ലക്ഷ്യത്തോടുകൂടിയാണ് സാത്താൻ പ്രവർത്തിക്കുന്നത്. അവൻ നാശകൻ തന്നെ. 'വേലയിൽ മടിയനായവൻ മുടിയന്റെ സഹോദരൻ' (സദൃശവാക്യങ്ങൾ 18:9). പിശാചുമായി ഇതുപോലെയുള്ള ഒരു ബന്ധം ഒരിക്കലും അഭികാമ്യമല്ലല്ലോ. യേശുവിനെ നശിപ്പിക്കുവാൻ ആഗ്രഹിച്ച പിശാച് തിരുവചനം ഉപയോഗിച്ചു.ഇന്നും അവൻ നമ്മോട് ഇങ്ങനെ തന്നെ പെരുമാറുന്നു. 'എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴികയില്ല' (യോഹ. 15:5) എന്ന യേശുവിന്റെ സത്യമായ വചനങ്ങൾ വ്യാജമായി ഉപയോഗിച്ച് ഇന്നത്തെ വിശ്വാസികളുടെ ഇടയിൽ നാശകരമായ ഒരു ചിന്ത അവൻ തിരുകി കയറ്റിയിട്ടുണ്ട്. യേശുവിന്റെ വാക്കുകളെ കോട്ടിക്കളഞ്ഞ് 'ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴികയില്ല' തുടർന്ന് 'ഞങ്ങൾ ഒന്നും ചെയ്കയില്ല' എന്ന് അവൻ അനേകരെ വിശ്വസിപ്പിച്ചിരിക്കുന്നു.

വെറുക്കപ്പെടേണ്ട ഈ ഉപദേശത്തിന്റെ വ്യാപ്തിമൂലം, പൂർണ്ണഹൃദയത്തോടെ നന്മ മാത്രം ചെയ്യാൻ ആഗ്രഹിക്കുന്ന വിശ്വാസികളെ 'തന്നെത്തന്നേ രക്ഷിക്കാൻ പരിശ്രമിക്കുന്നവർ' എന്നു വിളിച്ച് പരിഹസിക്കുന്ന കാലമാണിന്ന്.എങ്കിലും അപ്പോസ്തലന്മാരും പ്രവാചകന്മാരും നമ്മെ പ്രബോധിപ്പിക്കുന്നതെന്താണ്? 'സകല ഉത്സാഹവും കഴിക്കുക....ശുഷ്ക്കാന്തിയുള്ളവരായിരിക്ക...നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുക...ഓടുക...യുദ്ധം ചെയ്യുക........പിടിച്ചുകൊള്ളുക.....മുന്നോട്ട് ആയുക.....പിൻതുടരുക.....അലസരാകാതിരിക്കുക....' തുടങ്ങിയ കാര്യങ്ങളാണവ.

അലസതയുടെ ആത്മാവിനാലാണ് സാത്താൻ ലോകത്തിലെ ജനലക്ഷങ്ങളെ അടക്കി ഭരിക്കുന്നത്. സത്യസന്ധതയോടും ആത്മാർത്ഥതയോടും പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരെ അലസചിത്തർ പീഡിപ്പിക്കുന്നു. ശുഷ്ക്കാന്തിയുള്ള ഏവരേയും ആളുകൾ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. നരകത്തിൽനിന്നുള്ള ഒട്ടും മായം ചേരാത്ത ഈ വിഷത്തിന്റെ വക്താക്കൾ ദൈവമക്കളുടെ സഭകളിലും ഉണ്ടെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ സത്യം.

ഹൃദയപൂർവ്വം നന്മ ചെയ്‌വാൻ ആഗ്രഹിക്കുന്ന എല്ലാവരേയും ഞാൻ ഉത്സാഹിപ്പിക്കട്ടെ: 'നമുക്ക് ഒന്നും ചെയ്യേണ്ടതില്ലെന്ന ഈ വിഷലിപ്തമായ ഉപദേശത്തെ, ഈ വ്യാജമായ സ്വതന്ത്രചിന്തയെ, ആട്ടിപ്പായിക്കുക'. ഈ ഉപദേശത്തെ നിങ്ങളുടെ ഹൃദയത്തിൽനിന്നും,





വീട്ടിൽനിന്നും, സഭയിൽനിന്നും പുറത്താക്കുക.അപ്പോസ്തലന്മാർ ചെയ്ത കാര്യങ്ങൾ ചെയ്യാൻ ശുഷ്ക്കാന്തിയുള്ളവരായിരിക്കുക. ക്രിസ്തുവിന്റെ ഉപദേശവും, വിശ്വാസത്തിന്റെ വാക്കുകളും, പത്ഥ്യോപദേശവുംകൊണ്ട് ദേശത്തെ നിറയ്ക്കുകയാണ് അവർ ചെയ്തത്.

ശരിയായ അർത്ഥത്തിലും ആത്മാവിലും തിരുവചനത്തിൽ ഉപയോഗിച്ചിരിക്കുന്ന 'നമുക്കു കഴികയില്ല' എന്ന ഓരോ പദത്തിനും,അതേ ശരിയായ അർത്ഥത്തിലും ആത്മാവിലും 'നാം ചെയ്യേണ്ടതും, നമുക്കു ചെയ്യാൻ കഴിയുന്നതുമായ' ഒരായിരം വാക്കുകൾ കാണിക്കാൻ കഴിയും. 'നമുക്കു കഴികയില്ല' എന്ന ആ ഒരൊറ്റ പദം പ്രസംഗിക്കുന്നതിലാണ് അനേകർ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. തന്നെത്താൻ നശിപ്പിക്കാൻ ആഗ്രഹിക്കാത്തവർ രക്ഷിക്കപ്പെടേണ്ടതിനായി മറ്റെ ആയിരം വാക്കുകൾ (നമുക്കു ചെയ്യാൻ കഴിയുന്നതും ചെയ്യേണ്ടതും) നാം ശക്തിയോടെ പ്രസംഗിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

'സൽപ്രവൃത്തികളിൽ നാം ശുഷ്ക്കാന്തിയുള്ളവരായിരിക്കണം' എന്നു തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നു (തീത്തോ. 2:14, 15). നാം ചെയ്യുന്ന എല്ലാ കാര്യങ്ങളും - അവ ഏതു തരത്തിലുള്ളവയാണെന്നും, അവ എത്രമാത്രം മൂല്യമുള്ളവയാണെന്നും മാത്രമല്ല അവയുടെ സംഖ്യയും - ദൈവം സശ്രദ്ധം വീക്ഷിക്കുന്നു എന്ന കാര്യം നിങ്ങൾ വിശ്വസിക്കുന്നുവോ? ദൈവം പറഞ്ഞ കാര്യങ്ങൾ ഗൗരവമുള്ള കാര്യങ്ങളാണെന്നും പൊള്ളയായ വാക്യങ്ങളല്ലെന്നും നിങ്ങൾ വിശ്വസിക്കുന്നുവോ? നിങ്ങൾ ശുഷ്ക്കാന്തിയുള്ളവരാണോ? എങ്കിൽ ഏതു കാര്യങ്ങളിലാണ് നിങ്ങളുടെ ശുഷ്ക്കാന്തി?

**അനുസരണത്തിന്റെ പ്രവൃത്തികളെക്കുറിച്ചുള്ള പ്രബോധനങ്ങൾ കേൾക്കുവാൻ ഇഷ്ടപ്പെടാത്തവർ ദാസിയുടെ മക്കളാണ്. അവരെ പുറത്താക്കുക എന്നാണ് തിരുവചനം പറയുന്നത് . നാം നിരന്തരമായ പ്രവൃത്തി, ശുഷ്ക്കാന്തി, ഇന്ദ്രിയജയം, ന്യായവിധി, സ്വയത്തിനു മരണം എന്നീ കാര്യങ്ങളെക്കുറിച്ചു നിരന്തരം പ്രസംഗിക്കുന്നതിനാൽ അവർ സ്വയം ഓടിപ്പോകുകതന്നെ ചെയ്യും. ഈവിധ കാര്യങ്ങൾ ദാസിയുടെ മക്കളെ സംബന്ധിച്ചിടത്തോളം ഭയാനകമായ കാര്യങ്ങളത്രേ.**

പ്രാർത്ഥിക്കുന്നതിലും, ദൈവികപ്രമാണങ്ങളും കല്പനകളും ധ്യാനിക്കുന്നതിലും, സാക്ഷിക്കുന്നതിലും, വിശപ്പുള്ള ആത്മാക്കളെ സന്ദർശിക്കുന്നതിലും, ഉത്സാഹിപ്പിക്കുന്ന കത്തുകളെഴുതുന്നതിലും, ദരിദ്രരേയും, രോഗികളേയും, വിധവമാരേയും അനാഥരേയും കരുതുന്നതിലും, അതിഥിസൽക്കാരത്തിലും, മറ്റുള്ളവരുടെ ആവശ്യത്തിന് ഉതകേണ്ടതിന് അനാവശ്യമായ എല്ലാ സ്വന്ത ആവശ്യങ്ങളും നിഷേധിക്കുന്നതിലും, കഴിവുള്ള എല്ലാ കാര്യത്തിലും ത്യാഗപൂർണ്ണമായ മനോഭാവത്തോടെ സഹോദരന്മാരെ സേവിക്കുന്നതിലും, സഭയ്ക്കു പുറത്തുള്ളവരോട് സ്നേഹം കാട്ടുന്നതിലും, ദൈവത്തിനു നന്ദിയും സ്തുതിയും സ്തോത്രവും കരേറ്റുന്നതിലും, ഭൂമിയിൽ ദൈവം നൽകിയിരിക്കുന്ന ജോലി നന്ദിയോടെ ദൈവത്തിനെന്നവണ്ണം ചെയ്യുന്നതിലും നിങ്ങൾ ശുഷ്ക്കാന്തിയുള്ളവരാണോ? ഈ സാക്ഷ്യം നിങ്ങളെക്കുറിച്ച് പറയാൻ കഴിയുമോ? നിങ്ങൾ രക്ഷിക്കപ്പെട്ട നാളുകളെക്കാൾ ഇന്നു കൂടുതൽ ശുഷ്ക്കാന്തിയുള്ളവനാണോ? ഈ കാല

> ആകയാൽ പകൽ ഉള്ളിടത്തോളം ശുഷ്ക്കാന്തിയുള്ളവരായി കർത്താവിന്റെ വേലയിൽ എല്ലാ രംഗത്തും മുന്നേറിക്കൊണ്ട് നാം നിത്യജീവനെ പിടിച്ചുകൊള്ളുന്നവരായിരിക്കാം. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. നമ്മുടെ അഭ്യസനത്തിന്റെയും ശോധനയുടേയും ദിവസങ്ങൾ വേഗത്തിൽ കഴിയുകയും നാം നിത്യത മുഴുവൻ സ്വസ്ഥത അനുഭവിക്കയും പ്രതിഫലം പ്രാപിക്കയും ചെയ്യും. നമ്മുടെ തലയ്ക്കുമേൽ ശാപം വഹിക്കുന്നതിനുപകരം അനുഗ്രഹവർഷം ഉണ്ടാകേണ്ടതിനായി കർത്താവിന്റെ പ്രവൃത്തിയിൽ ശുഷ്ക്കാന്തിയുള്ളവരായിരിക്കാം . കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരുന്നവരായിരിക്കാം .

ഘട്ടത്തിന്റെ ആത്മാവിനോട് എതിർത്തു നിൽക്കുന്ന മനോഭാവമാണോ നിങ്ങൾക്കുള്ളത്?

ദൈവത്തെ സ്നേഹിക്കുന്നവൻ അവന്റെ കല്പനകൾ കാത്തുകൊള്ളും. അവരെ സംബന്ധിച്ചിടത്തോളം ദൈവത്തെ അനുസരിക്കുന്നതും അവന്റെ പ്രവൃത്തികൾ ചെയ്യുന്നതും അത്യന്തം ആനന്ദദായകമായ കാര്യമത്രേ. എന്നാൽ അത്തരക്കാർ ദൈവഭയമില്ലാത്തവർക്ക് ഒരു പേടിസ്വപ്നവുമാണ്.

അനുസരണത്തിന്റെ പ്രവൃത്തികളെക്കുറിച്ചുള്ള പ്രബോധനങ്ങൾ കേൾക്കുവാൻ ഇഷ്ടപ്പെടാത്തവർ ദാസിയുടെ മക്കളാണ്. അവരെ പുറത്താക്കുക എന്നാണ് തിരുവചനം പറയുന്നത് (ഗലാ.4;30). നാം നിരന്തരമായ പ്രവൃത്തി, ശുഷ്ക്കാന്തി, ഇന്ദ്രിയജയം, ന്യായവിധി, സ്വയത്തിനു മരണം എന്നീ കാര്യങ്ങളെക്കുറിച്ചു നിരന്തരം പ്രസംഗിക്കുന്നതിനാൽ അവർ സ്വയം ഓടിപ്പോകുകതന്നെ ചെയ്യും. ഈവിധ കാര്യങ്ങൾ ദാസിയുടെ മക്കളെ സംബന്ധിച്ചിടത്തോളം ഭയാനകമായ കാര്യങ്ങളത്രേ. ഈ തരത്തിലുള്ള പ്രസംഗങ്ങൾ കപടഭക്തരും അലസരുമായവരെ ഭയപ്പെടുത്തിയേക്കാമെങ്കിലും, അവ ആത്മാവിൽ ദരിദ്രരായവരെ (സ്വതന്ത്രയുടെ മക്കളെ)നിത്യമായ ആശ്വാസത്തിലേക്കും സന്തോഷത്തിലേക്കും സ്വതന്ത്രരാക്കുകതന്നെ ചെയ്യും.

ആകയാൽ പകൽ ഉള്ളിടത്തോളം ശുഷ്ക്കാന്തിയുള്ളവരായി കർത്താവിന്റെ വേലയിൽ എല്ലാ രംഗത്തും മുന്നേറിക്കൊണ്ട് നാം നിത്യജീവനെ പിടിച്ചുകൊള്ളുന്നവരായിരിക്കാം. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. നമ്മുടെ അഭ്യസനത്തിന്റെയും ശോധനയുടേയും ദിവസങ്ങൾ വേഗത്തിൽ കഴിയുകയും നാം നിത്യത മുഴുവൻ സ്വസ്ഥത അനുഭവിക്കയും പ്രതിഫലം പ്രാപിക്കയും ചെയ്യും. നമ്മുടെ തലയ്ക്കുമേൽ ശാപം വഹിക്കുന്നതിനുപകരം അനുഗ്രഹവർഷം ഉണ്ടാകേണ്ടതിനായി കർത്താവിന്റെ പ്രവൃത്തിയിൽ ശുഷ്ക്കാന്തിയുള്ളവരായിരിക്കാം (യെരമ്യ. 48:10 ൽ പറയുംപോലെ). കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരുന്നവരായിരിക്കാം (1 കൊരി. 15:58).

എല്ലാ വ്യാജമായ സ്വതന്ത്രമനഃസ്ഥിതിയും, ജഡത്തിനായുള്ള സ്വാതന്ത്ര്യവും, ഉപരിപ്ലവതയും, ഭോഷ്കും, കാപട്യവും, മുഖസ്തുതിയും, ദുർലാഭവും ഉപേക്ഷിച്ച് വാക്കിലും പ്രവൃത്തിയിലും ദൈവഭയത്തിന്റെ വഴിയിൽ മുന്നേറുക. ജഡത്തിന്റെ എല്ലാ പ്രവൃത്തിക്കുമെതിരെ മരണം പ്രസംഗിക്ക. എല്ലാ സൽപ്രവൃത്തികളും ക്രിസ്തുവിന്റെ ഗുണങ്ങളും, പുകഴ്ചയായതൊക്കെയും, ഇന്ദ്രിയജയവും, സത്യവും നീതിയും പിൻചെല്ലുകയും, ദൈവത്തിന്റെ ശോധനയുടെ അഗ്നിയിൽ നിലനിൽക്കാത്ത എല്ലാറ്റേയും വിധിച്ചു





കൊണ്ടിരിക്കുകയും വേണം.ശോധന കഴിക്കപ്പെടുമ്പോൾ നിലനിൽക്കുന്ന യഥാർത്ഥ സഹോദരസ്നേഹത്തിനായി ഉത്സാഹിക്ക. എല്ലാവിധ അരിഷ്ടതയിൽനിന്നും അധഃപതനത്തിൽനിന്നും നിങ്ങളുടെ ആത്മാവിനേയും മനസ്സിനേയും സ്വതന്ത്രമാക്കുന്ന യഥാർത്ഥമായ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം പിൻതുടരുക. അക്ഷരത്തിലും ആത്മാവിലും ദൈവഹിതപ്രകാരം 'നെറ്റിയിലെ വിയർപ്പൊഴുക്കി' നിങ്ങളുടെ പ്രവൃത്തി ചെയ്യുക. നിർജ്ജീവപ്രവൃത്തികളല്ല, ദൈവജീവനാൽ നിറഞ്ഞുതുളുമ്പുന്നതും നീതിയും കരുണയും നിറഞ്ഞതും ദൈവത്തിൽ ചെയ്തതുമായ പ്രവൃത്തികൾ തന്നെ. മുഴുവനായും ശോധന ചെയ്യുന്ന വെളിച്ചത്തിൽ കൃത്യമായതും, വാസ്തവമായതും അന്വേഷിക്കുക. ഏതായാലും ഒരു ദിവസം നാം ന്യായവിധി അഭിമുഖീകരിക്കേണ്ടിവരും.അതിനാൽ ഇപ്പോഴേ നാം വെളിച്ചത്തിലേക്കു വരുന്നതു തന്നെ ഉത്തമം. എബ്രായർ 12:22, 23 ൽ നാം ഇപ്പോഴേ സകലവും ന്യായം വിധിക്കുന്നവന്റെ മുമ്പിൽ ആയിരിക്കുന്നു എന്നു കാണാം.

വളരെ കുറച്ചു ഭൗതികവസ്തുക്കൾക്കൊണ്ട് തൃപ്തിപ്പെടുക. നമുക്കുവേണ്ടി നാം എത്ര കുറച്ചുമാത്രം ഉപയോഗിക്കുന്നുവോ അത്രയും അധികം മറ്റുള്ളവർക്കായി ശേഷിക്കും. നിങ്ങൾക്കുതന്നേ ലളിതജീവിതവും മറ്റുള്ളവർക്കു സമൃദ്ധിയും ആഗ്രഹിക്കുക. ഇതു ദൈവഭയം ഉള്ളവർക്കു തികച്ചും അനുയോജ്യമായ കാര്യം തന്നെ. നാം സ്വർഗീയപൗരന്മാരാണെന്ന് അവകാശപ്പെടുന്നെങ്കിൽ ഭൗതികമായ കാര്യങ്ങളിൽ നാം അധികം സമയം ചെലവഴിക്കയില്ല.

ചെയ്യാതിരിക്കുക, പോകാതിരിക്കുക, അദ്ധ്വാനിക്കാതിരിക്കുക, സഹിഷ്ണുത ഒഴിവാക്കുക, ബുദ്ധിമുട്ടുകൾ ഒഴിവാക്കുക

> എല്ലാ വ്യാജമായ സ്വതന്ത്രമനഃസ്ഥിതിയും, ജഡത്തിനായുള്ള സ്വാതന്ത്ര്യവും, ഉപരിപ്ലവതയും, ഭോഷ്കും, കാപട്യവും, മുഖസ്തുതിയും, ദുർലാഭവും ഉപേക്ഷിച്ച് വാക്കിലും പ്രവൃത്തിയിലും ദൈവഭയത്തിന്റെ വഴിയിൽ മുന്നേറുക. ജഡത്തിന്റെ എല്ലാ പ്രവൃത്തിക്കുമെതിരെ മരണം പ്രസംഗിക്ക. എല്ലാ സൽപ്രവൃത്തികളും ക്രിസ്തുവിന്റെ ഗുണങ്ങളും, പുകഴ്ചയായതൊക്കെയും, ദൈവത്തിന്റെ ശോധനയുടെ അഗ്നിയിൽ നിലനിൽക്കാത്ത എല്ലാറ്റേയും വിധിച്ചുകാണ്ടിരിക്കുക. ശോധന കഴിക്കപ്പെടുമ്പോൾ നിലനിൽക്കുന്ന യഥാർത്ഥ സഹോദരസ്നേഹത്തിനായി ഉത്സാഹിക്ക. യഥാർത്ഥമായ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം പിൻതുടരുക.

തുടങ്ങി ഒഴിവാക്കുക, ഒഴിവാക്കുക....എന്നുള്ളതാണ് സ്വാഭാവികമനുഷ്യന്റെ ആപ്തവാക്യം. എന്നാൽ നമ്മുടെ ആത്പവാക്യം ജീവിതത്തിൽ അഭിമുഖമായി വരുന്ന എല്ലാറ്റിനേയും ജയാളികളായി നേരിടുക, അവയെ ഒഴിവാക്കാനായി ചുറ്റിനടക്കാതിരിക്കുക എന്നതായിരിക്കട്ടെ. പിൻമാറുന്നവരിൽ ദൈവത്തിനു പ്രസാദം ഇല്ല. സുവിശേഷത്തിന്റെ സത്യം അനുസരിച്ച് നേരെ മുമ്പോട്ട് ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് വിശ്വാസത്തോടും പ്രത്യാശയോടും കൂടി എല്ലാറ്റേയും ജയാളികളായി അതിജീവിക്കുക. അവയെ ഒഴിവാക്കുകയല്ല മറിച്ച് കൃപ പ്രാപിച്ച് അവയിലൂടെ മുന്നേറുകയത്രേ വേണ്ടത്.

സകലവും ഒഴിവാക്കിയിട്ടല്ല, സകലവും സമാപിച്ചിട്ട് (അതിജീവിച്ച്) നാം

നാം ക്രൂശിന്റെ പാതയിലൂടെ നടക്കുന്നത് ഒഴിവാക്കാനാണോ യേശു ആ വഴിയെ പോയത്? ഒരിക്കലും അല്ല! നാം പിൻചെല്ലേണ്ടതിന് കാൽചുവടുകൾ അവൻ വച്ചേച്ചുപോയിരിക്കുന്നു. നാം കയ്പുള്ള പാനപാത്രം കുടിക്കാതിരിക്കേണ്ടതിനാണോ കർത്താവ് അത് കുടിച്ചത്. ഒരിക്കലും അല്ല! നിങ്ങൾ എന്റെ പാനപാത്രം കുടിക്കും നിശ്ചയം എന്നാണ് യേശു പറഞ്ഞത്. നമുക്കു കഷ്ടതകൾ ഒഴിവാകേണ്ടതിനാണോ യേശു കഷ്ടത സഹിച്ചത്. നാം അവനോടു കൂടി കഷ്ടംസഹിച്ചാൽ അവനോടുകൂടി തേജസ്കരിക്കപ്പെടും എന്ന് തിരുവചനം പറയുന്നു.യേശുക്രിസ്തുവിന്റെ ഭാവം തന്നെ നമ്മിലും ഉണ്ടായിരിക്കണം.പ്രാണത്യാഗത്തോളം പോരാടിക്കൊണ്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാനാണ് തിരുവചനം നമ്മെ ഉത്സാഹിപ്പിക്കുന്നത്. യേശുവും അതു തന്നെയാണ് ചെയ്തത്.

ഉറച്ചുനില്ക്കേണ്ടതാണ് (എഫേ. 6:13). ജീവിതാന്ത്യത്തിൽ ഞാൻ എല്ലാം ഒഴിവാക്കി എന്നല്ല, സകലവും നിവൃത്തിയായി എന്ന് സാക്ഷ്യം പറയാൻ കഴിയട്ടെ.

നാം ക്രൂശിന്റെ പാതയിലൂടെ നടക്കുന്നത് ഒഴിവാക്കാനാണോ യേശു ആ വഴിയെ പോയത്? ഒരിക്കലും അല്ല! നാം പിൻചെല്ലേണ്ടതിന് കാൽചുവടുകൾ അവൻ വച്ചേച്ചുപോയിരിക്കുന്നു. നാം കയ്പുള്ള പാനപാത്രം കുടിക്കാതിരിക്കേണ്ടതിനാണോ കർത്താവ് അത് കുടിച്ചത്. ഒരിക്കലും അല്ല! നിങ്ങൾ എന്റെ പാനപാത്രം കുടിക്കും നിശ്ചയം എന്നാണ് യേശു പറഞ്ഞത്. നമുക്കു കഷ്ടതകൾ ഒഴിവാകേണ്ടതിനാണോ യേശു കഷ്ടത സഹിച്ചത്. നാം അവനോടു കൂടി കഷ്ടം സഹിച്ചാൽ അവനോടുകൂടി തേജസ്കരിക്കപ്പെടും എന്ന് തിരുവചനം പറയുന്നു.യേശുക്രിസ്തുവിന്റെ ഭാവം തന്നെ നമ്മിലും ഉണ്ടായിരിക്കണം.

പ്രാണത്യാഗത്തോളം പോരാടിക്കൊണ്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാനാണ് തിരുവചനം നമ്മെ ഉത്സാഹിപ്പിക്കുന്നത്. യേശുവും അതു തന്നെയാണ് ചെയ്തത് (എബ്രാ. 12:1. 4). ന്യായപ്രമാണത്തിന്റെ നീതി യേശുവിൽ നിവൃത്തിയായതിനാൽ നമ്മുടെ കാര്യത്തിൽ അത് നിവൃത്തിയാകേണ്ടതില്ലേ? തീർച്ചയായും. ദൈവം പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചത് ന്യായപ്രമാണത്തിന്റെ നീതി നമ്മിൽ നിവൃത്തിയാകേണ്ടതിനു തന്നേ (റോമർ 8:3, 4). യേശു സത്യവാനും, സ്നേഹസമ്പൂർണ്ണനും, നീതിമാനും, ദയാലുവും, ക്ഷമാശീലനും, സൗമ്യതയുള്ളവനും, ജ്ഞാനമുള്ളവനും ആയിരുന്നതിനാൽ നമുക്ക് അവനെപ്പോലെ ആകേണ്ട ആവശ്യമില്ലയോ?നമുക്ക് ഒരു ഭാരവും ഇല്ലാതിരിക്കാനാണോ അവൻ സകലഭാരത്തെയും, സകല മനുഷ്യരെയും വഹിച്ചത്? ഒരിക്കലും അല്ല.

നാം അവൻ നടന്നതുപോലെ നടക്കേണ്ടതിനും, അവനെപ്പോലെ ആയിത്തീരുന്നതിലൂടെ തന്റെ കാന്തയാകുന്നതിനും ആവശ്യമായ കൃപ നമുക്ക് ലഭ്യമാക്കുന്നതിനായിട്ടാണ് യേശു നമുക്കു മുന്നോടിയായി ഈ വഴിയിലൂടെയെല്ലാം കടന്നുപോയത്. എന്നാൽ ക്രിസ്തീയജീവിതത്തിൽ എല്ലാ കാര്യങ്ങളും സ്വമനസ്സാലെ ചെയ്യേണ്ടവയത്രേ. നിങ്ങൾക്കു വേണമെങ്കിൽ കഷ്ടത ഒഴിവാക്കുന്ന പാത തിരഞ്ഞെടുക്കാം. എന്നാൽ യേശുവിനെപ്പോലെ ആകുന്ന കാര്യവും അപ്പോൾ നിങ്ങൾ ഒഴിവാക്കുകയാകും ചെയ്യുക!

❖





ഇത്തിരിവെട്ടം

# സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു

പഴയനിയമത്തിൽ അത്യധികം ദൈവഭയമുള്ള ഒരു ജീവിതം നയിച്ചിരുന്നവരെ നമുക്കു കാണാൻ കഴിയും. ഏലിയാവ് സ്ത്രീകളോട് മാന്യത ഇല്ലാതെ പെരുമാറുന്നതായോ, സ്നാപകയോഹന്നാൻ പണത്തിന്റെ പുറകേ പരക്കം പായുന്നതായോ, മോശ ലോകത്തിന്റെ മാനം അന്വേഷിക്കുന്നതായോ ഭാവനയിൽ കാണാൻ പോലും പ്രയാസമാണ്. അതിനാൽ മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നു സ്വതന്ത്രരായി എന്ന കാരണത്താൽ നാം പുതിയനിയമത്തിലേക്ക് പ്രവേശിച്ചു എന്ന് അർത്ഥമാകുന്നില്ല.

പഴയനിയമകാലത്ത് തിരുവചനസംബന്ധമായ ഒരു പ്രസിദ്ധീകരണം ഉണ്ടായിരുന്നെങ്കിൽ അതിൽ പല നല്ല കാര്യങ്ങളും വായിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ആ നല്ല കാര്യങ്ങളുടെയെല്ലാം പ്രേരകശക്തി "നീ ചെയ്യരുത്...." "നിനക്കു ചെയ്യാം" എന്നുള്ള പ്രമാണം ആയിരുന്നേനേ.

എന്നാൽ പുതിയ ഉടമ്പടിയിൽ കാര്യങ്ങൾ തികച്ചും വിഭിന്നമാണ്. ഉന്നതമായ ഒരു നിലവാരം ഉണ്ടെന്നു മാത്രമല്ല പുതിയനിയമത്തിന്റെ ആത്മാവുതന്നെ വ്യത്യസ്തമാണ്. മത്തായി സുവിശേഷം 5, 6, 7 അദ്ധ്യായങ്ങളിലെ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. പഴയനിയമത്തിൽ 'കുല ചെയ്യരുത്', 'വ്യഭിചാരം ചെയ്യരുത്' തുടങ്ങിയ കല്പനകളായിരുന്നു നൽകപ്പെട്ടിരുന്നത്. ഈ കല്പനകളുടെ പിന്നിലെ ആത്മാവിനെക്കുറിച്ച് യേശു സംസാരിക്കുമ്പോൾ 'ചെയ്യരുത്' എന്നുള്ള വാക്കുകൾ അല്ല കർത്താവ് ഉപയോഗിച്ചത്. മറിച്ച് ദൈവരാജ്യത്തിൽ കോപം കുലപാതകത്തിനു തുല്യമാണെന്നും ലൈംഗികമായ മ്ലേഛചിന്തകൾ വ്യഭിചാരത്തിനു തുല്യമാണെന്നും വിശദീകരിക്കുകമാത്രമാണ് ചെയ്തത്. ഈ വ്യത്യാസം ശ്രദ്ധേയമാണ്.

പഴയനിയമത്തിൽ ഒരുവന്റെ വരുമാനത്തിൽ പത്തുശതമാനം നിർബ്ബന്ധമായും ദൈവത്തിനു കൊടുക്കേണ്ടിയിരുന്നു.എന്നാൽ പുതിയനിയമത്തിൽ എത്ര ശതമാനം കൊടുക്കണം എന്ന് വ്യക്തമാക്കിയിട്ടില്ല. 2 കൊരി. 9:7 ൽ നാം കാണുന്നത് "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബ്ബന്ധത്താലും അരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു."ദൈവത്തിന്റെ എല്ലാ കൽപനകളും പുതിയനിയമത്തിൽ അനുസരിക്കേണ്ടത് ഈ ആത്മാവിൽ ആയിരിക്കണം: "നിർബ്ബന്ധത്താലല്ല, സന്തോഷത്തോടെ".

പുതിയനിയമത്തിൽ അനുസരണത്തെക്കാൾ, ഏത് ആത്മാവിൽ അനുസരിച്ചു എന്നതാണ് ദൈവം വിലമതിക്കുന്നത്. ഗത്യന്തരമില്ലാതെ കല്പന അനുസരിക്കുന്ന ഒരു അടിമയുടെ അനുസരണവും, സ്നേഹം മൂലം ഉത്സാഹത്തോടെ സ്വന്ത പിതാവിനെ അനുസരിക്കുന്ന ഒരു പ്രായ

പൂർത്തിയായ മകന്റെ അനുസരണവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഗലാത്യർ 4:7 ൽ പഴയനിയമവും പുതിയനിയമവും തമ്മിൽ ഉള്ള വ്യത്യാസം വ്യക്തമാകുന്നു. ജോലിക്കാർ ദിവസേന 8 മണിക്കൂർ ശമ്പളത്തിനായി ജോലി ചെയ്യുമ്പോൾ ഒരു മകൻ ആവശ്യമെങ്കിൽ ശമ്പളംപോലും കൂടാതെ ദിവസേന 16 മണിക്കൂർ ജോലി ചെയ്യും. ദൈവം പുത്രന്മാരെയാണ്, ശമ്പളക്കാരായ ദാസന്മാരെയല്ല അന്വേഷിക്കുന്നത്.

സഭയിൽപോലും പുതിയനിയമ കല്പനകൾ പഴയനിയമ ആത്മാവിൽ അനുസരിക്കാൻ സാദ്ധ്യമാണ്. അങ്ങനെ ചെയ്യുന്നവർ പുതിയനിയമ പരീശരായി ത്തീരാനാണ് സാദ്ധ്യത. അവർ സഭയുടെ പണിക്ക് തടസ്സമായിത്തീരാൻ സാദ്ധ്യതയുണ്ട്. ബാഹ്യമായ പുറംചട്ടയ്ക്ക് ഒത്ത വണ്ണം അനുരൂപരാക്കി മറ്റുള്ളവരെ തീർക്കാനായി അവർ എരിവോടെ പല കല്പനകളും കൊണ്ടുവരും. പെന്തെക്കോസ്തു സമൂഹങ്ങളിൽ കൈയടിക്കാനോ, ഹല്ലേലുയ്യാ പറഞ്ഞു കൊണ്ടിരിക്കാനോ മാനസികമായ സമ്മർദ്ദം ചെലുത്തുന്നതുപോലെ സഭയിൽ മറ്റെന്തെങ്കിലും ചെയ്യാനാവും ഇത്തരത്തിലുള്ള പരീശർ സമ്മർദ്ദം ചെലുത്തുന്നത്.

സ്വർഗ്ഗീയപിതാവിന്റെ സ്നേഹത്തിൽ പൂർണ്ണസ്വസ്ഥത കണ്ടെത്തിയിട്ടില്ലാത്ത പല വിശ്വാസികൾക്കും മറ്റുള്ളവരാൽ അംഗീകരിക്കപ്പെടാനുള്ള വലിയ ആഗ്രഹമുണ്ട്. അങ്ങനെയുള്ളവർ ശരിയായ ബോദ്ധ്യം ഇല്ലാതെ തന്നെ മറ്റുള്ളവരാൽ അംഗീകരിക്കപ്പെടാനായി ഒരു പ്രത്യേക മാതൃക പിൻതുടരാൻ തയ്യാറാകും. ബാഹ്യമായി അവർക്ക് യാതൊരു കുഴപ്പവും ഇല്ലെന്നു തോന്നിയാലും ഉള്ളിൽ 'സന്തോഷത്തോടെ കൊടുക്കുന്ന' മനോഭാവം ഇല്ലാത്തവരായിരിക്കും. അവർ മനുഷ്യരുടെ മുമ്പാകെ ജീവിക്കുന്നതിനാൽ 'അദ്ധ്വാനിച്ച് ഭാരം ചുമക്കുന്ന' അവസ്ഥയിലായിരിക്കും.

ദൈവരാജ്യം വചനത്തിലല്ല ശക്തിയിലത്രേ. ബാഹ്യമായ മാതൃകയല്ല ആന്തരികമായ ജീവനാണ് പ്രാഥമികമായ കാര്യം. പക്വതയില്ലാത്ത ക്രിസ്ത്യാനികൾ ബാഹ്യമായ യോജിപ്പിനെ ഐക്യമായി ധരിക്കാറുണ്ട്. അപ്രസക്തമായ കാര്യങ്ങളിലുള്ള വലിയ വൈവിധ്യത്തിന്റെ നടുവിലുള്ള ഐക്യമാണ് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യം എന്ന് അവർ ഗ്രഹിച്ചിട്ടില്ല. വെറും ബാഹ്യമായ ഒരു യോജിപ്പിനേക്കാൾ ആത്മാവിന്റെ ഐക്യം സൂക്ഷിപ്പാനാണ് നാം ഉത്സാഹിക്കേണ്ടത്. നാം എല്ലാവരും അനുകരിക്കുന്ന ബാഹ്യമായ ഒരു മാതൃകകൊണ്ടല്ല സ്നേഹംകൊണ്ടാണ് നാം യേശുവിന്റെ ശിഷ്യന്മാരാണെന്ന് ലോകം അറിയുന്നത്. പക്വതയില്ലാത്ത ക്രിസ്ത്യാനികൾ തങ്ങളോട് എല്ലാറ്റിലും യോജിക്കുന്നവരുമായി മാത്രം കൂട്ടായ്മ ആചരിക്കുമ്പോൾ, പക്വമതികളായ വിശുദ്ധന്മാർ സ്വയത്തിന് മരിച്ചവരായി വ്യത്യസ്തരായ മറ്റു ക്രിസ്ത്യാനികളോടും കൂട്ടായ്മ ആചരിക്കുന്നു.

ആത്മാവും മണവാട്ടിയും 'പോക' എന്നല്ല 'വരിക' എന്നാണ് പറയുന്നത്. 'പോക' എന്നതു നിർബ്ബന്ധത്തിന്റെ ഭാഷയാണെങ്കിൽ 'വരിക' എന്നത് സ്നേഹപൂർണ്ണമായ ക്ഷണമാണ്. യേശു സമൃദ്ധമായ ജീവനിലേക്ക് നമ്മെ ക്ഷണിക്കുന്നു, പക്ഷേ ഒരിക്കലും നിർബ്ബന്ധിക്കുന്നില്ല. നമുക്ക് ഏറ്റവും നിർമ്മലമായ ഉപദേശം, സ്വായത്തമായിരിക്കെ തന്നേ നാം ആ ഉപദേശം മറ്റുള്ളവരോട് അറിയിക്കുന്നതിൽ തികച്ചും പരീശമനോഭാവം ഉള്ളവരാകാൻ കഴിയും. അതു നാം സൂക്ഷിക്കണം. പൂർണ്ണതയിലേക്കു നയിക്കുന്ന പ്രമാണം സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണമാണ് (യാക്കോ. 1:25). ബാഹ്യമായ ഒരു സമ്മർദ്ദവും കൂടാതെ നമ്മുടെ ജീവിതത്തിൽ കേൾക്കുകയും കാണുകയും ചെയ്യുന്ന കാര്യങ്ങളാൽ ആകൃഷ്ടരായി മറ്റുള്ളവർ പൂർണ്ണതയുടെ ജീവിതത്തിലേക്ക് ആകേണ്ടതിനായി അവർക്ക് ആ സ്വാതന്ത്ര്യത്തിന്റെ പ്രമാണം നൽകുവാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ❖





# എഡിറ്റോറിയൽ തുടർച്ച.....

ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നു എന്നതും ഒരു സത്യമാണ്. പക്ഷേ, ഇത് നമ്മുടെ പദവി (Position) ആണ്. എന്നാൽ ആ പദവി അനുസരിച്ചുള്ള സത്യം (positional fact) അങ്ങനെയായിരിക്കുമ്പോൾ തന്നെ അത് നമ്മുടെ അനുഭവം (experience) ആയി മാറിയിട്ടില്ല. 3:5 ൽ 'ദിനംതോറും....മരിപ്പിപ്പിൻ' എന്ന് പറയുമ്പോൾ 3:3 ലെ 'പദവി' അനുസരിച്ചുള്ള സത്യത്തെ, 'അനുഭവ'തലത്തിലേക്ക് കൊണ്ടുവന്ന് യാഥാർത്ഥ്യമാക്കാനുള്ള ആഹ്വാനമാണത്. അല്ലാതെ 3:3 ഉം 3:5 ഉം പരസ്പര വിരുദ്ധമല്ല.

"ആട്ടെ, പദവി അനുസരിച്ചുള്ള സത്യത്തെ അനുഭവതലത്തിൽ എത്തിക്കാനായി 'ദിനംതോറും ഭൂമിയിലുള്ള അവയവങ്ങളെ മരിപ്പിക്ക' എന്ന പ്രവൃത്തി നമ്മുടെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ടല്ലോ. അപ്പോൾ ആ പ്രയത്നത്തിന്റെ ഉത്തരവാദിത്വവും ബഹുമതിയും നമുക്കു തന്നെയല്ലേ? അത് നമ്മുടെ തന്നെ പ്രവൃത്തിയല്ലേ?" എന്ന് ചിലർ ചോദിച്ചേക്കാം. ഇതിനെന്താണ് മറുപടി?

ഇതിന്റെ ഉത്തരം ഫിലിപ്യർ 2:12, 13 വാക്യങ്ങളിൽ നമുക്ക് കണ്ടെത്താം. ഈ വാക്യങ്ങൾ ശ്രദ്ധിക്കുക: .....'ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളമുണ്ടായിട്ടു പ്രവർത്തിക്കുന്നത്'. ഇവിടെ 'രക്ഷയ്ക്കായി ഭയത്തോടും വിറയലോടും കൂടെ പ്രവർത്തിക്കണം' എന്നുതന്നെ നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ അതിനോട് ചേർന്ന് പറഞ്ഞിരിക്കുന്നത് 'അങ്ങനെ പ്രവർത്തിക്കാനുള്ള ശക്തിയും അതിനായിട്ടുള്ള ആഗ്രഹവും നമുക്കു തരുന്നത് ദൈവത്തിന്റെ ഒരു പ്രവൃത്തിയാണ്' എന്നാണ്. അങ്ങനെയെങ്കിൽ ഇച്ഛിച്ചതിനോ, പ്രവർത്തിച്ചതിനോ എന്തെങ്കിലും ബഹുമതി നമുക്ക് അവകാശപ്പെടാൻ കഴിയുമോ? ഇല്ല, മറിച്ച് അത് പൂർണമായും ദൈവത്തിന്റെതന്നെ ഒരു പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ട് സകല ബഹുമാനവും പുകഴ്ചയും നാം അവിടുത്തേക്കു മാത്രമല്ലേ നൽകുകയുള്ളൂ.? അതെ, വിജയകരമായ ജീവിതവും നമ്മുടെ ഒരു പ്രവൃത്തിയല്ല അവിടുത്തെ ദാനമാണ് എന്നതായിരിക്കും നമ്മുടെ നിലപാട്.

വെളിപ്പാട് ഏഴാം അദ്ധ്യായത്തിൽ വെള്ളനിലയങ്കി ധരിച്ച ഒരു മഹാപുരുഷാരത്തെ നാം കാണുന്നു. വാസ്തവത്തിൽ അവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചവരും മഹാകഷ്ടത്തിൽ നിന്നു വന്നവരും ആണ് (7:14). ഒരു വലിയ പ്രവൃത്തി ചെയ്തവരാണവർ. പക്ഷേ അവരുടെ ഏറ്റുപറച്ചിൽ ഇതാണ്: 'രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം' (7:10). ദാനം എന്നത് സൗജന്യമായി കിട്ടുന്നതാണ്. അതിന് ഒരു പ്രവൃത്തിയും കാരണമല്ല. ഉവ്വ്, വിജയകരമായ ജീവിതവും ദൈവത്തിന്റെ ദാനമാണ്. അങ്ങനെ ഒരു ജീവിതത്തിലേക്ക് പ്രവേശിച്ച ശേഷവും സത്യസന്ധമായ നമ്മുടെ ഏറ്റുപറച്ചിൽ 'നമ്മുടെ ദൈവത്തിന് എന്നന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനവും ശക്തിയും ബലവും ആമേൻ' എന്നായിരിക്കും (7:12).

ദൈവം യോജിപ്പിച്ചത്

### ആനും അഡൊണൈറാം ജഡ്സനും-3

# മരണത്തെമുഖാമുഖം കണ്ട് തടവറയിൽ

എല്ലാം ശരിയായിത്തുടങ്ങിയപ്പോൾ നാൻസിയുടെ കാര്യത്തിൽ എല്ലാം ശരിയല്ലായിരുന്നു.കുറച്ചു നാളായി കരളിനെ ബാധിച്ചിരുന്നൊരു രോഗം ക്രമേണ വഷളായി. നാട്ടിലേക്ക് പോയി ചികിത്സിക്കുന്നതായിരിക്കും നല്ലതെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. അങ്ങനെ ഇപ്രാവശ്യം പതിവിനു വിപരീതമായി ജഡ്സൻ സ്ഥലത്തു തങ്ങുകയും നാൻസി അമേരിക്കയിലേക്ക് യാത്രയാവുകയും ചെയ്തു. ബൈബിൾ പരിഭാഷയ്ക്ക് കൂടുതൽ സമയം ചെലവിടാനായത് ഇക്കാലത്താണ്.ഏതാണ്ട് ഒരു വർഷംകൊണ്ട് പുതിയ നിയമം തയ്യാറായി. ഇരുപത്തിയെട്ടു മാസങ്ങൾക്കുശേഷം അസുഖം മാറി നാൻസി മടങ്ങിയെത്തിയപ്പോൾ 'തന്റെ യൗവനത്തിലെ ഭാര്യ' യെയാണ് കാണുന്നതെന്ന് ജഡ്സന് തോന്നിപ്പോയി.അവരുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. ധാരാളം കാര്യങ്ങൾ രണ്ടുപേർക്കും പറയാനുണ്ടാവുമല്ലോ. തങ്ങളുടെ പല ബന്ധുക്കളേയും സ്നേഹിതരേയും കണ്ടുമുട്ടിയ വിശേഷങ്ങൾക്കൊപ്പം താൻ യാത്രയ്ക്കിടയിൽ എഴുതിത്തീർത്ത 'ബർമ്മയിലെ അമേരിക്കൻ ബാപ്റ്റിസ്റ്റ് പ്രവർത്തനചരിത്രം' എന്ന ചെറുപുസ്തകത്തിന്റെ കാര്യവും നാൻസി ജഡ്സനോട് വിവരിച്ചു. താൻ ചക്രവർത്തിയെക്കാണാൻ ഒന്നുകൂടി പോയിരുന്നെന്നും തങ്ങളെ അദ്ദേഹം തലസ്ഥാനമായ 'ആവ'യിലേക്ക് സ്ഥിരതാമസത്തിനു ക്ഷണിച്ചുവെന്നു ജഡ്സനും സന്തോഷവർത്തമാനം പറഞ്ഞു.

റങ്കൂണിലാണ് പ്രധാന പ്രവർത്തനകേന്ദ്രമെങ്കിലും ചക്രവർത്തിയുടെ ക്ഷണം നിരസിക്കുന്നതെങ്ങനെ എന്നായി അവരുടെ ചിന്ത. ബോട്ടിൽ ഏതാനും ആഴ്ചകളെടുക്കും ആവയിലെത്താൻ.വളരെ ആലോചനയ്ക്കും പ്രാർത്ഥനയ്ക്കുമൊടുവിൽ അങ്ങോട്ടു പോവുക തന്നെ എന്നു തീരുമാനിച്ചു. രണ്ടുമാസങ്ങൾക്കുശേഷം 'ആവ'യിലെ മൂന്നുമുറികളുള്ള ഒരു ചെറിയ വീട്ടിലേക്കവർ താമസം മാറ്റി.ചൂട് അസഹനീയം. 108 ഡിഗ്രി. പക്ഷേ അവരുടെ ബുദ്ധിമുട്ടുകളിൽ ഏറ്റവും ചെറുതായിരുന്നു അത്.ബ്രിട്ടീഷുകാർ ബർമ്മയെ ആക്രമിക്കാൻ തുടങ്ങിയിരിക്കുന്നു എന്നൊരു വാർത്ത ആയിടെ പരന്നു. ഇപ്രാവശ്യം അത് ശരിയുമായിരുന്നു.വെള്ളക്കാരെല്ലാം ബ്രിട്ടീഷ് ചാരന്മാർ എന്ന നിഗമനത്തിൽ ജഡ്സനേയും അറസ്റ്റ് ചെയ്തു.

അങ്ങനെ, ദൈവനിശ്ചയമായിരിക്കാം, തലസ്ഥാനത്തെത്തി ആറുമാസത്തിനുള്ളിൽ ജഡ്സൻ ക്രൂരതയ്ക്ക് പേരുകേട്ട കാരാഗൃഹത്തിൽ മരണത്തെ മുഖാമുഖം കണ്ടു കഴിയേണ്ടിവന്നു.ജനലുകളില്ലാത്ത ഒരു മുറി.അവിടെ അത്യുഷ്ണവും സഹിക്കാനാവത്ത ദുർഗന്ധവും.പോരാത്തതിന് കൊതുകും പാറ്റയും എലിയും എല്ലായിടത്തും. കാലിൽ മൂന്നു ജോഡി ചങ്ങലകളിട്ടു പകലെല്ലാം ഒരു കല്ലിനോട് ബന്ധിച്ചിരിക്കും. വൈകുന്നേരം തുടങ്ങി നേരം വെളുക്കുന്നതുവരെ ജയിലിലെ ഭരണം 'പച്ചകുത്തിയവർ' എന്നറിയപ്പെടുന്ന മുൻ കുറ്റവാളികൾക്കായിരിക്കും.തരിമ്പ് ദയ പോലും അവരിൽ നിന്നും പ്രതീക്ഷിക്കേണ്ടതില്ല.കണങ്കാലിൽ കെട്ടിയിരിക്കുന്ന ചങ്ങല സന്ധ്യയാവുമ്പോൾ മേൽക്കൂരയിലെ ഒരു തടിക്കഷണത്തിലേക്ക് വലിച്ചു കെട്ടും. ഇപ്പോൾ തടവുകാരുടെ തലയും കഴുത്തും മാത്രമേ നിലത്തു തൊടൂ. ഉടലും കാലും ലംബമായി മുകളിലേക്ക്. നേരം വെളുക്കുമ്പോൾ ശരീരം മുഴുവൻ മരവിച്ചിരിക്കും. അപ്പോഴാണ് ചങ്ങല അഴിക്കുന്നത്. പകലും പീഡനങ്ങൾക്കു കുറവില്ലെന്നോർക്കണം.ദിവസവും കുറേപ്പേരെ തൂക്കിലേറ്റാൻ കൊണ്ടുപോകും. അടുത്ത ഊഴം ആരുടേതെന്നറിയാതെ ബാക്കിയായവർ മരിച്ചു ജീവിച്ചു. ഇതെല്ലാം എങ്ങനേയും സഹിക്കാമെന്നു തോന്നി ജഡ്സന്. ഒട്ടും പറ്റാതിരുന്നത് അലക്കാത്ത വസ്ത്രങ്ങളും കുളിക്കാത്ത ശരീരവുമായിരുന്നു.വൃത്തിയെന്നത് ദൈവഭക്തിക്ക് സമാനമെന്ന് വിശ്വസിച്ചുപോന്ന ഒരാൾക്കിതെങ്ങനെ സഹിക്കാനായി എന്നത് അത്ഭുതമായിരിക്കുന്നു.

ദിവസങ്ങൾ കഴിയവേ ജഡ്സൻ നിരാശതയിലാണ്ടുപോയി. പലപല ചിന്തകളാൽ മനസ്സ് നീറി.സാത്താനായിരുന്നു അതിന് പിറകിൽ. 'ഇത്രയും കാലം കൊണ്ട് താൻ എന്തുനേടി?' മരണം മാത്രം എന്ന് പറയേണ്ടിവരും.ഒരേയൊരു മകനുണ്ടായത് മരിച്ചു. ഇപ്പോൾ മരണം തന്റെ മുന്നിലും. നാൻസിക്കും ഒരു പക്ഷേ ഇതൊക്കെത്തന്നെയായിരിക്കും വച്ചിരിക്കുന്നത്. പുറത്തു പറയാൻ കൊള്ളാവുന്ന എന്തെങ്കിലും നേട്ടമുണ്ടാക്കിയതിനുശേഷമായിരുന്നെങ്കിൽ മരിക്കാനും മടിയില്ലായിരുന്നു.ഇപ്പോഴത്തെ സ്ഥിതിയോ? പന്ത്രണ്ടു വർഷംകൊണ്ടു

കണങ്കാലിൽ കെട്ടിയിരിക്കുന്ന ചങ്ങല സന്ധ്യയാവുമ്പോൾ മേൽക്കൂരയിലെ ഒരു തടിക്കഷണത്തിലേക്ക് വലിച്ചു കെട്ടും. ഇപ്പോൾ തടവുകാരുടെ തലയും കഴുത്തും മാത്രമേ നിലത്തു തൊടൂ. ഉടലും കാലും ലംബമായി മുകളിലേക്ക്. നേരം വെളുക്കുമ്പോൾ ശരീരം മുഴുവൻ മരവിച്ചിരിക്കും. അപ്പോഴാണ് ചങ്ങല അഴിക്കുന്നത്. പകലും പീഡനങ്ങൾക്കു കുറവില്ലെന്നോർക്കണം.ദിവസവും കുറേപ്പേരെ തൂക്കിലേറ്റാൻ കൊണ്ടുപോകും. അടുത്ത ഊഴം ആരുടേതെന്നറിയാതെ ബാക്കിയായവർ മരിച്ചു ജീവിച്ചു.

ണ്ടായത് പതിനെട്ടുപേർ മാത്രം. പീഡനങ്ങൾ തുടർന്നാൽ അവരിലെത്രപേർ അവശേഷിക്കുമെന്നറിയില്ല. അഥവാ രക്ഷപെട്ടാൽത്തന്നെ എത്രപേർ ക്രിസ്തുവിനായി നിൽക്കും? ഏക സമ്പാദ്യം എന്ന് പറയാനാവുമെങ്കിൽ പിന്നെ ആകെയുള്ളത് പുതിയനിയമതർജ്ജമയാണ്.മുഴുവനായി അത് ഇതുവരെ അച്ചടിച്ചിട്ടില്ല.ഭൂരിഭാഗവും കടലാസു പ്രതിയായി അവശേഷിക്കുന്നു.പുഴക്കരയിലുള്ള തങ്ങളുടെ വീട്ടിലാണത് സൂക്ഷിച്ചിരിക്കുന്നത്. നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യാം. അങ്ങനെയായാൽ താൻ കർത്താവിനു വേണ്ടി ചെയ്തതെന്നു തോന്നുന്നവ ഏതാണ്ടെല്ലാം അവസാനിക്കും.ഏകാന്തതയും പീഡനങ്ങളും ആ പാവത്തെക്കൊണ്ട് ഇങ്ങനെയൊക്കെ ചിന്തിപ്പിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. ഇതുപോലൊരു തടവറയിൽ കാലുകൾ ആമത്തിൽ ബന്ധിക്കപ്പെട്ടിരുന്നപ്പോഴും ദൈവത്തെ

> ദിവസങ്ങൾ കഴിയവേ ജഡ്സൻ നിരാശതയിലാണ്ടുപോയി. പലപല ചിന്തകളാൽ മനസ്സ് നീറി.സാത്താനായിരുന്നു അതിന് പിറകിൽ. 'ഇത്രയും കാലം കൊണ്ട് താൻ എന്തുനേടി?' മരണം മാത്രം എന്ന് പറയേണ്ടിവരും.ഒരേയൊരു മകനുണ്ടായത് മരിച്ചു. ഇപ്പോൾ മരണം തന്റെ മുന്നിലും. നാൻസിക്കും ഒരു പക്ഷേ ഇതൊക്കെത്തന്നെയായിരിക്കും വച്ചിരിക്കുന്നത്. പുറത്തു പറയാൻ കൊള്ളാവുന്ന എന്തെങ്കിലും നേട്ടമുണ്ടാക്കിയതിനു ശേഷമായിരുന്നെങ്കിൽ മരിക്കാനും മടിയില്ലായിരുന്നു.ഇപ്പോഴത്തെ സ്ഥിതിയോ? പന്ത്രണ്ടു വർഷംകൊണ്ടുണ്ടായത് പതിനെട്ടുപേർ മാത്രം.

ഉറക്കെപ്പാടി സ്തുതിക്കാൻ കൃപ ലഭിച്ച ജാതികളുടെ അപ്പോസ്തലനെ ജഡ്സൻ ഓർക്കാതിരുന്നതെന്തുകൊണ്ടെന്ന് നമുക്കു തോന്നാം.രണ്ടുപേരുടേയും ആത്മനിറവിന്റെ അളവിലുള്ള വ്യത്യാസമായിരുന്നിരിക്കണം അതിനു പിന്നിൽ.

ഈ സമയം ജയിലിനു പുറത്ത് ജഡ്സനെ രക്ഷിക്കാൻ നാൻസി തന്നാലാവുന്നതെല്ലാം ചെയ്തുകൊണ്ടിരുന്നു. മജിസ്ട്രേറ്റിനെ കാണുകയും അയാളുടെ ചോദ്യം ചെയ്യലിനു വിധേയയാവുകയുമൊക്കെ ചെയ്തു.കാര്യമായൊന്നും സംഭവിച്ചില്ല.പിറ്റേദിവസം കുറച്ചു ഭക്ഷണം ജയിലിലേക്ക് കടത്താനായി. അത്രമാത്രം. ചക്രവർത്തിയുടെ സഹോദരിയുമായുള്ള അടുപ്പം മുതലെടുത്ത് ജഡ്സനെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് കത്തുകളുടെ ഒരു പരമ്പരതന്നെ എഴുതി. ഭർത്താവിനെ സന്ദർശിക്കാനെങ്കിലും തന്നെ അനുവദിക്കണമെന്ന് രാജ്ഞിയോടും അപേക്ഷിച്ചു.എന്നിട്ടും ജയിലിൽ ഒരു ദിവസം കടക്കാനായത് കാവൽക്കാർക്ക് കൈക്കൂലി കൊടുത്തിട്ടാണ്.

അവസാനം അങ്ങനെ കാണാനായപ്പോൾ ജഡ്സന്റെ കഷ്ടപ്പാടുകൾ നാൻസിക്ക് സഹിക്കാവുന്നതിനപ്പുറമായിരുന്നു.അഴുക്കുപുരണ്ടു വികൃതമായ മുഖവും പിഞ്ചിപ്പോയ മുഷിഞ്ഞ വസ്ത്രവുമായി നിൽക്കുന്ന ജഡ്സനെ തിരിച്ചറിയാൻതന്നെ വിഷമമായിരുന്നു. ആ മുഖത്തേക്ക് ഒന്നു നോക്കിയതും വീണ്ടും കാണാൻ ശക്തിയില്ലാതെ തന്റെ കൈകളിൽ മുഖമമർത്തി നാൻസി പൊട്ടിക്കരഞ്ഞു. എന്നാൽ ഇപ്പോൾ ബലഹീനയായിക്കൂടാ. ദൈവികശക്തിയും വിവേകവും ഏറ്റവും വേണ്ട സമയമാണ്.അല്ലെങ്കിൽ ജഡ്സനും തകർന്നുപോകും. പട്ടാളക്കാർ വീടു പരിശോധിക്കാൻ സാദ്ധ്യതയുണ്ടെന്ന് തോന്നിയിരുന്നു.കയ്യിൽ കിട്ടുന്നതെന്തും അവർ കൊണ്ടുപോകും.നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഒന്നു മാത്രമേയുണ്ടായിരുന്നുള്ളൂ. എത്രയോ വർഷങ്ങൾ ബുദ്ധിമുട്ടി ജഡ്സൻ തയ്യാറാക്കിയ ബൈബിളിന്റെ കയ്യെഴുത്തുപ്രതി. അതെങ്ങനെയും സംരക്ഷിക്കണം. അന്ന് തിരികെ വീട്ടിലെത്തിയ ഉടൻ പിറകിലെ പറമ്പിൽ രണ്ടു കുഴിയെടുത്തു.ഒന്നിൽ കയ്യിലുണ്ടായിരുന്ന വെള്ളി നിക്ഷേപിച്ചു. മറ്റേതിൽ കയ്യെഴുത്തു പ്രതിയും.മണിക്കൂറുകൾക്കുള്ളിൽ പട്ടാളക്കാർ വീട്ടിലെത്തി.സകലതും പരിശോധിച്ചു. കൈയും വീശിപ്പോവുകയും ചെയ്തു.

ജഡ്സന്റെ വിഷാദമകറ്റുക എന്നതായിരുന്നു നാൻസിക്ക് ഇനി ചെയ്യാനുണ്ടായിരുന്നത്. എന്തെങ്കിലും എഴുത്തുകുത്തുകൾ നടത്താനായാൽ മനസ്സിനെ സന്തോഷിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയുമല്ലോ. കേക്കിനകത്ത് ഒളിപ്പിച്ചും ചായക്കോപ്പയിലും കഞ്ഞികൊണ്ടുവരുന്ന പാത്രത്തിലുമൊക്കയായും കുറിപ്പുകൾ പലതും ജയിലിനകത്തേക്ക് പോയി.പിടിക്കപ്പെടാതിരിക്കാൻ ഒരിക്കൽ





പരീക്ഷിച്ച രീതി നാൻസി പിന്നീട് ചെയ്തില്ല. അതുകൊണ്ട് അടുത്ത കുറിപ്പ് ഏതു രീതിയിലായിരിക്കുമെന്നോ എന്നു വരുമെന്നോ ജഡ്സന് പറയാൻ കഴിയുമായിരുന്നില്ല.അങ്ങനെയിരിക്കെ ജഡ്സനും ഒരെഴുത്തു സമ്പ്രദായം കണ്ടുപിടിച്ചു.അവിടെ ലഭ്യമായിരുന്ന ഒരുതരം ഇഷ്ടികക്കഷണത്തിൽ എഴുതിവിടും.നനവുള്ളപ്പോൾ ഒന്നും എഴുതിയതായിത്തോന്നുകയില്ല. നാൻസി അതെടുത്തു വെയിലിൽ ഉണക്കും. അപ്പോൾ അക്ഷരങ്ങൾ തെളിഞ്ഞുവരും.

നാൻസിയുടെ ഇത്തരം ശ്രമങ്ങളെല്ലാം സംശയത്തോടെയാണ് അധികാരികൾ കണ്ടിരുന്നത്.ഇടയ്ക്കിടയ്ക്ക് കോടതിയിലേക്ക് വിളിപ്പിക്കും. തിരിച്ചും മറിച്ചും ചോദ്യം ചെയ്യും.ബ്രിട്ടീഷ് ചാരന്മാരാണിവർ എന്ന് സ്ഥാപിക്കാനുള്ള ശ്രമമായിരുന്നു അവർക്ക്.ജന്മനായുള്ള വിവേകത്തേയും, ഏതു സാഹചര്യത്തിലും പതറാതെ സംസാരിക്കാനുള്ള തന്റെ കഴിവിനേയും കൂടുതൽ ശക്തിപ്പെടുത്തി ദൈവം നാൻസിയെ സംരക്ഷിച്ചുപോന്നു. നാൻസിയെ അറസ്റ്റ് ചെയ്യാൻ അവർക്കൊട്ടായതുമില്ല.

ബൈബിൾ കയ്യെഴുത്തു പ്രതി അധികനാൾ അങ്ങനെ കിടക്കുകയില്ലെന്ന് നാൻസിക്കറിയാമായിരുന്നു. അത് നഷ്ടപ്പെട്ടുപോയേക്കുമോ എന്നോർത്ത് ജഡ്സൻ വിഷമിച്ചു. ഒരു കാര്യം സത്യമായിരുന്നു. മണ്ണിന്റെ ഈർപ്പം കാരണം എഴുതിയത് മാഞ്ഞുപോവുകയോ ചിതലെടുക്കുകയോ ഒക്കെ ചെയ്യാം.അങ്ങനെയിരിക്കെ ആരേയും അത്ഭുതപ്പെടുത്തുമാറ് ഒരുദിവസം നാൻസി ബൈബിൾ തർജ്ജമ കുഴിച്ചിട്ടിരുന്നിടത്തുനിന്നും എടുത്തു ജഡ്സന്റെ കയ്യിലെത്തിച്ചു! കുറേ നാളായി തനിക്കൊരു തലയിണ വേണമെന്ന് ജഡ്സൻ അധികാരികളോട് ആവശ്യപ്പെട്ടിരുന്നു.അവർ സമ്മതവും കൊടുത്തു. അതിൻപ്രകാരമാണ് നാൻസി

> പട്ടാളക്കാർ വീടു പരിശോധിക്കാൻ സാദ്ധ്യതയുണ്ടെന്ന് തോന്നിയിരുന്നു. കയ്യിൽ കിട്ടുന്നതെന്തും അവർ കൊണ്ടുപോകും. നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഒന്നു മാത്രമേയുണ്ടായിരുന്നുള്ളൂ. എത്രയോ വർഷങ്ങൾ ബുദ്ധിമുട്ടി ജഡ്സൻ തയ്യാറാക്കിയ ബൈബിളിന്റെ കയ്യെഴുത്തുപ്രതി. അതെങ്ങനെയും സംരക്ഷിക്കണം. അന്ന് തിരികെ വീട്ടിലെത്തിയ ഉടൻ പിറകിലെ പറമ്പിൽ രണ്ടു കുഴിയെടുത്തു. ഒന്നിൽ കയ്യിലുണ്ടായിരുന്ന വെള്ളി നിക്ഷേപിച്ചു. മറ്റേതിൽ കയ്യെഴുത്തു പ്രതിയും. മണിക്കൂറുകൾക്കുള്ളിൽ പട്ടാളക്കാർ വീട്ടിലെത്തി.സകലതും പരിശോധിച്ചു. കൈയും വീശിപ്പോവുകയും ചെയ്തു.

ഒരു തലയിണയുമായി ജയിലിലെത്തിയത്. കുറച്ചു വലുപ്പവും അല്പം കനവുമൊക്കെയുള്ളത്. നല്ല ഉറപ്പുണ്ടായുന്നതുകൊണ്ട് ഒരു മാതിരിപ്പെട്ടവർക്ക് അതിൽ തലവച്ചുറങ്ങാൻ പറ്റുമോ എന്ന് സംശയമാണ്. പക്ഷേ ജഡ്സൻ അന്ന് ആ തലയിണയിൽ സുഖമായുറങ്ങി. അതിനുള്ളിൽ തന്റെ ഏറ്റവും വലിയ സമ്പാദ്യമാണെന്നറിഞ്ഞതുകൊണ്ട്.

ഏതാണ്ടിതേ സമയത്താണ് താൻ വീണ്ടും ഗർഭിണിയായിരിക്കുന്നുവെന്ന് നാൻസി മനസ്സിലാക്കിയത്. നാൻസിക്കപ്പോൾ 34 വയസ്സ്. തന്റെ കഠിനാധ്വാനം കുറച്ചേ പറ്റു.അല്പം വിശ്രമമൊക്കെ വേണമല്ലോ. അതിനൊന്നും സാവകാശം ലഭിക്കാതെതന്നെ 1825 ജനുവരിയിൽ മരിയ എലിസബത്ത് ജഡ്സൻ ജനിച്ചു. ജഡ്സൻ അറസ്റ്റിലായിട്ട് എട്ടുമാസം കഴിഞ്ഞിരുന്നു. പത്തുവർഷം മുമ്പാണ് എട്ടുമാസം മാത്രം ആയുസ്സുണ്ടായ ഒരു മക

> ഒരുദിവസം നാൻസി ബൈബിൾ തർജ്ജമ കുഴിച്ചിട്ടിരുന്നിടത്തുനിന്നും എടുത്തു ജഡ്സന്റെ കയ്യിലെത്തിച്ചു! കുറേ നാളായി തനിക്കൊരു തലയിണവേണമെന്ന് ജഡ്സൻ അധികാരികളോട് ആവശ്യപ്പെട്ടിരുന്നു.അവർ സമ്മതവും കൊടുത്തു. അതിൻപ്രകാരമാണ് നാൻസി ഒരു തലയിണയുമായി ജയിലിലെത്തിയത്. കുറച്ചു വലുപ്പവും അല്പം കനവുമൊക്കെയുള്ളത്. നല്ല ഉറപ്പുണ്ടായുന്നതുകൊണ്ട് ഒരു മാതിരിപ്പെട്ടവർക്ക് അതിൽ തലവച്ചുറങ്ങാൻ പറ്റുമോ എന്ന് സംശയമാണ്. പക്ഷേ ജഡ്സൻ അന്ന് ആ തലയിണയിൽ സുഖമായുറങ്ങി. അതിനുള്ളിൽ തന്റെ ഏറ്റവും വലിയ സമ്പാദ്യമാണെന്നറിഞ്ഞതുകൊണ്ട്.

നുണ്ടായത്. അന്നത്തേക്കാൾ എത്രയോ മോശമാണ് ഇപ്പോഴത്തെ സ്ഥിതി. പ്രസവം കഴിഞ്ഞു മൂന്നാഴ്ചയായപ്പോൾ നാൻസി ജയിലിലേക്ക് ദിവസേനയുള്ള തന്റെ നടപ്പ് പുനരാരംഭിച്ചു. ചെറിയ കുറിപ്പുകൾ അങ്ങനെ കൈമാറാൻ സാധിച്ചു. ഗവർണറുടെ ഭവനത്തിലും എന്നും പോകും.ഭർത്താവിനെ വിട്ടയക്കാൻ സഹായിക്കണമെന്ന അഭ്യർത്ഥനയും നടത്തും.

ജയിലിൽ പതിനൊന്ന് മാസമായപ്പോൾ ജഡ്സനെ അവിടെനിന്നും വേറൊരു ദിക്കിലേക്ക് മാറ്റി.തന്നെ കൊല്ലാനായിരിക്കുമെന്നാണ് ജഡ്സന് തോന്നിയത്. നാലുമൈലകലെയുള്ള സ്ഥലത്തേക്കായിരുന്നെങ്കിലും പലരും നടക്കാനാവാതെ വഴിയിൽ വീണു മരിച്ചു. ജഡ്സന്റെ സമയം വരാത്തതുകൊണ്ട് അവിടെ ജീവനോടെയെത്താനായി.

ബോധംകെട്ട് ഉറങ്ങിപ്പോയ ജഡ്സൻ നാൻസിയുടെ ശബ്ദം കേട്ടാണ് പിറ്റേന്നു രാവിലെ ഉണർന്നത്.ജയിൽ മാറ്റിയതറിഞ്ഞു കൈക്കുഞ്ഞുമായി പാഞ്ഞെത്തിയതായിരുന്നു നാൻസി. തുടർന്ന് നാലു മാസക്കാലം തടവറയ്ക്കടുത്തുതന്നെ തരപ്പെട്ട ഒരു മുറിയിൽ നാൻസിക്ക് താമസിക്കാനായി.

ബ്രിട്ടീഷ് സൈന്യത്തിന്റെ രൂപത്തിലാണ് അവസാനം സ്വാതന്ത്ര്യം ജയിലിലെത്തിയത്. 1825 നവംബറിൽ. ജയിലിലായിട്ട് ഒന്നരക്കൊല്ലം കഴിഞ്ഞിരുന്നു. ഇപ്പോൾ ശാരീരികമായി നാൻസിയേക്കാൾ മെച്ചപ്പെട്ട നിലയിലായിരുന്നു ജഡ്സൻ. മസൂരിയും മസ്തിഷ്കജ്വരവും പിടിപെട്ടു നാൻസി വലഞ്ഞു.തലയിലും കാലിലും കുമിളപോലുള്ള കുരുക്കൾ പൊങ്ങി. മനോഹരമായ മുടി വടിച്ചുകളയേണ്ടിവന്നു. മരണം ആസന്നമായെന്ന് അവിടുത്തുകാർ വിധിയെഴുതിയെങ്കിലും അനർത്ഥമൊന്നുമുണ്ടായില്ല. അസുഖം മാറി വന്നപ്പോൾ ബ്രിട്ടീഷ് സൈന്യാധിപൻ ജഡ്സനേയും കുടുംബത്തേയും വീരോചിതമായി വരവേറ്റ് ആചാരവിരുന്നു നൽകി ബഹുമാനിച്ചു. 'ഇംഗ്ലീഷുകാരുടെ കൂടെത്താമസിച്ച ആ രണ്ടാഴ്ചക്കാലത്ത് ഞങ്ങൾക്കുണ്ടായ സന്തോഷം ഭൂമിയിലാർക്കും ഉണ്ടായിക്കാണാൻ സാദ്ധ്യതയില്ല' എന്നാണ് നാൻസി ആ വിമോചനകാലത്തെ ഓർത്ത് പറഞ്ഞത്. നല്ല കാര്യങ്ങൾക്കും അവസാനമുണ്ടാവുമല്ലോ. അങ്ങനെ കുറച്ചു സമയത്തേക്കവർ റങ്കൂണിലേക്ക് മടങ്ങിവന്നു. എന്നാൽ അധികം കഴിയുംമുമ്പേ നാൻസിയേയും കുഞ്ഞിനേയും അവിടെ വിട്ടു ജഡ്സൻ പട്ടാളക്യാമ്പിലേക്കു തന്നെ മടങ്ങി.(തുടരും)

സമ്പാദകൻ : അജയ് ജോർജ്

email:dr_ajaigeorge@rediffmail.com

❖





ചിന്തയ്ക്ക്

# നിർമ്മല ഹൃദയവും ശുദ്ധമായ ജീവിതവും

- സാക് പുന്നൻ -

നമ്മുടെ കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ പറഞ്ഞു: 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു' (യോഹ: 9:5). എന്നാൽ അവിടുന്ന് ഈ ലോകം വിട്ടുപോയശേഷം നമ്മെയാണ് ഈ ലോകത്തിന്റെ വെളിച്ചമായി നിയോഗിച്ചിരിക്കുന്നത് (മത്തായി. 5:16).

യേശു കൊണ്ടുവന്ന വെളിച്ചം ഏതെങ്കിലും ഒരു പ്രത്യേക ഉപദേശരൂപമോ, പഠിപ്പിക്കലോ ആയിരുന്നില്ല. പുതിയ ഉടമ്പടിയെക്കുറിച്ചുള്ള സത്യംപോലും വെളിച്ചം ആയിരുന്നില്ല. അവിടുത്തെ ജീവിതം, ദിവ്യസ്വഭാവം വെളിപ്പെടുത്തിയ ആ ജീവിതം, അതായിരുന്നു വെളിച്ചം.

'എനിക്ക് ആ കാര്യത്തിൽ വെളിച്ചം കിട്ടി' എന്നിങ്ങനെ നാം സാധാരണ പറയാറുണ്ട്. ആത്മസ്നാനം, പാപത്തിന്മേലുള്ള ജയം ഇവയെക്കുറിച്ചൊക്കെ വെളിച്ചം കിട്ടിയതിൽ നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം. എന്നാൽ നാം വെളിപ്പെടുത്തേണ്ട വെളിച്ചം എന്നു പറയുന്നത് യേശുവിന്റെ ജീവൻ (ജീവിതം) ആണ്.

'ഒരു മനുഷ്യനും ദൈവത്തെ കണ്ടിട്ടില്ല' എന്നു പുതിയനിയമത്തിൽ രണ്ടിടത്തു പറഞ്ഞിട്ടുണ്ട്. എന്നാൽ ആദ്യമായി യേശു വന്നു ദൈവത്തെക്കുറിച്ചു നമുക്കു വിശദീകരിച്ചുതന്നു (യോഹ: 1:18). യേശു ഒരു കുഷ്ഠരോഗിയുടെമേൽ കാരുണ്യപൂർവം കൈവച്ചപ്പോൾ ദൈവം എങ്ങനെയുള്ളവനാണെന്നു വെളിപ്പെടുത്തുകയായിരുന്നു.ദേവാലയത്തിൽനിന്നു പണം ഇടപാടുകാരെ പുറത്താക്കിയപ്പോഴും അവിടുന്നു വെളിപ്പെടുത്തിയതു ദൈവം എങ്ങനെയുള്ളവനാണെന്നാണ്.തന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞു.പക്ഷേ യേശു ഇന്നു സ്വർഗത്തിലേക്കു പോയിരിക്കുന്നു. ഇന്നു നാം അന്യോന്യം സ്നേഹിക്കുകയും ദൈവം നമ്മിൽ വസിക്കുകയും ചെയ്താൽ, യേശുവിൽ ദൈവത്തെ കണ്ടതുപോലെ ആളുകൾക്കു സഭയിൽ ദൈവത്തെ കാണുവാൻ കഴിയും (1 യോഹ:4:12).

നമ്മെ സഭയിൽ കാണുന്നവർ ക്രിസ്തു എങ്ങനെയുള്ളവൻ എന്നു മനസ്സിലാക്കണം.യേശുവിന്റെ ജീവൻ എന്ന വെളിച്ചം ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ പ്രാഥമിക വിളിയിൽ തന്നെ നമ്മൾ പരാജയപ്പെട്ടുവെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിന്റെ വെളിച്ചം (ജീവൻ) അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണമായി വെളിപ്പെടുത്താൻ വ്യക്തിപരമായി നമുക്കാർക്കും കഴിയുകയില്ല.എന്നാൽ കൂട്ടമായി ഒരു സഭയെന്ന നിലയിൽ മറ്റുള്ളവർക്കു ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം വെളിപ്പെടുത്തിക്കൊടുക്കാൻ നമുക്കു കഴിയും.

യേശുവിന്റെ മരണം നമ്മുടെ ശരീരങ്ങളിൽ വഹിച്ചാൽ മാത്രമേ അവിടുത്തെ

> ദൈവത്തിന്റെ വെളിച്ചം (ജീവൻ) അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണമായി വെളിപ്പെടുത്താൻ വ്യക്തിപരമായി നമുക്കാർക്കും കഴിയുകയില്ല.എന്നാൽ കൂട്ടമായി ഒരു സഭയെന്ന നിലയിൽ മറ്റുള്ളവർക്കു ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം വെളിപ്പെടുത്തിക്കൊടുക്കാൻ നമുക്കു കഴിയും. യേശുവിന്റെ മരണം നമ്മുടെ ശരീരങ്ങളിൽ വഹിച്ചാൽ മാത്രമേ അവിടുത്തെ ജീവൻ നമുക്കു വെളിപ്പെടുത്താൻ കഴിയൂ. ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും തങ്ങളുടെ ആദാമ്യ പ്രകൃതിക്കു മരിക്കാൻ തയ്യാറായാൽ എന്തൊരു സമാധാനമായിരിക്കും അവിടെ വാഴുന്നത്!

ജീവൻ നമുക്കു വെളിപ്പെടുത്താൻ കഴിയൂ. ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും തങ്ങളുടെ ആദാമ്യ പ്രകൃതിക്കു മരിക്കാൻ തയ്യാറായാൽ എന്തൊരു സമാധാനമായിരിക്കും അവിടെ വാഴുന്നത്!

എന്തെല്ലാം ഉപദ്രവങ്ങളും പീഡകളും പരീക്ഷകളും നേരിട്ടാലും 'ഞങ്ങളിൽ മരണം പ്രവർത്തിക്കുന്നു നിങ്ങളിൽ ജീവനും' എന്നു നമുക്കു പറയാൻ കഴിയണം. അതാണു നമ്മുടെ വിളി.

ഹൃദയ പരമാർത്ഥത

ഉൽപത്തി 20-ാം അദ്ധ്യായത്തിൽ അബ്രാഹാമിന്റെ ഭാര്യ സാറയെ അബീമേലെക് രാജാവ് തന്റെ അന്തഃപുരത്തിലേക്ക് എടുത്തതിനെക്കുറിച്ചു നമ്മൾ വായിക്കുന്നു. പക്ഷേ സാറയെ ഒന്നു തൊടുകപോലും ചെയ്യാതെ ആ ജാതീയ രാജാവ് അസാധാരണ നിലയിൽ അന്നു രാത്രി ഉറങ്ങിപ്പോകുന്നു. ഉറക്കത്തിൽ സ്വപ്നത്തിലൂടെ ദൈവം അവനോടു സംസാരിച്ചു. മറ്റൊരു പുരുഷന്റെ ഭാര്യയെ എടുത്തതിനാൻ അവൻ മരിക്കുമെന്നു ദൈവം മുന്നറിയിപ്പു നൽകി.പക്ഷേ ഇവിടെ അബീമേലെക് ധൈര്യത്തോടെ ദൈവത്തോടു പറയുന്നതു ശ്രദ്ധിക്കുക. അബ്രാഹാം തന്നെ സാറയെക്കുറിച്ചു തന്റെ പെങ്ങൾ എന്നുപറഞ്ഞതിനാൽ താൻ തികഞ്ഞ ഹൃദയപരമാർത്ഥതയോടെയാണ് ഈ കാര്യത്തിൽ ഇടപെട്ടതെന്ന് അബീമേലെക് പറയുന്നു.

അബീമേലെകിന്റെ ഹൃദയപരമാർത്ഥത ദൈവവും അംഗീകരിക്കുന്നു. പാപം ചെയ്യാൻ അനുവദിക്കാതെ അന്നു രാത്രി അവനെ കാത്തതിനു കാരണം ആ ഹൃദയപരമാർത്ഥതയാണെന്നു ദൈവം തന്നെ പറയുന്നു. ഹൃദയപരമാർത്ഥത കണക്കിലെടുത്ത് ഒരു ജാതീയ രാജാവിനെ പാപം ചെയ്യുന്നതിൽനിന്നു ദൈവം തടഞ്ഞുവെങ്കിൽ പുതിയ ഉടമ്പടിയുടെ കീഴിലുള്ള നമ്മെ അവിടുന്ന് എത്രമാത്രം കാക്കും! പക്ഷേ അവിടുന്നു നോക്കുന്നത് ഹൃദയപരമാർത്ഥതയാണ്. ദൈവംപോലും അംഗീകരിക്കത്തക്ക നിലയിൽ ഒരു ജാതീയ രാജാവിനു ഹൃദയപരമാർത്ഥത പുലർത്താൻ കഴിയുമെങ്കിൽ നമുക്കും അതു നേടുന്നതിനു പ്രയാസമുണ്ടായിരിക്കുകയില്ലല്ലോ.

അതുകൊണ്ടു നമുക്ക് ഹൃദയപരമാർത്ഥതയെ പിന്തുടരാം. കാരണം പല വിശ്വാസികളിലും ദൈവം ഇന്നതു കാണുന്നില്ല. കണ്ടിരുന്നെങ്കിൽ ദൈവം അവരെ വീഴാതെ കാക്കുമായിരുന്നല്ലോ.

ആവർത്തിക്കുന്ന പരിശോധനകൾ

ദൈവം അബ്രഹാമിനെ ആവർത്തിച്ചാവർത്തിച്ചു പരിശോധിക്കുന്നതും ഓരോ പ്രാവശ്യവും അവൻ വിശ്വസ്തനെന്നു തെളിയുന്നതും നാം കാണുന്നു. പല പരിശോധനകളിലും അവനെ വിശ്വസ്തനെന്നു കണ്ടിട്ടും ദൈവം വീണ്ടും





അവനെ പരീക്ഷിക്കുന്നു. ഊരിൽനിന്ന് അബ്രഹാമിനെ ആദ്യം വിളിച്ച സംഭവത്തിനുശേഷം അമ്പതു വർഷം കഴിഞ്ഞാണ് തന്റെ ഏകജാതനായ ഇസ്ഹാക്കിനെ ബലികഴിക്കുവാൻ ആവശ്യപ്പെടുന്നത്.അപ്പോഴും അവൻ അമ്പതുവർഷംമുമ്പു ചെയ്തതുപോലെ പൂർണ്ണഹൃദയത്തോടെ ദൈവത്തെ അനുസരിച്ചു.

പല വർഷങ്ങൾ നമ്മൾ വിശ്വസ്തരായി നിന്നു എന്നതുകൊണ്ട് ദൈവം നമ്മെ പരിശോധിക്കുന്നത് അവസാനിപ്പിക്കുന്നില്ല. അന്ത്യത്തോളം സ്നേഹത്തിൽ നിലനിൽക്കുന്നവനാണു രക്ഷിക്കപ്പെടുന്നത്.

സഹവിശ്വാസികളാൽ ത്യജിക്കപ്പെടുക എന്ന ശോധനയിലൂടെ ദൈവം നമ്മെ നടത്തിയെന്നിരിക്കും. 'അവൻ സ്വന്തത്തിലേക്കുവന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല' (യോഹ: 1:11) എന്ന് യേശുവിനെക്കുറിച്ച് എഴുതിയിരിക്കുന്നുവല്ലോ. യേശു ജഡത്തിലായിരുന്നപ്പോൾ ലഭിച്ച അതേ അഭ്യസനത്തിലൂടെ ദൈവം നമ്മെയും കടത്തിവിടുന്നുവെങ്കിൽ അവിടുന്നനുഭവിച്ച അതേ വ്യഥയിൽ നമുക്കും പങ്കാളിയാകാൻ കഴിയും. പക്ഷേ യേശുവിനെപ്പോലെ അവിടെ സ്നേഹത്തിൽ പ്രതികരിക്കുവാൻ നമ്മൾ ബാധ്യസ്ഥരാണെന്നും ഓർത്തിരിക്കണം.

> സഹവിശ്വാസികളാൽ ത്യജിക്കപ്പെടുക എന്ന ശോധനയിലൂടെ ദൈവം നമ്മെ നടത്തിയെന്നിരിക്കും. 'അവൻ സ്വന്തത്തിലേക്കുവന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല' എന്ന് യേശുവിനെക്കുറിച്ച് എഴുതിയിരിക്കുന്നുവല്ലോ. യേശു ജഡത്തിലായിരുന്നപ്പോൾ ലഭിച്ച അതേ അഭ്യസനത്തിലൂടെ ദൈവം നമ്മെയും കടത്തിവിടുന്നുവെങ്കിൽ അവിടുന്നനുഭവിച്ച അതേ വ്യഥയിൽ നമുക്കും പങ്കാളിയാകാൻ കഴിയും. പക്ഷേ യേശുവിനെപ്പോലെ അവിടെ സ്നേഹത്തിൽ പ്രതികരിക്കുവാൻ നമ്മൾ ബാധ്യസ്ഥരാണെന്നും ഓർത്തിരിക്കണം.

വചനം ശുശ്രൂഷിക്കാൻ കഴിവുണ്ടായിരുന്ന ഒരു ചെറുപ്പക്കാരനെ തന്റെ സഭയിലെ മൂപ്പൻ (അദ്ദേഹം ചെറുപ്പക്കാരനെക്കാൾ 20 വയസ്സുപ്രായം കൂടുതലുള്ള ആളാണ്) മിക്കപ്പോഴും പ്രസംഗിക്കാൻ അനുവദിക്കുമായിരുന്നില്ല. ചെറുപ്പക്കാരന്റെ ശുശ്രൂഷയിൽ അസൂയ ഉണ്ടായിരുന്ന ഈ മൂപ്പൻ മൂലം യോഗങ്ങളിൽ ഏറെ സമയവും മിണ്ടാതിരിക്കേണ്ടിവന്നു അദ്ദേഹത്തിന്. തിരസ്കരണത്തിന്റെ ഈ പരിശോധനയിൽ അദ്ദേഹം മൂപ്പന്റെ അധികാരത്തോടു മറുതലിക്കാതെ കീഴടങ്ങിയിരിക്കുകയും അദ്ദേഹത്തോടു നല്ല ബന്ധം നിലനിർത്തുകയും ചെയ്തു.

മുപ്പതു വർഷം കഴിഞ്ഞു. യുവാവ് പ്രായമായ ഒരാളായി. പക്ഷേ ദൈവം അദ്ദേഹത്തെ വീണ്ടും അതേ മേഖലയിൽ പരിശോധിക്കാൻ തുടങ്ങി. അദ്ദേഹത്തെ വീണ്ടും സഭയിൽ സംസാരിക്കാൻ അനുവദിക്കാത്ത സാഹചര്യം ദൈവം ഒരുക്കി. ഇപ്രാവശ്യവും മൂപ്പനു കീഴടങ്ങി അദ്ദേഹത്തോടു നല്ല ബന്ധം പുലർത്തി മീറ്റിംഗുകളിൽ മിണ്ടാതിരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. (ഇത്തവണത്തെ 'മൂപ്പൻ' അദ്ദേഹത്തെക്കാൾ 20 വയസ്സു പ്രായംകുറവുള്ള ആളായിരുന്നു!)

ജീവിതാന്ത്യംവരെ ദൈവം നമ്മെ പല വിധത്തിൽ പരിശോധിച്ചുകൊണ്ടിരിക്കും.

(തുടരും)

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**നി**രക്ഷരരും സംസ്കാരശൂന്യരുമെങ്കിലും കഠിനാധ്വാനികളും ആത്മാർത്ഥതയുള്ളവരും തുറന്ന മനസ്സിന്റെ ഉടമകളുമായിരുന്നു യേശു തിരഞ്ഞെടുത്തവരെല്ലാം. അക്കാലത്തെ മത വിഭാഗങ്ങളിലുള്ള ബുദ്ധിമാന്മാരായ ആളുകളെ ലജ്ജിപ്പിക്കുവാനാണ് യേശു അത് ചെയ്തത്. അതാണ് അവിടുന്ന് ഇന്നും ചെയ്യുന്നത്.

ദൈവം ജ്ഞാനികളെ തിരഞ്ഞടുക്കുകയില്ലെന്നല്ല. എന്നാൽ, 'ഏറെയില്ല' എന്നാണ് നാം ഇവിടെ കാണുന്നത്. ജ്ഞാനികളായ കുറച്ചുപേരെ ദൈവം തിരഞ്ഞെടുത്തുവെന്ന് വരാം. എന്നാൽ അവിടുന്ന് തിരഞ്ഞെടുക്കുന്നതിൽ ബഹുഭൂരിപക്ഷവും ഭോഷന്മാരും ലോകത്തിന്റെ ദൃഷ്ടിയിൽ ഒന്നുമല്ലാത്തവരുമാണ്.ഇങ്ങനെയുള്ളവരെ പ്രയോജനപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. ഇന്ത്യയുടെ ക്രൈസ്തവചരിത്രം നാം പരിശോധിച്ചാൽ ഈ രാജ്യത്തെ ക്രിസ്തുവിനായി സ്വാധീനിച്ചവരിൽ ബഹുഭൂരിപക്ഷവും വലിയ ജ്ഞാനികളൊന്നുമല്ലായിരുന്നു. അവർ സാധാരണക്കാരും പഠിപ്പില്ലാത്തവരുമെങ്കിലും നിഷ്കളങ്കരായ വ്യക്തികളായിരുന്നു. ദൈവം അവരെ തിരഞ്ഞെടുത്തു, പരിശുദ്ധാത്മാവിനാൽ നിറച്ചു, ശക്തമായി ഉപയോഗിച്ചു. ഇതു നാം മറന്നുകൂടാ. എന്തിനാണ് ദൈവം ഇപ്രകാരം ചെയ്യുന്നത്? എന്തെന്നാൽ ജ്ഞാനിയായ ഒരു മനുഷ്യൻ തന്റെ സാമർത്ഥ്യമുപയോഗിച്ച് ദൈവത്തെ ശ്രുശ്രൂഷിക്കുമ്പോൾ താൻ വളരെ ജ്ഞാനിയായതിനാലാണ് ദൈവം തന്നെ ഉപയോഗിക്കുന്നതെന്ന് ചിന്തിക്കുകയും അതിൽ പ്രശംസിക്കുകയും ചെയ്യുവാൻ സാധ്യതയുണ്ട്. ഔദാര്യമായി ദൈവവേലയ്ക്കായി ദാനം ചെയ്യുന്ന സമ്പന്നർ, സുവിശേഷം പ്രചരിപ്പിക്കുവാൻ തങ്ങളുടെ ധനം പ്രയോജനപ്പെടുന്നതിനാൽ തങ്ങൾ സഭയിൽ വിലയേറിയവരെന്ന് ചിന്തിക്കുവാൻ സാധ്യതയുണ്ട്. ഇവരെല്ലാം വഞ്ചിക്കപ്പെട്ടേക്കാം.സുവിശേഷത്തിന്റെ വ്യാപ്തിക്കായി നമ്മുടെ ജ്ഞാനവും പണവുമെല്ലാം ദൈവം ഉപയോഗിക്കുവാൻ സാധ്യതയുണ്ട്.എന്നാൽ ഇവരണ്ടും ദൈവം വിലമതിക്കുന്നില്ല എന്ന് നാം തിരിച്ചറിയണം.ഒന്നാം നൂറ്റാണ്ടിൽ അവിടുന്ന് നിരക്ഷരരും ദരിദ്രരുമായ അപ്പൊസ്തലന്മാരിലൂടെ പ്രവർത്തിച്ചു. ഇപ്രകാരം ദൈവം ചെയ്യുന്നത് ഒരു ജഡവും ദൈവ സന്നിധിയിൽ പ്രശംസിക്കാതിരിക്കേണ്ടതിനുവേണ്ടിയാണ്. (1:29).

*ദൈവവചനം പ്രസംഗിക്കുന്നവർ തങ്ങളുടെ പ്രസംഗങ്ങൾ ലളിതമായി പ്രസ്താവിക്കണം. കൊച്ചുകുട്ടികൾക്ക് മനസ്സിലാക്കുവാൻ സാധിച്ചാൽ മറ്റുള്ളവർക്കും അതു മനസ്സിലാകുമെന്ന് കരുതാം. അതിനാൽ യേശു ചെയ്തതുപോലെ ശിശുക്കളെ മുമ്പിൽക്കണ്ട് പ്രസംഗിക്കുവാനാണ് ഞാൻ പരിശ്രമിക്കുന്നത്*



**അദ്ധ്യായം 2**

ദൈവമുമ്പാകെ നാം നിൽക്കുമ്പോൾ പാടുന്ന പുതിയപാട്ട്, "കുഞ്ഞാടേ, നീ മാത്രം യോഗ്യൻ" (വെളി. 5:12) എന്നുള്ളതായിരിക്കും. പൗലൊസിനുപോലും സ്വർഗ്ഗത്തിൽ ഒരു മഹത്വത്തിനും യോഗ്യതയില്ല. ഏകദേശം ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുൻപ്, ഒരു ബൈബിൾ സെമിനാരിയുടെ ബിരുദദാനച്ചടങ്ങിന് സംസാരിക്കുവാൻ എന്നെക്ഷണിച്ചു. പഠിച്ചിറങ്ങുന്നവരിൽ ഒന്നാമനായി ധാരാളം സമ്മാനങ്ങൾ നേടിയെടുത്ത ഒരു വിദ്യാർത്ഥി, പിന്നീട് എന്റെയടുക്കൽ വന്ന് എന്നോട് ചിലകാര്യങ്ങൾ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു. താൻ പാപത്താൽ സമ്പൂർണ്ണമായി തോൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന് അയാൾ ഏറ്റുപറഞ്ഞു. ഇക്കാലമൊക്കെയും കൃത്യതയോടെ നേടിയെടുത്ത ബൈബിൾ പാണ്ഡിത്യം, അശുദ്ധചിന്തകളിൽ നിന്നും സ്ത്രീകളെ മോഹിക്കുന്നതിൽ നിന്നും അയാളെ സ്വതന്ത്രനാക്കിയിരുന്നില്ല. നാലുവർഷങ്ങൾ നീണ്ട ബൈബിൾ പഠനത്തിനൊടുവിൽ തന്റെ സ്ഥിതി മുമ്പത്തേതിനേക്കാൾ മോശമാണെന്ന് അയാൾ സമ്മതിച്ചു. അയാൾ ഒരു പാസ്റ്ററാകുമ്പോൾ ഈ ബൈബിൾ പഠനം എങ്ങനെയാണ് അയാളെ സഹായിക്കുവാൻ പോകുന്നത്?

ഔദാര്യമായി ദൈവവേലയ്ക്കായി ദാനം ചെയ്യുന്ന സമ്പന്നർ, സുവിശേഷം പ്രചരിപ്പിക്കുവാൻ തങ്ങളുടെ ധനം പ്രയോജനപ്പെടുന്നതിനാൽ തങ്ങൾ സഭയിൽ വിലയേറിയവരെന്ന് ചിന്തിക്കുവാൻ സാധ്യതയുണ്ട്. ഇവരെല്ലാം വഞ്ചിക്കപ്പെട്ടേക്കാം. സുവിശേഷത്തിന്റെ വ്യാപ്തിക്കായി നമ്മുടെ ജ്ഞാനവും പണവുമെല്ലാം ദൈവം ഉപയോഗിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ ഇവരണ്ടും ദൈവം വിലമതിക്കുന്നില്ല എന്ന് നാം തിരിച്ചറിയണം. ഇപ്രകാരം ദൈവം ചെയ്യുന്നത് ഒരു ജഡവും ദൈവ സന്നിധിയിൽ പ്രശംസിക്കാതിരിക്കേണ്ടതിനുവേണ്ടിയാണ്.

> പൗലൊസ് ധനികകുടുംബത്തിൽ നിന്നുള്ളവനെന്ന് മാത്രമല്ല താനൊരു പണ്ഡിതനുമായിരുന്നു. ഏത് തൊഴിൽമേഖലയിലും താൻ വലിയ വിജയങ്ങൾ നേടിയെടുത്തേനെ. ഇന്നത്തെ നിലയിൽ ചിന്തിച്ചാൽ, താനൊരു മിടുക്കനായ കമ്പ്യൂട്ടർ പ്രോഗ്രാമർ ആയിത്തീർന്നേനെ. എന്നാൽ കർത്താവിനെ ശുശ്രൂഷിക്കുവാനായി തന്റെ മാനുഷകഴിവുകളിലൊന്നും താൻ ആശ്രയിച്ചില്ല. തന്റെ മാനുഷികയോഗ്യതകളിലുള്ള ആശ്രയത്തെ സമ്പൂർണ്ണമായി ക്രൂശിക്കുവാൻ ക്രൂശിന്റെ വചനത്തെ താൻ അനുവദിച്ചു.

ബൈബിളിലെ എബ്രായ, ഗ്രീക്ക് പദങ്ങളുടെ ആന്തരികഅർത്ഥങ്ങൾ വിശ്വാസികളെ പഠിപ്പിക്കുവാനാണോ പോകുന്നത്?അതല്ലല്ലോ ആളുകളുടെ യഥാർത്ഥ ആവശ്യം. എങ്ങനെ പാപത്തെ ജയിക്കണമെന്നാണ് അവർക്ക് അറിയേണ്ടത്. എനിക്കയാളെക്കുറിച്ച് ഓർത്തപ്പോൾ വലിയ ദു:ഖം തോന്നി. എന്തുകൊണ്ടെന്നാൽ, കർത്താവിനെ അറിഞ്ഞ് രക്ഷയിലേക്ക് വന്ന ഒരു അക്രൈസ്തവനായിരുന്ന അയാൾ തന്റെ ജീവിതം നഷ്ടപ്പെടുത്തുകയായിരുന്നു. ഇത് ഇന്ന് ക്രിസ്തീയലോകത്ത് നാം കാണുന്ന ഒരു ദുരന്തമാണ്. ധാരാളം ബിരുദങ്ങൾ കരസ്ഥമാക്കിയിരിക്കുന്ന ബൈബിൾ പണ്ഡിതന്മാർ, ആളുകളെ അവരുടെ അനുദിന ജീവിതത്തിൽ ഒട്ടും സഹായിക്കാത്ത ചില തത്ത്വങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇക്കൂട്ടർ ജനത്തെ നയിക്കുന്നത് ജീവന്റെ വൃക്ഷത്തിലേക്കല്ല, മറിച്ച്, മരണത്തെ ക്കൊണ്ടുവരുന്ന അറിവിന്റെ വൃക്ഷത്തിലേക്കാണ്. അതിനാൽ നിങ്ങളുടെ കുടുംബപശ്ചാത്തലത്തെക്കുറിച്ചോ ജ്ഞാനത്തെക്കുറിച്ചും ഓർത്ത് പുകഴുവാൻ പാടില്ല. നിങ്ങളുടെ അഹന്ത, ദൈവഹിതം നിങ്ങളിൽ വെളിപ്പെടുന്നതിന് തടസ്സമായിത്തീരും. തർസൊസിലെ ഒരു സമ്പന്നകുടുംബത്തിലെ അംഗമായിരുന്നു പൗലൊസ്. യഹൂദവ്യാപാരികൾ കച്ചവടം നടത്തുവാൻ പോയിരുന്ന ഒരു പട്ടണമായിരുന്നു തർസൊസ്. പൗലൊസിന്റെ പിതാവ് അപ്രകാരമുള്ള ധനികനായ വ്യാപാരിയായിരുന്നു. ഗമാലിയേൽ പ്രഫസറായിരുന്ന യെരുശലേമിലെ ഏറ്റവും മികച്ച ബൈബിൾ സെമിനാരിയിൽ പഠിക്കുവാൻ ചെറുപ്പത്തിലെ പൗലൊസ് പോയി. ഇപ്രകാരമുള്ള ഒരു റബ്ബിയുടെ കീഴിൽ പഠനം നടത്തുക എന്നതു വലിയ ഒരു കാര്യമായിരുന്നു. പൗലൊസ് ധനികകുടുംബത്തിൽ നിന്നുള്ളവനെന്ന് മാത്രമല്ല താനൊരു പണ്ഡിതനുമായിരുന്നു. ഏത് തൊഴിൽമേഖലയിലും താൻ വലിയ വിജയങ്ങൾ നേടിയെടുത്തേനെ. ഇന്നത്തെ നിലയിൽ ചിന്തിച്ചാൽ, താനൊരു മിടുക്കനായ കമ്പ്യൂട്ടർ പ്രോഗ്രാമർ ആയിത്തീർന്നേനെ. എന്നാൽ കർത്താവിനെ ശുശ്രൂഷിക്കുവാനായി തന്റെ മാനുഷകഴിവുകളിലൊന്നും താൻ ആശ്രയിച്ചില്ല. തന്റെ മാനുഷികയോഗ്യതകളിലുള്ള ആശ്രയത്തെ സമ്പൂർണ്ണമായി ക്രൂശിക്കുവാൻ ക്രൂശിന്റെ വചനത്തെ താൻ അനുവദിച്ചു. കൊരിന്ത്യ ക്രിസ്ത്യാനികളോട് പൗലൊസ് പറഞ്ഞു, "ഞാനും, സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നത്" (2:1) തന്റെ പ്രസംഗങ്ങൾ മാനുഷികജ്ഞാനത്തിലായിരുന്നില്ല, മറിച്ച്, പരിശുദ്ധാത്മാവിന്റെ ശക്തിയിലായിരുന്നു. ആളുകളുടെ വിശ്വാസം മാനുഷികജ്ഞാനത്തിലല്ല, ദൈവത്തിന്റെ ശക്തിയിൽ തന്നെ അടിസ്ഥാനപ്പെടണമെന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം അതു





ചെയ്തത്. (2:4).

ദൈവവചനം പ്രസംഗിക്കുന്നവർ തങ്ങളുടെ പ്രസംഗങ്ങൾ ലളിതമായി പ്രസ്താവിക്കണം എന്നുള്ളതാണ് എനിക്ക് നിങ്ങളുടെ മുമ്പിൽ വയ്ക്കുവാനുള്ള വെല്ലുവിളി. ദൈവവചനം പ്രസംഗിച്ചുകൊണ്ടിരുന്ന കഴിഞ്ഞ നാല്പതിലധികം വർഷങ്ങളായി ഞാൻ എന്നോടുതന്നെ ചോദിക്കുന്നത് ഇതാണ്, "എന്നെക്കേൾക്കുന്ന ശിശുക്കൾക്ക് എന്റെ വാക്കുകൾ മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടോ? അതോ, ജ്ഞാനികളായവർക്ക് മാത്രമേ അത് മനസ്സിലാവുകയുള്ളോ? ഇംഗ്ലീഷിലെ കഠിനമായ വാക്കുകൾ മനസ്സിലാകില്ലാത്ത ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിന്റെ കാര്യമോ? അവർക്ക് എന്റെ പ്രസംഗം മനസ്സിലാക്കുവാൻ കഴിയുമോ?".കൊച്ചുകുട്ടികൾക്ക് മനസ്സിലാക്കുവാൻ സാധിച്ചാൽ മറ്റുള്ളവർക്കും അതു മനസ്സിലാകുമെന്ന് കരുതാം. അതിനാൽ യേശു ചെയ്തതുപോലെ ശിശുക്കളെ മുമ്പിൽക്കണ്ട് പ്രസംഗിക്കുവാനാണ് ഞാൻ പരിശ്രമിക്കുന്നത്. ജ്ഞാനികളായവർക്ക് മാത്രമേ നിങ്ങൾ പറയുന്നത് തിരിച്ചറിയുവാൻ കഴിയുന്നുള്ളു എങ്കിൽ 90% പേരും അത് ഗ്രഹിക്കുന്നില്ല എന്നതാണ് വാസ്തവം. എങ്കിൽ ആ പ്രസംഗത്തിലൂടെ എന്ത് നേട്ടമാണ് ലഭിക്കുന്നത്? ഒരു പക്ഷേ, ഒരു വലിയ ബൈബിൾ പണ്ഡിതനെന്നോ മികച്ച വാഗ്മിയെന്നോ ഉള്ള ബഹുമതി നിങ്ങൾക്ക് ലഭിച്ചേക്കാം.കുറച്ച് പണവും ലഭിച്ചേക്കാം. ഇതാണോ നിങ്ങൾക്ക് ആവശ്യം? അതോ ആളുകളെ അനുഗൃഹീതരാക്കിത്തീർക്കുകയാണോ? നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

> ഞാനൊരു യുവാവായിരുന്നപ്പോൾ കർത്താവ് എന്നോട് ചോദിച്ചു, "നിനക്ക് മനുഷ്യരെ പ്രീതിപ്പെടുത്തുകയാണോ അതോ അവരെ സഹായിക്കുകയാണോ വേണ്ടത്?'' ഞാൻ പറഞ്ഞു: "കർത്താവേ, എനിക്കവരെ സഹായിക്കുകയാണ് വേണ്ടത്." അവിടുന്ന് പറഞ്ഞു: "എങ്കിൽ അവരെ പ്രീതിപ്പെടുത്തുന്നത് നിർത്തുക!" അത് എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. നിങ്ങൾക്ക് മനുഷ്യരെ സഹായിക്കുവാനാണ് ആഗ്രഹമെങ്കിൽ, ലളിതമായ ഭാഷയിൽ സംസാരിക്കുക.

ഞാനൊരു യുവാവായിരുന്നപ്പോൾ കർത്താവ് എന്നോട് ചോദിച്ചു, "നിനക്ക് മനുഷ്യരെ പ്രീതിപ്പെടുത്തുകയാണോ അതോ അവരെ സഹായിക്കുകയാണോ വേണ്ടത്?" ഞാൻ പറഞ്ഞു: "കർത്താവേ, എനിക്കവരെ സഹായിക്കുകയാണ് വേണ്ടത്." അവിടുന്ന് പറഞ്ഞു: "എങ്കിൽ അവരെ പ്രീതിപ്പെടുത്തുന്നത് നിർത്തുക!" അത് എന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. നിങ്ങൾക്ക് മനുഷ്യരെ സഹായിക്കുവാനാണ് ആഗ്രഹമെങ്കിൽ, ലളിതമായ ഭാഷയിൽ സംസാരിക്കുക. ഒരു ചെറിയ ശിശുവിനെപ്പോലുള്ള ഹൃദയമുള്ളവർക്കാണ് ദൈവം തന്റെ സത്യങ്ങളെ വെളിപ്പെടുത്തുന്നത്. തങ്ങളുടെ അറിവിലും യോഗ്യതകളിലും പ്രശംസിക്കുന്നവർക്കല്ല(മത്താ. 11:25). കൊച്ചുകുഞ്ഞുങ്ങൾക്ക് പോലും മനസ്സിലാവുന്ന നിലയിൽ ലളിതമായിട്ടാണ് യേശു വചനം പ്രസംഗിച്ചത്.

അതിനാൽ പൗലൊസ് പറയുന്നത് ഇതാണ്: "എനിക്ക് പാണ്ഡിത്യവും ബുദ്ധിയുള്ള മനസ്സുമുണ്ട്. എങ്കിലും നിങ്ങളോട് സംസാരിക്കുവാൻ അവയൊന്നും ഉപയോഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ കഴിവുകളും അറിവുകളും പാണ്ഡിത്യവുമെല്ലാം ക്രിസ്തുവിന്റെ പാദങ്ങളിൽ ഞാൻ സമർപ്പിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയോടും അഭിഷേകത്തോടും കൂടി ലളിതമായ ഭാഷയിൽ

> ആളുകളോട് സംസാരിക്കുന്നതിന് മുമ്പ് അവരുടെ ആത്മീയാവസ്ഥയെക്കുറിച്ച് നാം അറിവുള്ളവരായിരിക്കണം. അപ്പോൾ അവർക്കാവശ്യമുള്ളത് കൊടുക്കുവാൻ നമുക്ക് സാധിക്കും. വർഷങ്ങൾ പഴക്കമുള്ള വിശ്വാസികളെങ്കിലും കൊരിന്ത്യർ വളർച്ചയില്ലാത്തവരായിരുന്നു. അതിനാൽ പാലല്ലാതെ കട്ടിയായ ആഹാരം അവർക്ക് കൊടുക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ പക്വത പ്രാപിച്ച ക്രിസ്ത്യാനികളോട് ക്രിസ്തുവിനെക്കുറിച്ചുള്ള ആഴമേറിയ കാര്യങ്ങൾ പങ്കുവയ്ക്കുവാൻ പൗലൊസിന് കഴിയുമായിരുന്നു.

നിങ്ങളോട് സംസാരിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.അപ്പോൾ പരിശുദ്ധാത്മാവ് എന്റെ വാക്കുകളെ നിങ്ങളുടെ ബുദ്ധിയിലേക്കല്ല മറിച്ചു നിങ്ങളുടെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് എത്തിക്കുക തന്നെ ചെയ്യും.അതാണ് എനിക്കാവശ്യം.എന്റെ ബുദ്ധിശക്തികൊണ്ട് നിങ്ങളെ സ്വാധീനിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയങ്ങളിൽ പാപബോധം ഉളവാക്കുകയും അതുവഴി നിങ്ങളെ ക്രിസ്തുവിലുള്ള സമൃദ്ധമായ ജീവനിലേക്ക് നടത്തുകയും വേണമെന്ന് ഞാൻ ആശിക്കുന്നു. "ഇതാണ് ക്രൂശിന്റെ വചനം. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ ശിശുക്കളായിരുന്നതിനാൽ പൗലൊസ് അവർക്ക് പാലാണ് കൊടുത്തത് (3:1,2) ആളുകളോട് സംസാരിക്കുന്നതിന് മുമ്പ് അവരുടെ ആത്മീയാവസ്ഥയെക്കുറിച്ച് നാം അറിവുള്ളവരായിരിക്കണം. അപ്പോൾ അവർക്കാവശ്യമുള്ളത് കൊടുക്കുവാൻ നമുക്ക് സാധിക്കും. പക്വത പ്രാപിച്ച ദൈവമക്കളോട് സംസാരിക്കുമ്പോൾ ഒരു നിലയിലും ക്രിസ്തുവിൽ ശിശുക്കളായവരോട് മറ്റൊരു നിലയിലും സംസാരിക്കുവാൻ കഴിയണം.വർഷങ്ങൾ പഴക്കമുള്ള വിശ്വാസികളെങ്കിലും കൊരിന്ത്യർ വളർച്ചയില്ലാത്തവരായിരുന്നു.അതിനാൽ പാലല്ലാതെ കട്ടിയായ ആഹാരം അവർക്ക് കൊടുക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ പക്വത പ്രാപിച്ച ക്രിസ്ത്യാനികളോട് ക്രിസ്തുവിനെക്കുറിച്ചുള്ള ആഴമേറിയ കാര്യങ്ങൾ പങ്കുവയ്ക്കുവാൻ പൗലൊസിന് കഴിയുമായിരുന്നു. പക്വതള്ള ക്രിസ്ത്യാനികളോട് ജഡികതയും ആത്മീയതയും തമ്മിലുള്ള വേർതിരിവ്, 'ജഡികജീവനെ മരണത്തിന് ഏല്പിക്കുക' തുടങ്ങിയ വിഷയങ്ങൾ നമുക്ക് സംസാരിക്കുവാൻ കഴിയും.എന്നാൽ ശിശുക്കളോട് അനുതാപം പാപക്ഷമ, ശിക്ഷാവിധി, അതുപോലെ കുറ്റബോധം, കോപം, ദുഷിച്ചചിന്തകൾ തുടങ്ങിയവയുടെ മേലുള്ള വിജയം എന്നിങ്ങനെയുള്ള ലളിതമായ വിഷയങ്ങൾ മാത്രമേ സംസാരിക്കുവാൻ കഴിയൂ. ചവച്ചരച്ച് കഴിക്കേണ്ട മാംസാഹാരം കഴിക്കുവാൻ സാധിക്കാത്ത ശിശുക്കൾക്ക് പാൽ മാത്രമേ കൊടുക്കുവാൻ കഴിയൂ.എന്നാൽ പക്വതയുള്ളവരോടാണെങ്കിലും, ലോകത്തിന്റെ ജ്ഞാനമുപയോഗിച്ചല്ല, ദൈവികജ്ഞാനത്തിലാണു നാം സംസാരിക്കേണ്ടത് (2:6,7). ഈ ദൈവിക ജ്ഞാനം മാനുഷിക കണ്ണുകൾക്ക് കാണുവാനോ, മാനുഷികചെവികൾക്ക് ശ്രവിക്കുവാനോ, മാനുഷിക ഹൃദയങ്ങൾക്ക് ഗ്രഹിക്കുവാനോ സാധിക്കുകയില്ല. ഇവയെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരേണ്ടതുണ്ട് (2:9,10). അസാമാന്യ ബുദ്ധിവൈഭവമുള്ള ഒരു മനസ്സ് നിങ്ങൾക്കുണ്ടോ ഇല്ലയോ എന്നുള്ളത് ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല. സാധാരണക്കാരായ ആളുകൾക്ക് അസാധാരണമായ ചില ശുശ്രൂഷകൾ നൽകി ദൈവം അവരിലൂടെ തന്റെ സഭയെ പണിയുന്നത് കഴിഞ്ഞ നൂറ്റാണ്ടുകളിൽ നാം കണ്ടതാണ്. (തുടരും)

മൊഴിമാറ്റം: **ബോബി കുര്യൻ**





## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

# സഹായിയും മാർഗ്ഗദർശിയും

**ആനി പുന്നൻ**

**അധ്യായം -3**

**ക**ൗമാരത്തിൽനിന്നു ഞാൻ മെല്ലെ സ്ത്രീത്വത്തിലേക്കു കടക്കുകയായിരുന്നു.എല്ലാത്തരത്തിലുമുള്ള വികാരങ്ങളും എന്റെ മനസ്സിലേക്കു തള്ളിക്കയറി വരാൻ തുടങ്ങി. ഒരിക്കൽ ആരാലെങ്കിലും സ്നേഹിക്കപ്പെടാൻ ആഗ്രഹിച്ച ഞാൻ ഇപ്പോൾ ഒരു പുരുഷന്റെ സ്നേഹത്തിനായി വാഞ്ഛിക്കുന്നപോലെ. നല്ല ഒരു യുവാവ് എന്നെ സ്നേഹിക്കുന്നതായുള്ള പകൽക്കിനാവുകളിൽ ഞാൻ മുഴുകി.ചിന്തകൾ ചിലപ്പോൾ കടിഞ്ഞാണില്ലാത്ത കുതിരകളായി മാറും!

ഈ സാങ്കല്പിക ലോകം വലിയ അപകടമാണെന്നു ഞാൻ വേഗം കണ്ടെത്തി. യേശുവുമായുള്ള എന്റെ ബന്ധത്തെ തടസ്സപ്പെടുത്തുന്ന ശക്തനായ ഒരു മല്ലനാണ് ഈ പകൽ സ്വപ്നങ്ങളെന്നു ഞാൻ തിരിച്ചറിഞ്ഞു. എന്റെ യഥാർത്ഥ സ്നേഹിതനായ യേശുവുമായി സംസാരിക്കുന്നതിനെക്കാളേറെ സങ്കല്പങ്ങളിൽ മുഴുകാനായിരുന്നു എന്റെ മനസ്സിന്റെ സ്വാഭാവിക താത്പര്യം. ഈ ശീലത്തിൽനിന്നു കുതറിമാറുവാൻ എനിക്കു കഴിയാതായി.

ഹോസ്റ്റലിൽ ചില പെൺകുട്ടികൾ തമ്മിൽ അസ്വാഭാവികമായ അടുപ്പങ്ങളുണ്ടായിരുന്നു.അവർ അവരെ സ്വന്തമാക്കി വച്ചിരിക്കുന്നതുപോലെ. അന്യോന്യം ഇവർ അടുപ്പം പ്രകടിപ്പിക്കുന്ന രീതി എന്നെ അലോസരപ്പെടുത്തി. ദൈവം തന്റെ വചനത്തിൽ (റോമർ. 1:26, 27) വിലക്കുകയും വെറുക്കുകയും ചെയ്തിരിക്കുന്ന വഴിവിട്ട ബന്ധങ്ങളാണിവയെന്നു ഞാൻ ക്രമേണ മനസ്സിലാക്കി. ഞാൻ ഇത്തരം പെൺകുട്ടികളുമായുള്ള ചങ്ങാത്തം ഒഴിവാക്കി.

ഹോസ്റ്റലിലെ മിക്ക കുട്ടികളും തങ്ങളുടെ ജീവിതം യേശുവിനായി സമർപ്പിച്ചവരായിരുന്നില്ല.ഇവർ അന്യോന്യം ഇടയ്ക്കിടെ കലഹിക്കുകയും ആഴ്ചകളോളം മിണ്ടാതിരിക്കുകയും ചെയ്യും.

എന്നാൽ ഹോസ്റ്റലിൽ പ്രസന്നമായ മുഖമുള്ള ഞങ്ങളുടെ ഒരധ്യാപിക ഉണ്ടായിരുന്നു. അവർ യേശുവിനെ സ്നേഹിക്കുന്ന പ്രതിബദ്ധതയുള്ള ഒരു ക്രിസ്ത്യാനിയാണെന്നു ഞാൻ വൈകാതെ മനസ്സിലാക്കി. അവർ എല്ലാം മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു വനിതയായിരുന്നു. ഞാൻ എന്റെ പ്രശ്നങ്ങൾ അവരുമായി പങ്കിട്ടു. ഓരോ തവണയും വേണ്ട ഉപദേശം തന്നെ അവർ തന്നു. അവരുടെ ശക്തിയുടെയും വിവേകത്തിന്റെയും ഉറവിടം യേശു തന്നെയാണെന്നു ഞാൻ കണ്ടെ

പല പൂക്കളും പലരുടേയും ശ്രദ്ധയിൽ പെടാത്തസ്ഥലങ്ങളിലാണു വിരിഞ്ഞു പരിമളം പരത്തുന്നത്. ഇതുപോലെ ആളുകളെ കാണിക്കാനല്ല, ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്ന ഒരു ജീവിതമാണു നാം നയിക്കേണ്ടത്. മനോഹരങ്ങളായ എത്ര പുഷ്പങ്ങൾ കരുതലില്ലാത്ത കാലടികളുടെ ചുവട്ടിൽ ഞെരിഞ്ഞമരുന്നു! പക്ഷേ ഒരൊറ്റ പുഷ്പംപോലും തന്നെ ചവുട്ടിയരയ്ക്കുന്ന കാലടികൾക്കെതിരെ പ്രതികരിക്കുന്നില്ല. ഇതിൽനിന്നു നാം ഉൾക്കൊള്ളേണ്ട പാഠം എന്താണ്? അപമാനങ്ങളെ മുറുമുറുപ്പ് കൂടാതെ സഹിക്കാനും മറ്റുള്ളവരോടു വേഗത്തിൽ ക്ഷമിക്കാനും നാം തയ്യാറാകേണ്ടതുണ്ടെന്നാണ് ഇതു നമ്മെ പഠിപ്പിക്കുന്നത്.

ത്തി.

തുടർന്നു പല വർഷങ്ങൾ ഈ അദ്ധ്യാപിക എന്റെ മാതൃകയായിരുന്നു. ഞാൻ ഹോസ്റ്റൽവിട്ടശേഷവും അവരുടെ ജീവിതത്തിന്റെ സ്വാധീനം എന്റെമേലുണ്ടായിരുന്നു. വളരെ നാളുകൾ കഴിഞ്ഞാണ് അവരുടെ ജീവിതം എങ്ങനെ എന്നെ ആഴത്തിൽ സ്വാധീനിച്ചു എന്നു ഞാൻ തന്നെ മനസ്സിലാക്കിയത്.എന്റെ ജീവിതത്തിലെ ധാരാളം നല്ല കാര്യങ്ങൾക്കു പ്രചോദനം അവരായിരുന്നു!

അവർ ഞങ്ങളോടു ലളിതമായി കാര്യങ്ങൾ പറയും. സയൻസ് ക്ലാസ്സിൽ അവർ പൂക്കളെക്കുറിച്ചു പഠിപ്പിക്കുകയാണെന്നിരിക്കട്ടെ. ലില്ലി പുഷ്പങ്ങളെ അവർ വിശുദ്ധിയുടെ പ്രതീകമായി ചിത്രീകരിക്കും. നമ്മുടെ ഭൂമിയിലെ ജീവിതവും ലില്ലി പൂക്കളെപ്പോലെയാണ്. ഇന്നു കാണുന്നു. നാളെ വാടിപ്പോകുന്നു! റോസാപുഷ്പങ്ങൾ സൗരഭ്യംപരത്തുന്നതു കൂടുതലും രാത്രിയിലാണ്. പരീക്ഷകളുടെ ഇരുണ്ടരാത്രിയിലൂടെ, പോകുമ്പോൾ നമുക്കെങ്ങനെ പരിമളം പരത്താൻ കഴിയുമെന്നാണു റോസാപുഷ്പം നമ്മെ പഠിപ്പിക്കുന്നതത്രേ! തണലിലും താഴ്‌വരയിലും വിരിയുന്ന പുഷ്പങ്ങൾ അവർക്കു താഴ്മയുടെയും എളിമയുടെയും പ്രതീകങ്ങളാകും. പല പൂക്കളും പലരുടേയും ശ്രദ്ധയിൽ പെടാത്തസ്ഥലങ്ങളിലാണു വിരിഞ്ഞു പരിമളം പരത്തുന്നത്. ഇതുപോലെ ആളുകളെ കാണിക്കാനല്ല, ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്ന ഒരു ജീവിതമാണു നാം നയിക്കേണ്ടത്. മനോഹരങ്ങളായ എത്ര പുഷ്പങ്ങൾ കരുതലില്ലാത്ത കാലടികളുടെ ചുവട്ടിൽ ഞെരിഞ്ഞമരുന്നു! പക്ഷേ ഒരൊറ്റ പുഷ്പംപോലും തന്നെ ചവുട്ടിയരയ്ക്കുന്ന കാലടികൾക്കെതിരെ പ്രതികരിക്കുന്നില്ല. ഇതിൽനിന്നു നാം ഉൾക്കൊള്ളേണ്ട പാഠം എന്താണ്? അപമാനങ്ങളെ മുറുമുറുപ്പ് കൂടാതെ സഹിക്കാനും മറ്റുള്ളവരോടു വേഗത്തിൽ ക്ഷമിക്കാനും നാം തയ്യാറാകേണ്ടതുണ്ടെന്നാണ് ഇതു നമ്മെ പഠിപ്പിക്കുന്നത്. ഇത്തരം ഉദാഹരണങ്ങൾ എന്റെ ഇളം മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചു. എന്റെ സ്വഭാവം കരുപ്പിടിപ്പിക്കുന്നതിനും ഇവ നൽകിയ സംഭാവന ചില്ലറയല്ല!.

ഈ അധ്യാപിക ഞങ്ങളുടെ ഹോസ്റ്റലിന്റെ വാർഡൻ കൂടിയായിരുന്നു.ഞങ്ങൾ വളരുമ്പോൾ ഞങ്ങളെത്തന്നെ എങ്ങനെ സൂക്ഷിക്കണമെന്നും അവർ ഞങ്ങളെ പഠിപ്പിച്ചു. ശുചിത്വബോധമുള്ളവരായിരിക്കണം പെൺകുട്ടികൾ. കൃത്യമായി കുളിക്കണം. അഴുക്കാകുന്ന ശരീരഭാഗങ്ങളും വിയർക്കുന്ന സ്ഥലങ്ങളും നന്നായി കഴുകണം. ആർത്തവത്തെ ഒരു രോഗമായി കാണരുത്. മറിച്ച് സ്രഷ്ടാവ് അത്ഭുതകരമായി സൃഷ്ടിച്ച നമ്മുടെ ശരീരത്തിലെ





സ്വാഭാവികമായ ഒരു പ്രക്രിയയാണത്.

ജീവിതത്തിൽ എല്ലാം സ്വാഭാവികമായ ലാളിത്യത്തോടെ എടുക്കാൻ അവർ ഞങ്ങളെ പഠിപ്പിച്ചു. നടക്കേണ്ടപ്പോൾ നടക്കണം. കളിക്കേണ്ടപ്പോൾ കളിക്കണം. ശരീരത്തിനു നല്ല വ്യായാമം ഉണ്ടായിരിക്കണം. ഞങ്ങൾ മെലിഞ്ഞ് 'സ്മാർട്ടാ'യിരിക്കണം. തടിച്ച് മടിയരായിരിക്കരുത് – അവർ പറയും. ഞങ്ങളോടൊപ്പം കളിക്കാനും അവർ കൂടുമായിരുന്നു.

ഞങ്ങളുടെ മുടിവൃത്തിയായി സൂക്ഷിക്കാൻ അവർ പഠിപ്പിച്ചു. അതിൽ പേനുണ്ടായിരിക്കരുത്. ഹോസ്റ്റലിൽ താമസിക്കുന്ന പെൺകുട്ടികളിൽ അതു സാധാരണമാണല്ലോ. ഞങ്ങളുടെ സാധനങ്ങൾ മുറിയിൽ അടുക്കിവയ്ക്കണം. വലിച്ചുവാരി ഇടരുത്. ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കണം. വസ്ത്രങ്ങൾ കൃത്യമായി അലക്കുകയും തയ്യൽവിട്ടവ തയ്ക്കുകയും വേണം.

മിക്കപ്പോഴും അവർ സദൃശ വാക്യങ്ങളിൽ നിന്നുള്ള ജ്ഞാനത്തിന്റെ വചനങ്ങൾ ഉദ്ധരിക്കും. ബൈബിളിൽനിന്നു വാക്യങ്ങൾ കാണാതെപഠിക്കുന്നതിനും അവർ പ്രേരിപ്പിക്കും.

സംഗീതക്ലാസ്സുകൾ ഞങ്ങൾക്ക് ഏറെ ഇഷ്ടമായിരുന്നു. ഞങ്ങൾ പല ക്രിസ്തീയഗാനങ്ങളും ശ്രുതിമധുരമായി ആലപിക്കാൻ പഠിച്ചു. തനിയെ ഇരിക്കുമ്പോൾ അവയിൽ പലതും ഞാൻ മൂളുമായിരുന്നു. നിരാശയോടെ ഇരിക്കുമ്പോൾ ഈ വരികൾ എന്റെ ആത്മാവിനെ ഉത്തേജിപ്പിക്കും. ദൈവത്തെ എല്ലാ സമയത്തും സ്തുതിക്കണമെന്നും അതിൽനിന്നു വലിയശക്തി ലഭിക്കുമെന്നും ആ ദിനങ്ങളിലാണു ഞാൻ പഠിച്ചത്.

പാഠഭാഗങ്ങൾ അന്നന്നു പഠിക്കണമെന്നും വാർഡൻ ഞങ്ങളെ ഉപദേശിക്കും. എല്ലാം പഠിക്കാതെ കൂട്ടിയിട്ടു പരീക്ഷയുടെ തലേന്നു വേവലാതിപ്പെട്ടു പഠിക്കുന്നതിൽ അർത്ഥമില്ല. പരീക്ഷകളെ പേടിക്കരുത്. ഉത്സാഹത്തോടെ പഠിക്കുക. പരീക്ഷകളിൽ കള്ളം കാണിക്കരുത്. അറിയാവുന്നതു ക്രമത്തിൽ വൃത്തിയായി എഴുതുക. ബാക്കി ദൈവത്തിനു വിട്ടുകൊടുക്കുക. ഞങ്ങളുടെ ഹൃദയം ദൈവത്തിൽ ഏകാഗ്രമായിരുന്നാൽ ഒരു സൈന്യം ഞങ്ങളുടെ നേരെ പാളയമിറങ്ങിയാലും അവിടുന്നു ഞങ്ങളെ പൂർണ സമാധാനത്തിൽ കാക്കും (സങ്കീർത്തനം 27:3) എന്ന ബൈബിൾ വാക്യം അവർ ഇതോടനുബന്ധിച്ചു ഞങ്ങളെ പഠിപ്പിച്ചു. പരീക്ഷാസമയത്തുപലരും ആവശ്യമില്ലാതെ ടെൻഷനടിക്കും. എന്നാൽ ആ സമയത്തു ശാന്തമായിരിക്കാൻ മനസ്സിനെ പഠിപ്പിക്കണമെന്നു വാർഡൻ ഞങ്ങളെ ഉപദേശിച്ചു.

ചരിത്രക്ലാസ്സുകളിൽ ഇന്ത്യഭരിച്ച രാജാക്കന്മാരെക്കുറിച്ചു മാത്രമല്ല ഇന്ത്യയിൽ സേവനം അനുഷ്ഠിച്ച മിഷനറിമാരെക്കുറിച്ചും അവർ ഞങ്ങളെ പഠിപ്പിച്ചു. ഈ മിഷനറിമാർ ത്യാഗപൂർണമായി തങ്ങളുടെ ജീവിതം ഇന്ത്യയെ കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥലമാക്കുന്നതിനു വേണ്ടിയാണ് ഉഴിഞ്ഞുവച്ചത്.

വില്യംകേരിയെക്കുറിച്ച് അവർ ഞങ്ങളോടു പറഞ്ഞു. ഇംഗ്ലണ്ടിൽ അദ്ദേഹം ഒരു ചെരുപ്പുകുത്തിയായിരുന്നു.എന്നാൽ അദ്ദേഹം നമ്മുടെ രാജ്യത്തെ ജനങ്ങൾക്കു സുവിശേഷം നൽകുവാൻ വന്നപ്പോൾ ഇവിടെ ത്യാഗഭരിതമായ ഒരു ജീവിതമാണു നയിച്ചത്. ഒട്ടേറെ കഷ്ടതകൾ, തിരിച്ചടികൾ എന്നിവയിലൂടെ അദ്ദേഹം കടന്നുപോയി. ഇന്ത്യയിലെ പലഭാഷകളിലേക്കു ബൈബിൾ വിവർത്തനം ചെയ്തു നൽകുന്ന അത്ഭുതകരമായ പ്രവൃത്തിക്കു നേതൃത്വം നൽകാൻ ദൈവം അദ്ദേഹത്തെയാണ് ഉപയോഗിച്ചത്. ഇന്ത്യക്കാർക്കു പലർക്കും തങ്ങളുടെ മാതൃഭാഷയിൽ ദൈവവചനം ലഭ്യമായത്

ഈയൊരൊറ്റ മനുഷ്യനിലൂടെയാണ്.

എമികാർമൈക്കിൾ എന്ന മിഷനറി വനിതയെക്കുറിച്ചും അവർ ഞങ്ങളോടു പറഞ്ഞു. അയർലണ്ടിൽ നിന്നു തമിഴ്നാട്ടിലെ ഡോണാവൂരിൽ എത്തി അവിടെ അനാഥ പെൺകുട്ടികൾക്കായി ഒരു ഭവനം ആരംഭിച്ചു. മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ട പെൺകുഞ്ഞുങ്ങളെ എടുത്ത് അവരെ ദൈവത്തെ ഭയപ്പെടുന്ന വനിതാരത്നങ്ങളായി വാർത്തെടുക്കുന്ന മഹത്തായ ശുശ്രൂഷയാണ് എമികാർമൈക്കിൾ, തന്റെ മുഴുജീവിതവും ഡോണാവൂരിൽ ഹോമിച്ചുകൊണ്ട്, പൂർത്തിയാക്കിയത്.

ജോൺ ഹൈഡ് ('പ്രാർത്ഥനാമനുഷ്യനായ ഹൈഡ്' എന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു) എന്ന മിഷനറിയെക്കുറിച്ചും അവർ ഞങ്ങളോടു പറഞ്ഞു. പഞ്ചാബിൽ പ്രവർത്തിച്ച അദ്ദേഹം അനേകം ആത്മാക്കളെ ക്രിസ്തുവിനായി ആദായപ്പെടുത്തി.

ഈ യഥാർത്ഥ ജീവിതകഥകൾ ഷാജഹാൻ ചക്രവർത്തിയുടെയോ അശോകന്റെയോ ചരിത്ര പാഠങ്ങളെക്കാളേറെ എന്നെ സ്പർശിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു.

ഞങ്ങളുടെ ഈ പ്രിയവാർഡൻ ഞങ്ങളോരൊരുത്തരുടെയും കാര്യങ്ങൾ ശ്രദ്ധിക്കാൻ ഏറെ സമയം വിനിയോഗിച്ചതിൽ എനിക്കു വലിയ നന്ദി അവരോടു തോന്നി.പല വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് ഞങ്ങൾക്ക് അവരോടു തുറന്നു സംസാരിക്കാമായിരുന്നു. എന്റെ അമ്മ അവരെപ്പോലെയായിരുന്നെങ്കിൽ എന്നു ഞാൻ എത്രയോ വട്ടം ആഗ്രഹിച്ചിട്ടുണ്ട്!

താൻ തന്നെ ഒരനാഥയായിരുന്നെന്നു വാർഡൻ എന്നോട് ഒരിക്കൽ പറഞ്ഞു.ഡോണാവൂരിൽ എമികാർമൈക്കിളാണ് അവരെ വളർത്തിയത്. പ്രായപൂർത്തിയായപ്പോൾ ടീച്ചർ ട്രെയിനിങ് കോഴ്സ് പഠിച്ച് അവർ സ്കൂളിലും ഹോസ്റ്റലിലും ഈ ഉദ്യോഗം സ്വീകരിക്കുകയായിരുന്നു. അവർ നിഷ്പക്ഷമായി ഞങ്ങളെ എല്ലാം ഒരുപോലെ സ്നേഹിച്ചു!.

അച്ചടക്കമുള്ള ഒരു ജീവിതം നയിക്കാൻ അവർ എന്നെ ഉത്സാഹിപ്പിച്ചു. ദിനംതോറും ബൈബിൾ വായിക്കാനും പ്രാർത്ഥിക്കാനും സമയം എടുക്കാൻ (ദൈവത്തോടു ചേർന്ന് ഏകാന്തസമയം) താൻ ക്രമമായി ശ്രമിക്കാറുണ്ടെന്ന തന്റെ അനുഭവം അവർഎന്നോടു പങ്കിട്ടു. എന്നെയും അങ്ങനെ ചെയ്യാൻ പ്രോത്സാഹിപ്പിച്ചു. സങ്കല്പങ്ങളിൽ മുഴുകി ജീവിക്കുന്നത്, കൂട്ടുകാരോടു ചിലപ്പോൾ വൈരാഗ്യം പുലർത്തുന്നത് തുടങ്ങിയ എന്റെ പ്രശ്നങ്ങൾ ദൈവത്തോടു തുറന്നുപറയാനും ഈ ശീലങ്ങളിന്മേൽ ജയം നേടാനും അവർ എന്നെ ഉപദേശിച്ചു.

എന്റെ പിതാവിനോടു ഞാൻ നാളുകൾക്കുമുൻപേ ക്ഷമിച്ചിരുന്നു. എന്നാൽ ഇപ്പോൾ ക്രമേണ മറ്റുചിലരോട് കയ്പുള്ള മനോഭാവത്തിൽ എത്തിച്ചേർന്നിരിക്കുന്നു. കയ്പ്, വൈരാഗ്യം എന്നിവയോടുള്ള പോരാട്ടം ജീവിതത്തിൽ ഉടനീളം വേണ്ടതാണെന്നു ഞാൻ മനസ്സിലാക്കി.കാരണം ആളുകൾ നമ്മെ ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും മുറിവേല്പിക്കാം. പക്ഷേ അവരോടു ക്ഷമിക്കാനും അവരെ സ്നേഹിക്കാനുമുള്ള കൃപ ദൈവത്തിനു നൽകുവാൻ കഴിയും.

ക്രിസ്തുവിന്റെ സുവിശേഷത്തിലുള്ള അത്ഭുതകരമായ ശക്തി എന്നുപറയുന്നത് ഇതാണ്.

(തുടരും)

മൊഴിമാറ്റം: **സാന്ദ്ര**

❖





## സാധുസുന്ദർസിങ്ങിന്റെ സാരോപദേശകഥകൾ

# കഷ്ടതയുടെ പിന്നിലെ രഹസ്യങ്ങൾ

**ശിഷ്യൻ:-** കുരിശിന്റെ സാധ്യതയെക്കുറിച്ച് പറയാമോ? കഷ്ടതയും വേദനയും ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്നു പറയാമോ ഗുരോ?

കർത്താവ്:- (1) കുരിശ് സ്വർഗ്ഗത്തിന്റെ താക്കോലാണ്. എന്റെ സ്നാനത്തിന്റെ സമയത്തു പാപികൾക്കുവേണ്ടി ഞാൻ കുരിശ് എന്റെ തോളിലേറ്റിയപ്പോൾ സ്വർഗ്ഗം തുറന്നു.അതുപോലെ 33 വർഷം ഞാൻ കുരിശു വഹിച്ചതിന്റെയും ഒടുവിൽ അതിന്മേലേറി മരിച്ചതിന്റെയും ഫലമായി അതുവരെ പാപത്താൽ അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം സദാകാലത്തേക്കും വിശ്വാസികൾക്കായി തുറക്കപ്പെട്ടു.

വിശ്വാസികൾ അവരുടെ കുരിശു വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരുമ്പോൾ എന്നിലൂടെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു (യോഹ. 10:9).അവിശ്വാസികൾക്കു സ്വർഗ്ഗം അടയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ വിശ്വാസികളോ ലോകത്തിനു മനസ്സിലാക്കുവാൻ കഴിയാത്ത വലിയ അനുഗ്രഹം അനുഭവിക്കുന്നു. എന്നാൽ വിശ്വാസികൾക്കു ഭൂമിയിൽ കഷ്ടമുണ്ട്. ഈ കഷ്ടതയിൽ ഞാൻ എന്റെ കുഞ്ഞുങ്ങൾക്കു പൂർണ്ണ സന്തോഷവും സമാധാനവും ആശ്വാസവും നൽകും.കുരിശു സന്തോഷത്തോടെ സ്വീകരിക്കുന്നവരെ ആ കുരിശു തന്നെ വഹിച്ചുകൊള്ളും.ആ കുരിശിൽ ആശ്രയിച്ചുകൊണ്ട് ഒടുവിൽ അവർ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുകയും ചെയ്യും.

(2) ശൈത്യദേശങ്ങളിൽ വസിക്കുന്നവർക്കു ചൂടും ഉഷ്ണദേശങ്ങളിൽ വസിക്കുന്നവർക്കു ശീതവും എപ്രകാരം ദുസ്സഹമായിരിക്കുന്നുവോ അതുപോലെ മനുഷ്യന്റെ കലഹശീലത്തിന്റെയും ദുസ്സ്വഭാവത്തിന്റെയും ഫലമായാണ് വേദനയും കഷ്ടതയും ലോകത്തിൽ ഉള്ളത്.ചൂടും തണുപ്പും ഭൂമിയുടെയും സൂര്യന്റെയും പരസ്പരനിലയെ ആശ്രയിച്ചാണിരിക്കുന്നത്.അങ്ങനെതന്നെ മനുഷ്യനും അവന്റെ സ്വതന്ത്രബുദ്ധിയുടെ ഫലമായി ദൈവത്തോടു രമ്യതയിലോ ശത്രുതയിലോ ആയിത്തീരുന്നു. ദൈവകല്പനകൾ ആത്മീയമായ ആരോഗ്യത്തിനും ഭാഗ്യത്തിനുമായി നൽകപ്പെട്ടിരിക്കുന്നതിനാൽ അവയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്നത് ആത്മീയവേദനയ്ക്കും കഷ്ടതയ്ക്കും കാരണമായിത്തീരുന്നു. ഈ ഭിന്നതയുടെയും മത്സരത്തിന്റെയും അവസ്ഥ ദൈവം മുഴുവ

> ഭൂകമ്പത്തിന്റെ ഫലമായി ചിലപ്പോൾ മണലാരണ്യങ്ങളിൽ നീരുറവകൾ പൊങ്ങിവന്നു മരുഭൂമികളെ ഫലഭൂയിഷ്ഠമാക്കിത്തീർക്കുന്നതു പോലെ, ചിലപ്പോൾ കഷ്ടാനുഭവങ്ങളാകുന്ന ഞെരുക്കങ്ങൾ മനുഷ്യഹൃദയങ്ങളിൽ മറഞ്ഞുകിടന്ന ജീവനീരുറവകളെ പ്രത്യക്ഷമാക്കുന്നു.പിറുപിറുപ്പും ആവലാതിയും കൊണ്ടു നിറഞ്ഞിരുന്ന ഹൃദയങ്ങളിൽ നിന്നു കൃതജ്ഞതയുടേയും സന്തോഷത്തിന്റെയും ഉറവകൾ പുറപ്പെടുന്നു

നായി നീക്കുന്നതിനു പകരം ഈ ലോകം മനുഷ്യന്റെ ശാശ്വത ഭവനമല്ലെന്നും അവൻ ഇവിടെ പരദേശിയെപ്പോലെ പാർക്കേണ്ടവനാണെന്നുമുള്ള സത്യങ്ങൾ കഷ്ടത നമ്മെ ഗ്രഹിപ്പിക്കുന്നു( 2 കൊരി. 5:1,2,6).

നിത്യവും ശാശ്വതവുമായ ഒരു ഭവനത്തിൽ ചെന്നു ചേരുന്നതിനു മനുഷ്യനെ ഒരുക്കുന്നതിനുള്ള ഒരു സ്ഥലമാണ് ഈ ലോകം. വിചാരഹീനനായിത്തീർന്ന്, സത്യത്തിൽ നിന്നു പിൻതിരിഞ്ഞ് ഈ ലോകത്തോടുകൂടി നശിച്ചുപോകാതിരിക്കത്തക്കവണ്ണം അവന്റെ ആത്മാവിനെ ഉണർവുള്ളതായി സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യനെ നിർഭാഗ്യകരമെന്നു തോന്നുന്ന ചില അനുഭവങ്ങളിൽക്കൂടി പലപ്പോഴും കടത്തിവിടാറുള്ളത്. സ്രഷ്ടാവായ ദൈവവുമായുള്ള സംസ്സർഗം അവന് അനുഭവമായിത്തീരണമെന്നാണു ദൈവത്തിന് അവനെക്കുറിച്ചുള്ള ഉദ്ദേശ്യം. ഈ ലോകത്തിലെ കഷ്ടതകളിലും വേദനകളിലും കൂടി കടന്നു മനുഷ്യൻ സ്വർഗത്തിൽ നിത്യഭാഗ്യം അനുഭവിക്കുന്നതിന് ഇടയാകണമെന്നു ദൈവം ആഗ്രഹിക്കുന്നു.

3. ദു:ഖവും വേദനയും പാഷാണം പോലെ കയ്പുള്ളതാണ്. എന്നാൽ വിഷത്തിനു ചിലപ്പോൾ പ്രത്യൗഷധമായി കൊടുക്കുന്നതും വിഷം തന്നെയാണെന്നതു വിസ്മരിക്കരുത്. അതുകൊണ്ടു ഞാൻ ചിലപ്പോൾ എന്റെ ഭക്തന്മാരുടെ ആത്മീയമായ ആരോഗ്യവും ശക്തിയും വർദ്ധിച്ചു വരുന്നതിനായി അവരെ കഷ്ടതയിലും സങ്കടത്തിലും കൂടി നടത്താറുണ്ട്. അവരുടെ ആത്മാക്കൾ പൂർണആരോഗ്യം പ്രാപിക്കുമ്പോൾ അവരുടെ കഷ്ടതയും അവസാനിക്കുന്നു. അവരുടെ കഷ്ടത ഞാൻ ഒട്ടും ഇഷ്ടപ്പെടുന്നില്ല. അവർ നിത്യസന്തോഷം അനുഭവിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത് (വിലാ. 3:31, 33).

4. ഭൂകമ്പത്തിന്റെ ഫലമായി ചിലപ്പോൾ മണലാരണ്യങ്ങളിൽ നീരുറവകൾ പൊങ്ങിവന്നു മരുഭൂമികളെ ഫലഭൂയിഷ്ഠമാക്കിത്തീർക്കുന്നതുപോലെ, ചിലപ്പോൾ കഷ്ടാനുഭവങ്ങളാകുന്ന ഞെരുക്കങ്ങൾ മനുഷ്യഹൃദയങ്ങളിൽ മറഞ്ഞുകിടന്ന ജീവനീരുറവകളെ പ്രത്യക്ഷമാക്കുന്നു.പിറുപിറുപ്പും ആവലാതിയും കൊണ്ടു നിറഞ്ഞിരുന്ന ഹൃദയങ്ങളിൽ നിന്നു കൃതജ്ഞതയുടേയും സന്തോഷത്തിന്റെയും ഉറവകൾ പുറപ്പെടുന്നു (സങ്കീ. 119:67,71).

5. ഒരു ശിശു ജനിച്ചു കഴിഞ്ഞാൽ ഉടനെ കരയേണ്ടത് അത്യാവശ്യമാണ്. അതിന്റെ ശ്വാസം നേരെ വിടു





ന്നതിനും ശ്വാസകോശങ്ങൾ ശരിയായി ഉപയോഗത്തിൽ വരുന്നതിനും ഇതു സഹായിക്കുന്നു. വല്ല കാരണവശാലും കരയുന്നില്ലെങ്കിൽ അതിനെ അടിച്ചിട്ടെങ്കിലും കരയിക്കണം. പൂർണ്ണ സ്നേഹത്തെക്കുറിച്ചും ഇതു വാസ്തവം തന്നെ.കഷ്ടതയുടേയും അതിവേദനയുടേയും അടികളാൽ ചിലപ്പോൾ ഞാൻ എന്റെ കുഞ്ഞുങ്ങളെ കരയിക്കുന്നത്, അവരുടെ ആത്മീയ ശ്വാസകോശങ്ങളിൽക്കൂടെ പ്രാർത്ഥനയാകുന്ന ശ്വാസം വിഘ്നംകൂടാതെ വ്യാപരിപ്പിക്കുന്നതിനും അതുമൂലം അവർക്കു നിത്യജീവനും ശക്തിയും ഉണ്ടാകുന്നതിനുമാണ്.

6. കുരിശ് ഒരു മാതളപ്പഴം പോലെയാണ്. അതിന്റെ പുറത്തെ തൊലി കയ്പ്പുള്ളതെങ്കിലും ഉള്ള് വളരെ മധുരമുള്ളതും ശക്തിനൽകുന്നതുമാണ്.അതുപോലെതന്നെ കുരിശു ബാഹ്യമായ യാതൊരു ആകർഷണവുമുള്ളതല്ല. എന്നാൽ കുരിശു വഹിക്കുന്ന ഒരുവന് അതിന്റെ യഥാർത്ഥ തത്ത്വം മനസ്സിലാവുകയും ആത്മീയ സമാധാനത്തിന്റെ വിശേഷതരങ്ങളായ ഫലങ്ങൾ അവൻ അതുമൂലം അനുഭവിക്കുകയും ചെയ്യുന്നു.

7. ഞാൻ മനുഷ്യാവതാരം ചെയ്തപ്പോൾ, ക്രൂശിന്റെ ക്രൂരത സഹിച്ചതു മനുഷ്യരക്ഷാർത്ഥം ആയിരുന്നു. ഞാൻ കുരിശിന്മേൽ കിടന്നതായ ഏതാനും മണിക്കൂറുകളിലോ എന്റെ പരസ്യശുശ്രൂഷയുടെ കാലത്തോ മാത്രമല്ല എന്റെ ഇഹലോകവാസകാലം മുഴുവനും മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി ഞാൻ കുരിശു ചുമന്നു. മരണത്തിന്റെ കയ്പായ അനുഭവത്തിൽ നിന്നവൻ സ്വതന്ത്രനാകുന്നതിനാണു ഞാൻ ഇപ്രകാരം ചെയ്തത്.ശുചിത്വമുള്ള ഒരാൾക്കു വൃത്തിയില്ലാത്ത സ്ഥലങ്ങളിൽ നിൽക്കുന്നത് എത്ര സങ്കടമാണ്! അതുപോലെതന്നെ എന്നിൽ ജീവിക്കുന്നവർക്കു ദുഷ്ടന്മാരോടുകൂടിയുള്ള വാസവും ദുസ്സഹമായി തോന്നുന്നു.പ്രാർഥനാതത്പരരായ ചിലർ ലോകത്തെ ത്യജിച്ചു സന്യാസികളായി ഗുഹകളിലും മരുഭൂമികളിലും പോയി താമസിക്കുന്നതിന്റേയും കാരണം ഇതുതന്നെയാണ്.

പാപികളായിരുന്ന ചില മനുഷ്യർക്കു തങ്ങളെപ്പോലെ തന്നെ പാപികളായവരുടെ സാമീപ്യം അത്ര ദുസ്സഹമായി തോന്നുന്നുവെങ്കിൽ പരിശുദ്ധിയുടെ ഉറവയായിരിക്കുന്ന എനിക്കു പാപത്താൽ മലിനപ്പെട്ട മനുഷ്യജാതിയുടെ ഇടയിൽ മുപ്പത്തിമൂന്നര വർഷം ജീവിപ്പാൻ ഇടവന്നത് എത്ര സങ്കടകരമായ ഒരു കുരിശ് ആയിരുന്നുവെന്നു ചിന്തിക്കുക. ഇതിന്റെ രഹസ്യം മനസ്സിലാക്കുന്നതിനു ദൈവദൂതന്മാർപോലും കൊതിക്കുന്നു.മനുഷ്യബുദ്ധിക്കാകട്ടെ ഇത് അറിയുന്നതിനോ ഗ്രഹിക്കുന്നതിനോ സാധ്യമല്ല (1 പത്രോ. 1:12). സൃഷ്ടിക്കു മുമ്പുതന്നെ ദൈവസ്നേഹത്തെക്കുറിച്ചു ദൈവദൂതന്മാർ അറിഞ്ഞിരുന്നു. എങ്കിലും തന്റെ സൃഷ്ടികളായ മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്നു രക്ഷിച്ച് അവരെ നിത്യജീവന് അംശികളാക്കിത്തീർക്കുവാനായി ദൈവം തന്നെ മനുഷ്യാവതാരം ചെയ്തു. ക്രൂശിലെ മരണത്തോളം തന്നെത്താൻ താഴ്ത്തുവാൻ തക്കവണ്ണമുള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചോർത്ത് അവർ ആശ്ചര്യഭരിതരായിത്തീർന്നു.

(തുടരും)

❖

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-28

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു.*

## അനാഥർക്ക് ഒരാലയം

**റീ**സ് ഹൊവൽസ്, ഒരു ദിവസം ചൈനാ ഇൻലാൻഡ് മിഷനിലെ ഒരു മിഷനറിയുടെ അനുഭവക്കുറിപ്പുകൾ വായിക്കുകയായിരുന്നു. ഡോ. വൈറ്റ്ഫീൽഡ് ഗിന്നസ് എന്നായിരുന്നു ആ മിഷനറിയുടെ പേര്. അദ്ദേഹം ചൈനയിൽ മിഷനറിയായിരിക്കുമ്പോൾ തന്റെ കുഞ്ഞുങ്ങളെ നാട്ടിലെ സ്കൂളിലാക്കിയിരുന്നു.എന്നാൽ സ്കൂൾ അവധി ദിവസങ്ങളിൽ ഈ കുഞ്ഞുങ്ങളെ നാട്ടിലുള്ള ആരും അവരുടെ വീടുകളിൽ താമസിപ്പിക്കാൻ തയ്യാറാകാഞ്ഞതിലുള്ള വേദന അദ്ദേഹം ആ അനുഭവക്കുറിപ്പിൽ പങ്കു വച്ചിരുന്നു.

സാധാരണ മിഷനറിമാർ കുട്ടികളെ നാട്ടിലെ സ്കൂളിൽ ആക്കിയ ശേഷമാണു ചൈനയിൽ പ്രേഷിത പ്രവർത്തനത്തിനായി പോകുന്നത്. സ്കൂൾ ഉള്ളപ്പോൾ ഈ കുഞ്ഞുങ്ങൾ സ്കൂൾ ഹോസ്റ്റലിൽ കഴിയും. എന്നാൽ ഇടയ്ക്ക് അവധിക്കു സ്കൂൾ പൂട്ടുമ്പോൾ ഹോസ്റ്റലിൽ തുടരാൻ കഴിയുകയില്ലല്ലോ. ഈ സമയത്ത് കുട്ടികളെ ആരെങ്കിലും വിളിച്ചുകൊണ്ടുപോയി അവധിക്കാലത്തു തങ്ങളുടെ വീട്ടിൽ പാർപ്പിച്ചിരുന്നെങ്കിൽ അതു മിഷനറിമാർക്കു വലിയ സഹായമാകുമായിരുന്നു. അല്ലെങ്കിൽ ചൈനപോലെ വിദൂരസ്ഥലങ്ങളിൽ കഴിയുന്ന മിഷനറിമാർക്ക് എന്തു ചെയ്യാനാകും!





താൻ ചൈനയിലായിരുന്നപ്പോൾ നാട്ടിലെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ അവധിക്കാലത്ത് എന്തുചെയ്യുമെന്നു നിരന്തരം വേവലാതിപ്പെട്ടിരുന്നെന്നു ഡോ. വൈറ്റ് ഫീൽഡ് ഗിന്നസ് അനുഭവക്കുറിപ്പിൽ എഴുതിയിരുന്നു. 'ഒരു പക്ഷേ ചൈനയിൽ ഞാൻ നേരിട്ട എതിർപ്പുകളെക്കേറെ എന്നെ അസ്വസ്ഥനാക്കിയത് ഇക്കാര്യമാണ്.'

ഗിന്നസിന്റെ ഈ വാക്കുകൾ വായിച്ചപ്പോൾ 'എത്രയോ ശരി' എന്നു റീസ് ഓർത്തുപോയി. ആഫ്രിക്കയിൽ ഭാര്യയുമൊത്തു സുവിശേഷപ്രവർത്തനത്തിനു പോയപ്പോൾ മകനെ നാട്ടിൽ നിർത്തിയിട്ടു പോയതിന്റെ ഓർമ്മകൾ പൊടുന്നനെ റീസിന്റെ മനസ്സിൽ സജീവമായി. ഇന്നും എത്രയോ മിഷനറിമാർ നാട്ടിലുള്ള സ്വന്തം കുഞ്ഞുങ്ങളെ ഓർത്തു വേവലാതിപ്പെടുന്നുണ്ടാകണം! പ്രത്യേകിച്ച് അമ്മമാർ. മനസ്സമാധാനത്തോടെ വിദേശത്തെ സുവിശേഷപ്രവർത്തനങ്ങളിൽ മുഴുകാൻ ഇതവർക്കു തടസ്സമാകുകയില്ലേ?.

ഈ മിഷനറിമാരുടെ കുഞ്ഞുങ്ങൾക്കുവേണ്ടി എന്തുചെയ്യാനാകും? - അതായി റീസിന്റെ ചിന്ത. അദ്ദേഹം സ്വന്തം മുറിയിൽ കയറി കതകടച്ചു പ്രാർത്ഥിക്കാനിരുന്നു. പ്രാർത്ഥന, നെടുവീർപ്പ്, ഭക്ഷണമില്ല. ഉറക്കമില്ല. ഒടുവിൽ റീസ് ചോദിച്ചു: ''ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുത്തെ ആഗ്രഹം?" (ഇക്കാര്യത്തിൽ ഒരു പ്രമാണം ഉണ്ടെന്നു റീസ് പറയാറുണ്ട്- ഒരു പ്രത്യേക കാര്യത്തെക്കുറിച്ചുള്ള ഭാരം നിങ്ങൾക്കു താങ്ങാൻ കഴിയാതാകുമ്പോൾ അതു പരിശുദ്ധാത്മാവിനെ ഏല്പിക്കുക. ഇക്കാര്യത്തിൽ റീസ് അതാണു ചെയ്തത്.)

മറുപടി ഇങ്ങനെയായിരുന്നു: "മിഷൻ ഫീൽഡിലേക്കു കുഞ്ഞുങ്ങളെ കൊണ്ടുപോകാൻ കഴിയാത്ത എല്ലാ മിഷനറിമാരുടെയും കുഞ്ഞുങ്ങൾക്കുവേണ്ടി നീ ഒരു വീട് ഉണ്ടാക്കുക."

റീസിനു സമ്മതിക്കുകയല്ലാതെ മാർഗ്ഗമില്ലായിരുന്നു.

മിഷനറിമാരുടെ കുഞ്ഞുങ്ങൾക്കായി ഒരു വീടും അവർക്കു പഠിക്കാൻ ഒരു സ്കൂളും - റീസിനു പുതിയൊരു ലക്ഷ്യമായി. ആത്മാവിലെ വ്യഥയോടെ മിഷനറിമാരുടെ ആവശ്യം ഏറ്റെടുത്തു പ്രാർത്ഥിച്ചപ്പോഴാണ് ദൈവം ഈ ദൗത്യം റീസിനെ ഏല്പിച്ചത്. എന്നാൽ വർഷങ്ങൾക്കു മുൻപു തന്നെ 'നീ അനാഥർക്ക് ഒരു പിതാവായിരിക്കണ'മെന്നു ദൈവം റീസിനോട് അരുളിച്ചെയ്തത് മറ്റൊരുതരത്തിൽ ഇങ്ങനെ യാഥാർത്ഥ്യമാകുകയായിരുന്നു.

അന്നു മുതൽ കോളജിൽ ആ വിഷയവും വച്ചു പ്രാർത്ഥിക്കാൻ ആരംഭിച്ചു. ദൈവത്തെ അനുസരിക്കുന്നതിന് തങ്ങളുടെ കുഞ്ഞുങ്ങളെക്കാളേറെ പ്രാധാന്യം നൽകിയ മിഷനറി ദമ്പതിമാരുടെ ഹൃദയവികാരങ്ങളോടു സമന്വയിച്ചുകൊണ്ടുള്ള പ്രാർത്ഥന.

പ്രാർത്ഥനയോടൊപ്പം, വീടും സ്കൂളും സ്ഥാപിക്കാൻ സ്ഥലത്തിനുവേണ്ടിയുള്ള അന്വേഷണവും സജീവമാക്കി.കോളജിൽ നിന്ന് അധികം ദൂരെയല്ലാതെ സർ ബൈണ് മോറിസിന്റെ ബംഗ്ലാവും 17 ഏക്കർസ്ഥലവും ഉൾപ്പെടുന്ന 'സ്കെറ്റി പാർക്ക്' വാങ്ങാമെന്നായിരുന്നു ആദ്യചിന്ത. ഇതിനായി സ്വാൻസി കോർപറേഷനുമായി റീസ് കൂടിയാലോചന നടത്തി. ഇതു പല മാസങ്ങൾ നീണ്ടുനിന്നു. ഒടുവിൽ 'സ്കെറ്റി പാർക്ക്' വിൽക്കേണ്ട എന്ന തീരുമാനത്തിലാണ് സ്വാൻസി കോർപറേഷൻ അധികൃതർ എത്തിച്ചേർന്നത്. എന്നാൽ ഈ തീരുമാനം വന്നതിന്റെ പിറ്റേദിവസം തന്നെ 'സ്കെറ്റി ഇസാഫ്' എന്ന മറ്റൊരു എസ്റ്റേറ്റ് കച്ചവടത്തിനായി വന്നു. ഇതും 17 ഏക്കർ ഉള്ള ഒരു എസ്റ്റേറ്റായിരുന്നു. റീസിന്റെ ഡെർവെൻഫോർ എസ്റ്റേറ്റിന് എതിർവശത്തു തൊട്ടടുത്തായിരുന്നു 'സ്കെറ്റി

ഇസാഫ്.'

'സ്കെറ്റി ഇസാഫ്' രണ്ടു തട്ടുകളായാണു കിടന്നിരുന്നത്. അതുകൊണ്ട് ബംഗ്ലാവും അഞ്ചേക്കറും ആദ്യം വില്ക്കാമെന്ന് ഉടമസ്ഥർ വിചാരിച്ചു. പണത്തിന്റെ ദൗർലഭ്യം ഉണ്ടായിരുന്നതുകൊണ്ട് റീസിനും അതായിരുന്നു സൗകര്യം. അവിടെ താമസിച്ചിരുന്ന മേജർ പ്രാറ്റിന് സ്ഥലത്തിന്മേൽ റീസ് കണ്ണുവച്ചിട്ടുണ്ടെന്ന് അറിഞ്ഞതോടെ പരിഭ്രാന്തിയായി. അദ്ദേഹം അടുത്ത ദിവസം ക്ലബ്ബിൽ തമാശയായി ഇങ്ങനെയാണു പറഞ്ഞത്: 'റീസ് എന്റെ മതിലിലേക്കും സ്ഥലത്തേക്കും നോക്കി പ്രാർത്ഥിക്കാൻ തുടങ്ങിയെങ്കിൽ ഇനി രക്ഷയില്ല.എന്തെങ്കിലും എനിക്കു സംഭവിക്കുന്നതിനു മുൻപ് സ്ഥലം റീസിനു കൈമാറി തടി രക്ഷിക്കുകയേ മാർഗ്ഗമുള്ളു.'

ഒടുവിൽ അദ്ദേഹം അതുതന്നെ ചെയ്തു.

'സ്കെറ്റി ഇസാഫ്' വാങ്ങാനുള്ള വ്യക്തമായ നിയോഗം റീസിനു ദൈവത്തിൽ നിന്നു ലഭിച്ചു. ഏജന്റ് സ്ഥലം സംബന്ധിച്ച കരാർ എഴുതിയശേഷം അത് ഒപ്പുവച്ചു നൽകാൻ റീസിനെ ഏൽപിച്ചു. പക്ഷേ കരാർ ഒപ്പിട്ടുകൊടുക്കുമ്പോൾ ഒപ്പം ഡെപ്പോസിറ്റും നൽകണം. എന്നാൽ അതിനു പണം എവിടെ?. അതുകൊണ്ട് റീസ് കരാറും പോക്കറ്റിലിട്ട് ഏജന്റിനു പിടികൊടുക്കാതെ പ്രാർത്ഥിച്ചുകൊണ്ടു നടന്നതു മൂന്നാഴ്ച!. ഒടുവിൽ ദൈവത്തിൽ നിന്നു വിടുതൽ ലഭ്യമായി. സ്കെറ്റി ഇസാഫ് 3,000 പൗണ്ടിന് റീസ് വാങ്ങി. സാമ്പത്തിക മാന്ദ്യത്തിന്റെ ആ കാലഘട്ടത്തിൽ അത്രയും വിലകുറച്ച് വേറെ വസ്തുക്കൾ കിട്ടുമായിരുന്നില്ല. പിന്നീട് റീസ് 'സ്കെറ്റി ഇസാഫ്' എസ്റ്റേറ്റിന്റെ ബാക്കി 12 ഏക്കറും വാങ്ങി. അതിനുശേഷം അതിനോടു ചേർന്നു കിടന്ന ഏഴ് ഏക്കറും വാങ്ങിച്ച് സ്ഥലം വിപുലപ്പെടുത്തിയതോടെ സ്കൂളിനും മിഷനറിമാരുടെ കുഞ്ഞുങ്ങളെ പ്രധാനമായും ഉദ്ദേശിച്ചുള്ള അനാഥാലയത്തിനു ഇഷ്ടം പോലെ സ്ഥലമായി!

സ്കെറ്റി പാർക്ക് വാങ്ങുവാൻ ആദ്യം ശ്രമിച്ചു. അതിന് അനുവദിക്കാതെ സ്കെറ്റി ഇസാഫ് വാങ്ങാനാണു ദൈവം റീസിനെ അനുവദിച്ചത്. ഇത് വിശ്വാസത്തിന്റെ ഒരു വിലപ്പെട്ട പാഠമാണു നൽകുന്നതെന്നു റീസ് കണ്ടു. അദ്ദേഹം അത് ഇങ്ങനെ വിശദീകരിച്ചു: "ഏതെങ്കിലും ഒരു കാര്യത്തിനായി നാം പ്രാർത്ഥിക്കുന്നു. അതിൽ ഒരു മരണം നേരിടാൻ ദൈവം അനുവദിക്കുന്നു. തുടർന്ന് മറ്റൊരു മെച്ചപ്പെട്ട കാര്യം അവിടുന്ന് എളുപ്പത്തിൽ നൽകുന്നു. ഉദാഹരണത്തിന് ഡെർവെൻഫോർ എസ്റ്റേറ്റു വാങ്ങിയ കാര്യം തന്നെ നോക്കുക. ഡെർവെൻഫോർ വാങ്ങുന്നതിനുമുൻപ് അല്പം അകലെയുള്ള മറ്റൊരു സ്ഥലം വാങ്ങാനായി ഞാൻ മാസങ്ങൾ പരിശ്രമിച്ചു. അതു വാങ്ങത്തക്കവണ്ണം വിശ്വാസത്തിന്റെ ഉന്നതമായ ഒരു സ്ഥലത്തു തന്നെ ഞങ്ങൾ എത്തി. അത് ഉടൻ ലഭ്യമാകുമെന്നും കരുതി. പക്ഷേ അത് അവസാന നിമിഷം നിഷേധിക്കപ്പെട്ടു. ദൈവമായിരുന്നു അതിനു പിന്നിൽ. ആദ്യ സ്ഥലം നിഷേധിക്കപ്പെട്ട അതേ ആഴ്ചയിൽ തന്നെ 'ഡെർവെൻ ഫോർ' വില്പനയ്ക്കു വന്നു. അതു ലഭിക്കുകയും ചെയ്തു. അതുപോലെ 'സ്കെറ്റി പാർക്ക്' വാങ്ങുന്ന കാര്യവും. കോർപറേഷൻ എന്റെ അപേക്ഷ നിരസിച്ചപ്പോൾ ഞാൻ സന്തോഷിക്കുകയാണു ചെയ്തത്. കാരണം ദൈവത്തിന്റെ കരം അതിലുണ്ടെന്നു ഞാൻ തിരിച്ചറിഞ്ഞു. അടുത്ത ദിവസം തന്നെ സ്കെറ്റി ഇസാഫ് വില്പനയ്ക്കെത്തി, അതു ഞങ്ങൾക്കു ലഭിക്കുകയും ചെയ്തു."

വിശ്വാസത്തിന്റെ ഇതേ പ്രമാണം തന്നെ റീസിന്റെ ജീവിതത്തിൽ വിവിധ





ഘട്ടങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. ദൈവം നൽകിയ ഏതെങ്കിലും ഉന്നതലക്ഷ്യത്തിനുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ ചെറിയ ഏതെങ്കിലും വിടുതലിനായി റീസ് പ്രാർത്ഥിക്കും. പോരാടും, വിശ്വസിക്കും. എന്നാൽ അതു താൻ ചോദിച്ച രീതിയിൽ റീസിനു കിട്ടിയില്ലെന്നു വരാം.പുറത്തുനിന്നു നോക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം ഇതൊരു പരാജയമായി തോന്നിയേക്കാം. വിമർശനങ്ങളും ഉയർന്നേക്കാം. എന്നാൽ ഇത്തരം തിരിച്ചടി റീസിലും വിശ്വാസത്തിന്റെ പോരാട്ടത്തിൽ തന്നോടൊപ്പം ആയിരിക്കുന്നവരിലും നേരേ എതിരായ ഫലമാണുണ്ടാക്കുക. ഈ തിരിച്ചടി അവരെ കൂടുതൽ ശക്തിപ്പെടുത്തും. പ്രധാനപ്പെട്ട, പരമമായ ലക്ഷ്യത്തിനായി വിശ്വാസത്തോടെ അവർ തുടർന്നും പോരാടും. ഒടുവിൽ അതു ലഭിക്കുകയും ചെയ്യും. താൽക്കാലിക തിരിച്ചടികളെ റീസും കൂട്ടരും ഒരു തോൽവിയായല്ല കണ്ടത്. മറിച്ച് ഉന്നതമായ ലക്ഷ്യത്തിലേക്കുള്ള ചവിട്ടുപടിയായാണ്.

ഒടുവിൽ മിഷനറിമാരുടെ കുഞ്ഞുങ്ങൾക്കായുള്ള സ്കൂൾ 1933ൽ ആരംഭിച്ചു. മൊത്തം 11 ആൺകുട്ടികളും പെൺകുട്ടികളും. ചിലർ അടുത്തുള്ള ജില്ലകളിൽ നിന്നുള്ളവരായിരുന്നു. അവരെയും സ്വീകരിച്ചു.

മുന്നോട്ടു പോയപ്പോൾ ഇത് ഈ കുഞ്ഞുങ്ങളുടെ ഒരു യഥാർത്ഥ വീടു തന്നെയായി മാറ്റാൻ റീസ് ഉത്സാഹിച്ചു. ഒരു സ്കൂളിന്റെ അന്തരീക്ഷത്തിന് അപ്പുറത്ത് ഒരു ഗൃഹാന്തരീക്ഷമാണ് ഈ സ്ഥാപനത്തെ ചുഴ്ന്നു നിന്നത്. ക്രമേണ മിഷനറിമാരുടെ കൂടുതൽ കുഞ്ഞുങ്ങളെ അന്തേവാസികളായി ലഭിച്ചു. മറ്റു 'ഡേസ്കോളേഴ്സി'ന്റെ എണ്ണവും വർധിച്ചു. കുട്ടികളെ പഠിപ്പിക്കാൻ ത്യാഗമനോഭാവമുള്ള അധ്യാപകരെയും മറ്റു സ്റ്റാഫിനെയും ലഭിച്ചു. ദൈവം തന്നെയാണ് അവരെ അങ്ങോട്ടയച്ചതെന്നു വ്യക്തമായിരുന്നു. കെന്നത്ത് മാക് ഡൗവൽ എം. എ. ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. മിസ് ഡോറിസ് റൂസ്കോ ബി.എ. ഹെഡ്മിസ്ട്രസിന്റെ സ്ഥാനവും വഹിച്ചു. കുട്ടികളുടെ മേട്രണായും മറ്റും വന്നവരും എല്ലാം കർത്താവിനായി സ്കൂളിൽ സൗജന്യസേവനമാണു ചെയ്തത്.

സ്കൂൾ 1935ൽ ഗ്ലീൻഡെൻവെന്നിലേക്കു മാറ്റി. കുട്ടികളുടെ എണ്ണം കൂടിയപ്പോൾ ഒരു ഡോർമിറ്ററി ബ്ലോക്ക്, മൂന്നു ബ്ലോക്കുകളായി ക്ലാസ് മുറികൾ, കുട്ടികൾക്കായി ഒരു ജിംനേഷ്യം എന്നിവയും പണികഴിപ്പിച്ചു. അതിന്റെ പണിക്കാർ ജോലിക്കായി എത്തിയപ്പോൾ റീസിന്റെ കയ്യിൽ പതിവുപോലെ ഒരു പെനി പോലും ഇല്ല. ആദ്യ ആഴ്ചയിലെ പണി ആഴ്ചയുടെ അവസാനം കൂലി തീർക്കാം എന്ന ധാരണയിൽ മുന്നോട്ടുപോയി. ഒടുവിൽ ശനിയാഴ്ചയെത്തി.അന്നു കൂലി കൊടുക്കണം. അന്നത്തെ ആദ്യ തപാൽ വന്നു. അതിൽ പണമോ ചെക്കോ ഉണ്ടായിരുന്നില്ല. രണ്ടാമത്തെ തപാൽ വന്നപ്പോൾ, അതാ അതിൽ 20 പൗണ്ടിന്റെ ഒരു ചെക്ക്! കൂലിക്ക് അതുമതിയായിരുന്നു.

അടുത്ത ശനിയാഴ്ച വന്നപ്പോൾ ദൈവം ഒരു വനിതയെ അങ്ങോട്ടയച്ചു. ഒരു ഡിന്നർ നടത്താനുള്ള പരിപാടി വേണ്ടെന്നു വച്ച് ആ പണം റീസിനെ ഏൽപിക്കാൻ ദൈവം അവളെ നിയോഗിക്കുകയായിരുന്നു. 25 പൗണ്ടുമായാണ് അവൾ എത്തിയത്!.ആ ആഴ്ചത്തെ കൂലിക്ക് അതു മതിയായിരുന്നു.

ഇങ്ങനെ ഓരോ ആഴ്ച വീതം പണി മുന്നോട്ടുപോയി. ഒടുവിൽ കോളജുകൾ, സ്കൂൾ എന്നിവയുടെ എല്ലാ പുതിയ കെട്ടിടങ്ങളുടെയും പണിപൂർത്തിയായി. മൊത്തം ചെലവ് 30,000 പൗണ്ട്!

പണി നടക്കുമ്പോൾ 1000 പൗണ്ടിന്റെ വീതം ഒമ്പതു വ്യത്യസ്ത സംഭാവനകൾ

Youth Section




# What is the Baptism In The Holy Spirit

- Part I

**Sandeep Poonen**

***Question:***

Can you please help me understand how I can receive the baptism in the Holy Spirit?

***Answer:***

This is a very important question, because the baptism in the Holy Spirit is a matter of much confusion. I took all of 2012 to describe the ministry of the Holy Spirit, but I didn't specifically address this question. So I want to share my present thoughts on this topic, and on the phrase: "baptism in the Holy Spirit." And what I will try to do is answer this question by giving 12 points that I hope brings some clarity on this topic (5 in this article and 7 in the next).

But let me share this as a most important introduction before my 12 points:

***The "baptism in the Holy Spirit" is a fundamental message of the New Covenant.*** And the reason is that it is the critical differentiator of

---

ലഭിച്ചു! ഇതിൽ 100 പൗണ്ടിനും അതിനു മുകളിലുള്ളതുമായ സംഭാവനകളുടെയെല്ലാം 25% റീസ് മറ്റു ക്രിസ്തീയ പ്രവർത്തനങ്ങൾക്കായി സംഭാവനയായി നൽകി!. തനിക്കു പണത്തിന് വലിയ ആവശ്യം ഉണ്ടായിരിക്കെത്തന്നെ റീസ് ഒരിക്കൽ 1000 പൗണ്ട് മറ്റൊരു പ്രവർത്തനത്തിനു നൽകി.

ഈ വർഷങ്ങളിലെല്ലാം കോളജിലും സ്കൂളിലും എത്തിയ അനേകം സന്ദർശകർ അനുഗ്രഹിക്കപ്പെട്ടു. കോളജുകളിലെ മീറ്റിംഗുകളിലൂടെയും ആ സ്ഥാപനത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെയും ഒട്ടേറെ സന്ദർശകർ കർത്താവിനെ അറിയാൻ ഇടയായി! അവർ ഓരോരുത്തരുടെയും കഥകൾ, 'ഇവനും അവനും അവിടെ ജനിച്ചു' എന്ന മട്ടിൽ വിവരിക്കാൻ തുടങ്ങിയാൽ അതിന് ഏറെ സമയവും സ്ഥലവും വേണമല്ലോ!

(തുടരും)





Jesus' ministry. John the Baptist clearly stated that while he baptized people in water for repentance, Jesus would baptize us in the Holy Spirit (John 1:33). John the Baptist was the greatest of the Old Covenant saints (Matthew 11:11). But Jesus was bringing a brand new way of life with Him – one where *every one of His followers* would be greater than even John the Baptist. So the distinctive difference of Jesus' ministry should be our distinctive as well – Jesus as the One baptizes us in the Holy Spirit, and we His followers are those who are characterized as those who are baptized in the Holy Spirit.

Among the three Persons in the Trinity (Father, Son, and Holy Spirit), the greatest mystery surrounds the Holy Spirit – the Person in the Godhead that has been given to reside within us and Who is our "point of contact" to the other Persons in the Godhead, the Father and Jesus Christ. And I believe that this mystery is exactly according to the plan of God.

Think back to the two trees in Garden of Eden – the tree of life and the tree of the knowledge of good and evil. There's a mystery when we try to understand and explain life, while there's little mystery when one knows exactly what is good and what is evil. Adam and Eve could have eaten of the tree of life – where they communed of this most mysterious Divine Life, and where they depended and relied on Him for life. But they decided that they would rather have a clear knowledge of what was good and what was evil. They were basically telling God, "Sure, we want to be moral, but we don't want it to come by constantly depending on You!"

Since then, there have been countless religions that teach people how to live moral and good lives. Even many Christians live moral and upright lives. But most folks of all religions do not live with a persistent need for God because all they have done is studied the rulebook really well (maybe even the Bible), and learned how to control their emotions well enough to stay moral and good. But such people, even if they claim to be followers of Jesus, are stuck in a rules-based religion – producing the kind of life that springs forth from those who eat the fruit of the tree of knowledge of good and evil. The fundamental characteristic of those who eat from the tree of life is that they recognize their enduring need for the Holy Spirit. They are like helpless branches that recognize their most fundamental need for the main vine – even after maybe 100 years of being constantly connected to the vine.

In John 15, Jesus described Himself as the Vine and we as the branches. Now I learned in high school that life flows from the roots to the branches through what is called *xylem*. So if Jesus is the Vine, and I a branch, then the Holy Spirit is that critical *xylem* that gives me the life of Jesus.

We must always remember that **the core message of Christianity is NOT that we become good people, but that WE REFLECT THE LIFE OF JESUS**. Being an accurate reflection of Jesus is the destination that has been set for every believer (Romans 8:29), and our life on this earth is a journey of transformation towards the full glory of Jesus (2 Corinthians 3:18). The key benefit of the New Covenant (the New Agreement between God and man) is not that we could become rich or that we could go to heaven, but that we could partake of the Divine Nature (2 Peter 1:4).

When our eyes are opened to this, we will easily see how impossible this is to achieve by our own efforts. When we set our goal to live moral and upright lives, we will slowly begin to believ that we can manage without a constant need for the Holy Spirit. **But when we keep the life of Jesus as the goal set before us, we will realize our constant need for us to be fully immersed in the Holy Spirit**. So when we find that we don't have a hunger and thirst for an utter bathing in the Holy Spirit, it invariably means that we have lost sight of the goal set for us – to be like Jesus. Because I simply cannot imagine somebody in their right mind actually believing that they can be a reflection of the total purity and righteousness of Jesus by their own will-power.

So let us repeatedly adjust the goal of our lives to what the Scriptures tell us, and we will naturally seek for total and repeated immersions (baptisms) in the Holy Spirit. We should desire to be utterly drenched and consumed by the Holy Spirit – so that all of the pollution within us is washed away and that we are filled by the pure water of the Holy Spirit.

With that as a most-critical preface, let me explain my view of the baptism in the Holy Spirit.

**1. The phrase "baptism in the Holy Spirit" should not be separated from the phase "filled with the Holy Spirit"**

Jesus says this in *Acts 1:5 – for John baptized with water, but you will be baptized with the Holy Spirit not many days from now*. But when describing the actual event, Luke through the inspiration of the Holy Spirit says this in *Acts 2:4 – And they were all filled with the Holy Spirit and began to speak with other tongues, as the Spirit was giving them utterance*.

So the very first baptism in the Holy Spirit was no different than a filling with the Holy Spirit.

**2. The baptism/filling of the Holy Spirit is NOT primarily an event or a physical experience**





Since the baptism in the Holy Spirit is no different than being filled with the Holy Spirit, this is NOT a one-time experience or reduced to a particular event at a given time, but a continuous lifestyle, because we see that the disciples were *filled* again and again with the Holy Spirit (Acts 4:8, Acts 4:31, Acts 13:52).

This is critical because I find that there is a HUGE misconception that persists about the baptism in the Holy Spirit as being an event or an experience. Maybe the word "baptism" makes people think of baptism in water, which is a one-time event. But if we think of baptism as immersion (which is what the word baptism means), then it might be easier to see baptism as similar to an utter filling. Now immersion can be experienced by being dipped in a river and by standing under a waterfall. The Holy Spirit is the river that flows from the throne of God (Revelation 22:1; John 7:37-39). So an immersion in the Holy Spirit can be compared to standing under the mightiest waterfall of all.

This is a wonderful picture to think of as we think about the baptism in the Holy Spirit. And why would I ever settle for just one "baptism"? Surely as I see the sins that are still in me, I will seek to immerse myself again and again under the purifying waterfall of the Holy Spirit.

**3. I don't need to know when I was first baptized or filled with the Holy Spirit. What matters is to know my present condition**

Seeking for a date/time/specific experience as proof of being baptized in the Holy Spirit is like searching for my birth records to prove that I am alive. I don't need a birth certificate nor need to even know my birth date to know and prove that I am alive! So also, I need to just see if the fruit of the Spirit (the Divine virtues that only the Holy Spirit can produce) are being borne out within me <u>right now</u>. And most of all, I look for the fruit of love – a passionate love for God and a Christ-inspired love for others. *Romans 5:5 – …the love of God has been poured out within our hearts through the Holy Spirit who was given to us*.

**4. The Holy Spirit is always accessible to Christians of every level of maturity (and freely – i.e. without cost), but only to those who meet the conditions laid out in Scripture**

We know that the blood of Jesus can cleanse every sinner of every sin. But there are conditions to receive this cleansing – a heart of repentance and faith. In the same way, there are conditions for those who desire to be baptized/filled/full of the Holy Spirit:

a. Honest and humble about their absolute need for the Holy Spirit because of the lack they see in themselves when compared to the life of Jesus Christ (Isaiah 66:1-2)

b. A readiness to walk with a clean conscience by confessing all

known sins (1 John 1:7)

c. A deep hunger for the life of Jesus to be evidenced to and through them (John 7:37-39)

d. A surrendered life where all selfish interests, ambitions, and plans are offered up to God as our living sacrifice on which the Holy Spirit's fire can fall (Romans 12:1-2; Leviticus 9)

e. Faith that our good heavenly Father is faithful to His Word and will give us the Holy Spirit when we ask for Him (Luke 11:11-13)

**5. If I fulfill the conditions to be baptized/filled/full of the Holy Spirit, I do not need to wait and wait for Him to be given to help me fight sin in my own life.**

I don't make my children wait when they ask me for food. So also, when I genuinely seek the Holy Spirit to help me conquer sin, my Heavenly Father DOES give me the Holy Spirit. This is the clear-as-crystal message that Jesus tells us about the Holy Spirit in *Luke 11:11-13*.

There is a lie that can persists in the back of many minds that they are ready and eager to receive the Holy Spirit, but that God is for some reason withholding the Holy Spirit from them. This is a lie that the devil would like for us to believe. The truth is that the Holy Spirit is NEVER withheld from anyone who asks for Him to help them overcome sin. NEVER! He is given freely to those who meet the conditions. The Spirit fills us just like sunlight floods every dark room when we pull away the blinds from the windows. Sunlight is always ready to enter. When we pull away the blinds and walk in the light, the Spirit rushes in.

This instant answer to our prayers does not contradict the parable in the previous verses of Luke 11 (of the person who woke up his neighbor for food). I am persistent in asking, but not because God has not given me the Holy Spirit. I keep asking because I never stop needing Him – both for my own life (a needy branch), and to satisfy the hunger of others.

I will share more in my next installment, but I hope that what I have written above will give you something to think and pray about.

Your fellow pilgrim who seeks to constantly stand under the gushing waterfall of the Holy Spirit,

(please mail your genuine doubts to: **sandeep@poonen.org**)

❖